# KANNUR UNIVERSITY

# MINUTES OF THE ANNUAL MEETING OF THE SENATE

**DATE: 21st JULY 2020 (TUESDAY)**
**TIME: 10.00 AM**
**VENUE: ONLINE MEETING**

**MEMBERS PRESENT**:

1. Prof. Gopinath Ravindran (Vice-Chancellor)
2. Dr.P.T.Raveendran (Pro-Vice-Chancellor)
3. Dr. V.P.P. Mustafa
4. Dr.T.P. Ashraf
5. Dr. K. Ajayakumar
6. Dr. Wilson V.A.
7. Dr. P. Omana
8. Sri. A. Nisanth
9. Sri. M.C. Raju
10. Dr.K.Sreejith
11. Prof.P.Mahesh Kumar
12. Prof.V.Lissy Mathew
13. Sri. Madhavan Maniyara
14. Dr. M. Sini
15. Dr. Joby K Jose
16. Dr.Jayakumar P.P
17. Dr.Johny Jose
18. Dr.Dominic Thomas
19. Sri. K.V. Unnikrishnan
20. Dr. Manjula K.V.
21. Sri. Vijayan K
22. Sri. Jayakrishnan T.V.
23. Sri. Ismail Olayikkara
24. Sri. Shanavas S.M.
25. Dr. Swarupa R
26. Smt. Latha E.S.
27. Dr. R.K. Biju
28. Dr. Premachandran Keezhoth
29. Smt. Sona P.

30. Sri. Vijayakumar V
31. Dr. Suresh Kumar K.S.
32. Dr. Shanoj M.P.
33. Sri. Saju .P.J
34. Sri. Satheesan P.K.
35. Sri. M.P.A. Rahim
36. Sri K.K Narayanan
37. Adv. P. Appukuttan
38. Smt. Sisira, Chairman, University Union
39. Sri. Albin Mathew
40. Smt. Asmina Ashraf
41. Sri. Hadeeb Farhan P.V.
42. Sri. Rahul A.P.
43. Sri. Rakesh M.B.
44. Sri. Ramsha C.P.
45. Sri. Suhail Muhammed Khalid

Also present: Sri.E.V.P Mohammed,Registrar (i/c).

2.01 Prof. Gopinath Ravindran, Vice-Chancellor took the chair and called the meeting to order at 10 am.
The meeting thereafter considered the items on the agenda.

I. **Questions asked by the Members of the Senate and answers thereto by the Syndicate**

Q.No. 1

Dr.R.K. BIJU

വിദൂര വിദ്യാഭ്യാസത്തിൽ അടുത്ത അക്കാദമിക വർഷം കോഴ്സുകൾ തുടങ്ങുന്നത് സർവ്വകലാശാലയോട് അഫിഡവിറ്റ് നൽകണം എന്ന് യുജിസി ആവശ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ വിഷയങ്ങൾ ആണ് അഫിഡവിറ്റിൽ ആവശ്യപ്പെട്ടിരിക്കുന്നത്? സർവ്വകലാശാല അഫിഡവിറ്റ് ഒപ്പിട്ട് നൽകിയോ? അല്ലെങ്കിൽ ഒപ്പിട്ട് നൽകുവാനുള്ള തീരുമാനം ആണോ കൈക്കൊള്ളുന്നത്? ഇല്ലെങ്കിൽ നൽകാതിരിക്കുവാനുള്ള കാരണം എന്താണ്?

**ഉത്തരം** - Sri. M.C. Raju: അഫിഡവിറ്റ് നൽകേണ്ട എന്നാണ് സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നത്. 10.03.2020 ൽ ചേർന്ന സിൻഡിക്കേറ്റ് ഇനം നമ്പർ 2020.157 പ്രകാരം പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

2.02 Dr.R.K. BIJU, Dr. Premachandran Keezhoth എന്നിവരുടെ ഉപചോദ്യങ്ങൾക്കു ത്തരമായി പ്രൈവറ്റ് രജിസ്ട്രേഷനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു ണ്ടെന്ന് സിന്റിക്കേറ്റ് മെമ്പർ ശ്രീ. എം. സി. രാജു മറുപടി പറഞ്ഞു.

Q.No. 2

Dr. SURESH KUMAR K.S

ബിരുദാനന്തര ബിരുദ തലത്തിൽ യൂണിവേഴ്സിറ്റി പഠന വകുപ്പുകൾ, അഫിലിയേ റ്റഡ് കോളേജുകൾ, അൺ എയ്ഡഡ് കോളേജുകൾ എന്നിവിടങ്ങളിലേക്ക് പൊതുവായ എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിൽ അഡ്മിഷൻ നട ത്താൻ സാധിക്കില്ലേ?

**ഉത്തരം** - Dr. T.P. Ashraf: നിലവിലുള്ള റെഗുലേഷൻ പ്രകാരം ബിരുദാനന്തര ബിരുദ തലത്തിൽ സർവ്വകലാശാല പഠന വകുപ്പുകൾ, അഫിലിയേറ്റഡ് കോളേജു കൾ, അൺ എയ്ഡഡ് കോളേജുകൾ എന്നിവിടങ്ങളിലേക്ക് പൊതുവായ എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്താൻ സാധിക്കില്ല. നിലവിൽ കോളേജുകളിൽ അഡ്മിഷൻ നടത്തുന്നത് വിദ്യാർത്ഥികളുടെ യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലും സർവ്വകലാശാല പഠന വകുപ്പുകളിൽ അഡ്മിഷൻ നടത്തുന്നത് വിവിധ പഠന വകുപ്പുകൾ നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലാണ്. ഡിപ്പാർട്ട്മെന്റുകളിലെ MBA പ്രവേശനം KMAT/CMAT/CAT പ്രവേശന പരീക്ഷകളുടെയും മറ്റ് മാനദണ്ഡങ്ങളു ടെയും അടിസ്ഥാനത്തിലാണ്.

Q.No. 3

Sri. VIJAYAN. K

കണ്ണൂർ യൂണിവേഴ്സിറ്റി ഒഴിച്ച് മറ്റ് യൂണിവേഴ്സിറ്റികളിൽ PhD ബിരുദം നേടുന്ന വർക്ക് Convocation നടത്തിയാണ് PhD അവാർഡുകൾ നൽകുന്നത്. ഭാവിയിലെ ങ്കിലും Convocation നടത്തി PhD അവാർഡ് ചെയ്യുവാൻ യൂണിവേഴ്സിറ്റി ആലോചിക്കുന്നുണ്ടോ?

**ഉത്തരം** - Dr. K. Sreejith: പി എച്ച് ഡി ബിരുദം നേടുന്നവർക്ക് Convocation നടത്തി പി എച്ച് ഡി അവാർഡ് ചെയ്യുന്ന വിഷയം സർവ്വകലാശാല നിലവിൽ പരിഗണിച്ചിട്ടില്ല.

2.03 ശ്രീ വിജയൻ കെ യുടെ ഉപചോദ്യത്തിനുത്തരമായി Convocation നടത്തി പി എച്ച് ഡി അവാർഡ്ചെയ്യുന്ന കാര്യം ആലോചിക്കുന്നതാണെന്ന് സിന്റിക്കേറ്റ് മെമ്പർ ഡോ. കെ. ശ്രീജിത്ത് അറിയിച്ചു.

Q.No. 4

Sri. VIJAYAKUMAR V

ബിരുദാനന്തര ബിരുദ പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പ് വിഷയാടിസ്ഥാന മാക്കിയും കുട്ടികളുടെ എണ്ണത്തിന്റെ ആനുപാതികമായും വർദ്ധിപ്പിക്കുന്നുണ്ടോ? (ക്യാമ്പുകളുടെ എണ്ണം) മൂല്യ നിർണ്ണയ ക്യാമ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നില്ലെങ്കിൽ മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് യാത്ര ബത്ത നൽകി വരുന്നുണ്ടോ? (നിശ്ചിത കിലോമീറ്ററിനു മുകളിൽ യാത്ര ചെയ്യുന്നവർക്ക്)

**ഉത്തരം** - Dr. K. Ajayakumar: ഇല്ല. ബിരുദാനന്തര ബിരുദ പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പിൽ പങ്കെടുക്കുന്ന സർവ്വകലാശാല പരിധിയിലെ അധ്യാപകർക്ക് ടി.എ/ഡി.എ ഒഴിവാക്കിക്കൊണ്ടാണ് മൂല്യനിർണയ വേതനം നൽകുന്നത്. മൂല്യനിർണയം ചെയ്ത ഉത്തരക്കടലാസുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വേതനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. (ഉത്തരവ് നമ്പർ EACII/3/6692/2017 Vol (ii) തീയ്യതി 10.01.2019 & 12.02.2019). ഇതര സർവ്വകലാശാലകളിൽ നിന്നും വരുന്ന അധ്യാപകർക്ക് നിലവിലുള്ള നിരക്കിൽ ടി.എ/ഡി.എ അനുവദിച്ചുവരുന്നുണ്ട്

2.04 ശ്രീ. വിജയകുമാർ. വി, ഡോ. ആർ. കെ. ബിജു എന്നിവരുടെ ഉപചോദ്യങ്ങൾക്കുത്തരമായി കാസർഗോഡ്, വയനാട് ജില്ലകളിൽ ബിരുദാനന്തര ബിരുദ പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പുകൾ നടത്തുന്ന കാര്യം വരും വർഷങ്ങളിൽ ആലോചിക്കുന്നതാണെന്ന് സിന്റിക്കേറ്റ് മെമ്പർ ഡോ. കെ. അജയകുമാർ പറഞ്ഞു.

Q.No. 5

Sri. SUHAIL MUHAMMED KHALID

വിവിധ കോഴ്സുകൾക്ക് പ്രോജക്ട് പേപ്പറിന്റെ ഭാഗമായി വൈവ നടത്തുന്നുണ്ടോ? ഉണ്ടെങ്കിൽ ഇതിന് വേണ്ടി വിദ്യാർത്ഥികൾ പ്രോജക്ടിനും വൈവക്കും പ്രത്യേകം ഫീസ് നൽകേണ്ടതുണ്ടോ?

**ഉത്തരം** - Dr. K. Ajayakumar: നിലവിൽ സർവ്വകലാശാല അംഗീകരിച്ച ഉത്തരവ് പ്രകാരം പ്രോജക്ടിന് 535/- രൂപ (യു.ജി), വൈവയ്ക്ക് 130/- രൂപ (യു.ജി) യുമാണ് നിശ്ചയിച്ചിരിക്കുന്നത്.എക്സ്റ്റേണൽ എക്സാമിനർമാരെ നിയമിച്ചതുകൊണ്ട് പ്രോജക്ട് റിപ്പോർട്ടിന്റെ ഭാഗമായുള്ള പ്രത്യേക വൈവ വോസി നടത്തുന്നുണ്ടെങ്കിൽ, വൈവ വോസിക്ക് സർവ്വകലാശാല നിശ്ചയിച്ച ഫീസ് ഈടാക്കാറുണ്ട്.

Q.No.6

Dr. SURESH KUMAR K.S

കിഫ്ബിയിൽ നിന്നും സർവ്വകലാശാലാ വികസനത്തിന് ഫണ്ട് ലഭിച്ചിട്ടുണ്ടോ? ഏതൊക്കെ വികസന പ്രവർത്തനങ്ങളാണ് ഇതുപയോഗിച്ച് നടത്താൻ ഉദ്ദേശിക്കുന്നത്?

**ഉത്തരം** - Dr. V.P.P. Mustafa: കണ്ണൂർ സർവ്വകലാശാലക്ക് കിഫ്ബി വഴി 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങളുടെ വിശദമായ രൂപരേഖ തയ്യാറാക്കാൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്

2.05 97 കോടി രൂപയുടെ Civil work ന്റെ proposal സർക്കാരിൽ നിന്നും അനുമതി ലഭിക്കാവുന്ന തരത്തിലാണെന്നും അദ്ദേഹം പറഞ്ഞു.

2.06 ഡോ. ആർ.കെ. ബിജുവിന്റെ ഉപചോദ്യത്തിനുത്തരമായി KIIFB യുടെ project ന്റെ DPR തയ്യാറാക്കുന്നതിനായി സർക്കാർ തന്നെ നിശ്ചയിച്ച കൺസൽട്ടൻസി ഏജൻസിയെയാണ് ഏൽപിച്ചിരിക്കുന്നതെന്ന് സിന്റിക്കേറ്റ് മെമ്പർ ഡോ. വി.പി.പി മുസ്തഫ പറഞ്ഞു.

Q.No. 7

Sri. MOHAMMED SALIH K.M

പുനർ മൂല്യനിർണ്ണയ ഫലങ്ങൾ പ്രസിദ്ധികരിക്കുവാൻ നിശ്ചിത സമയത്തിലും വൈകുന്നത് എന്ത് കൊണ്ടാണ്? ജീവനക്കാരുടെ അപര്യാപ്തതയുണ്ടോ? ഉണ്ടെങ്കിൽ സർവ്വകലാശാല പരിഹാര മാർഗങ്ങൾ സ്വീകരിക്കുന്നുണ്ടോ?

**ഉത്തരം** - Prof. P. Mahesh Kumar: പുനർമൂല്യനിർണയ ഫലങ്ങൾ പുനർമൂല്യനിർണയവുമായി ബന്ധപ്പെട്ട റഗുലേഷൻ പ്രകാരം അപേക്ഷ ലഭിച്ചു 105 ദിവസത്തിനുള്ളിലാണ് പ്രസിദ്ധീകരിക്കേണ്ടത്. ഈ സമയത്തിനുള്ളിൽ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിക്കുന്നതിലേക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ഇത് സാധ്യമാവാൻ പുനർമൂല്യനിർണയ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. പുനർമൂല്യനിർണയ ക്യാമ്പുകൾ നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ അധ്യാപകർക്ക് ഉത്തരക്കടലാസ് ഹോം വാല്വേഷന് നൽകും. ഈ സാഹചര്യത്തിൽ പുനർമൂല്യനിർണയഫലം അധ്യാപകരിൽ നിന്ന് ലഭിക്കാൻ താമസമുണ്ടാവുന്നതും, ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതും പുനർമൂല്യനിർണയഫലം പ്രഖ്യാപിക്കാൻ വൈകാറുണ്ട്.

Q.No. 8

Dr. JOHNY JOSE

പാരലൽ കോളേജിൽ പഠിക്കുന്ന SC/ST/OEC വിദ്യാർത്ഥികൾക്ക് പോലും സ്കോളർഷിപ്പ് ലഭിക്കുമെന്നിരിക്കെ സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇതിനായി വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** - Dr. P.Omana: സ്വാശ്രയ കോളേജ് വിദ്യാർത്ഥികളിൽ നിന്ന് സ്കോളർഷിപ്പ് സംബന്ധിച്ച അപേക്ഷകൾ സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല.

2.07 ശ്രീ. കെ.വി. ഉണ്ണികൃഷ്ണന്റെ ഉപചോദ്യത്തിനുത്തരമായി സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്കുകൂടി സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ലഭിച്ചാൽ സർക്കാരിന്റെ അനുമതിക്ക് വിധേയമായി സ്കോളർഷിപ്പ് നൽകാവുന്നതാണെന്നും സിന്റിക്കേറ്റ് മെമ്പർ ഡോ. പി. ഓമന അഭിപ്രായപ്പെട്ടു.

Q.No. 9

Smt. SISIRA T.K

കണ്ണൂർ സർവ്വകലാശാല താവക്കര ആസ്ഥാനത്ത് പുതുതായി പണികഴിപ്പിക്കുന്ന സ്റ്റുഡന്റ് അമിനിറ്റി സെന്റർ എപ്പോഴാണ് പ്രവർത്തനമാരംഭിക്കുന്നത്? വിദ്യാർത്ഥികൾക്കായി ഏതെങ്കിലും രീതിയിലുള്ള സൗകര്യങ്ങളാണ് ഇവിടെ ഈ കെട്ടിടത്തിൽ ഉള്ളത്? ആർക്കൊക്കെയാണ് ഓഫീസുകൾ ഈ കെട്ടിടത്തിൽ അനുവദിക്കുന്നത്?

**ഉത്തരം** - Dr. V.P.P. Mustafa: കണ്ണൂർ സർവ്വകലാശാല താവക്കര ആസ്ഥാനത്തു പണികഴിപ്പിക്കുന്ന സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിന്റെ പണി അവസാന ഘട്ടത്തിലാണെന്നും ഡിസംബർ മാസത്തിൽ പണി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കുവാൻ സാധിക്കുമെന്നും സിന്റിക്കേറ്റ് മെമ്പർ ഡോ. വി.പി.പി. മുസ്തഫ പറഞ്ഞു. ഓഫീസുകൾ അനുവദിക്കുന്ന കാര്യത്തിൽ സർവ്വകലാശാല അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

2.08 10 കൗണ്ടറുകൾ വിദ്യാർത്ഥികൾക്കായി സജ്ജീകരിച്ചിട്ടുണ്ടെന്നും അക്ഷയ സെന്റർ, കഫേറ്റേരിയ മുതലായ സൗകര്യങ്ങളുണ്ടാവുമെന്നും അദ്ദേഹം പറഞ്ഞു.

Q.No. 10

Smt. APARNA S N

താവക്കര ക്യാമ്പസിൽ ദിവസേന നൂറുകണക്കിന് വിദ്യാർത്ഥികൾ വിവിധ ആവശ്യങ്ങളുമായി സമീപിക്കുന്നുണ്ട്. അപ്പോൾ ഇവിടെ ഉള്ള കാന്റീൻ സൗകര്യങ്ങളെല്ലാം തന്നെ ഉപയോഗിച്ചുവരുന്നുണ്ട്. എന്നാൽ വിദ്യാർത്ഥികളായവർക്ക് താവക്കര ക്യാമ്പസിലുള്ള കാന്റീനിൽ മിതമായ നിരക്കിൽ ഭക്ഷണം നൽകുവാനുള്ള ഏതെങ്കിലും രീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** - Dr. P.Omana: 27/02/2018 ലൈബ്രറി സയൻസ് വിദ്യാർത്ഥികളുടെ സമർപ്പണം പ്രകാരം ലൈബ്രറി സയൻസിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ ത്തിന്റെ വില കുറയ്ക്കുവാൻ ആവശ്യപ്പെടുകയും 13/04/2018 ലെ സിൻഡിക്കേറ്റ് തീരുമാന നമ്പർ 2018.284 പ്രകാരം കാന്റീൻ ഉപദേശക സമിതി കൂടുകയും 21/04/2018 ലെ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററിൽ നിന്നും ലഭിച്ച കത്ത് പ്രകാരം വിദ്യാർത്ഥികൾക്ക് 28/- രൂപയ്ക്ക് പകരമായി 25/- രൂപ നിരക്കിൽ ഉച്ചഭ ക്ഷണം ലഭ്യമാക്കാൻ തയ്യാറാണെന്ന് കുടുംബശ്രീ അറിയിക്കുകയും ചെയ്തിരുന്നു.

2.09 ശ്രീ. രാകേഷ്. എം.ബി, ഡോ. ആർ.കെ. ബിജു എന്നിവരുടെ ഉപചോദ്യങ്ങൾക്കു ത്തരമായി ഗവേഷക വിദ്യാർത്ഥികൾ ഉൾപ്പെടെ മറ്റു വിദ്യാർത്ഥികൾക്കും കൂടി കുറഞ്ഞ വിലക്ക് ഭക്ഷണം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് സിന്റി ക്കേറ്റ് മെമ്പർ ഡോ. പി. ഓമന അഭിപ്രായപ്പെട്ടു.

Q.No. 11

Smt. LATHA. E. S

For the last three sessions of examinations, (October/November2018, April/May 2019, October/November 2019) no Additional Chief Superintendents were appointed. Now however for the current session of VI, IV and II Semester examinations applications have been invited for the post of chief superintendents. On what basis has been the post of chief superintendents reinstated?

**ഉത്തരം** - Dr. K. Ajayakumar: സർവ്വകലാശാല ഓർഡിനൻസ് 1999 അധ്യായം V. Conduct of Examination, Clause 7 പ്രകാരം പരീക്ഷ നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ പരീക്ഷാ കൺട്രോളർക്ക് അധികാരമുണ്ട്.സിൻഡി ക്കേറ്റ് പരീക്ഷാ സ്ഥിരം സമിതി, പരീക്ഷാ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ ശുപാർശ പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച പുതുക്കിയ പരീക്ഷാ നട ത്തിപ്പ് നിർദ്ദേശ പ്രകാരം ആവശ്യമെങ്കിൽ അഡീഷണൽ ചീഫ് സൂപ്രണ്ടിനെ പരീക്ഷാ കൺട്രോളർക്ക് നിയമിക്കാവുന്നതാണ്. മാത്രമല്ല, 05.12.2019 ലെ 2019.774 നമ്പർ സിൻഡിക്കേറ്റ് തീരുമാന പ്രകാരം സർവ്വകലാശാല സിൻഡിക്കേറ്റ് അഡീ ഷണൽ സൂപ്രണ്ടിനെ നിയമിക്കാനുള്ള പരീക്ഷാ സ്ഥിരം സമിതി ശിപാർശ അംഗീകരിച്ചിട്ടുണ്ട്.

2.10 ശ്രീ. വിജയകുമാറിന്റെ ഉപചോദ്യത്തിനുത്തരമായി പരീക്ഷാ സമയത്ത് 10 സ്ക്വാഡുകൾ കോളേജുകൾ visit ചെയ്തിട്ടുണ്ടെന്നും എന്തെങ്കിലും അപാകത കൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാ ണെന്നും, ഡോ. ആർ.കെ. ബിജുവിന്റെ ഉപചോദ്യത്തിനുത്തരമായി ഗവർണറുടെ കൂടി നിർദ്ദേശ പ്രകാരമാണ് കൂടുതൽ അഡീഷണൽ ചീഫ് സൂപ്രണ്ടുമാരെ നിയ

മിക്കുന്ന കാര്യത്തിൽ തീരുമാനം എടുത്തതെന്നും സിന്റിക്കേറ്റ് മെമ്പർ ഡോ. കെ. അജയകുമാർ പറഞ്ഞു.

Q.No. 12

Sri. RAKESH M.B

ഗവേഷകരും ഗൈഡുമാരും തമ്മിലുള്ള അഭിപ്രായ വ്യാത്യാസങ്ങൾ നിരവധിയാണ്. ചില പ്രശ്നങ്ങൾ മാത്രമാണ് ഗത്യന്തരമില്ലാതെ യൂണിവേഴ്സിറ്റിയുടെ മുന്നിലേക്ക് വന്നിട്ടുള്ളത്. ഗവേഷകർക്ക് അവരുടെ ഗൈഡുമായി ബന്ധപ്പെട്ട പരാതികൾ പറയാൻ വേദിയില്ല. ജേർണലുകളിൽ ഫസ്റ്റ് ഓതർ താൻ തന്നെയാവണമെന്ന് ചില ഗൈഡുമാർ നിർദ്ദേശിക്കുന്നത് സർവ്വകലാശാലയിൽ നേരത്തെ തന്നെ പരാതിയായി ബോധിപ്പിച്ചിട്ടുള്ളതാണ്. ഈ പ്രവണത ഇപ്പോഴും തുടർന്നുപോരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി എന്തു നടപടികളാണ് സർവ്വകലാശാല എടുത്തിട്ടുള്ളത്? ഗവേഷണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഗ്രിവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കപ്പെടുമെന്ന് പുതിയ റഗുലേഷനിൽ പറഞ്ഞിട്ടുള്ളതാണ്. അത്തരമൊരു കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?. ആരൊക്കെ കൂടിചേർന്നതാണ് കമ്മിറ്റി ?

**ഉത്തരം** - Dr. Wilson V.A: കണ്ണൂർ സർവ്വകലാശാലയുടെ പി എച്ച് ഡി റഗുലേഷൻ 2018, Clause 16 പ്രതിപാദിച്ചിരിക്കുന്ന "ഗ്രിവൻസ് റീഡ്രസൽ കമ്മിറ്റി" യുടെ രൂപീകരണത്തിനായി നടപടി സ്വീകരിച്ച് വരുന്നു. കമ്മിറ്റിയിലെ അംഗങ്ങളെ തീരുമാനമായിട്ടില്ല

2.11 ശ്രീ. രാകേഷ് എം.ബിയുടെ ഉപചോദ്യത്തിനുത്തരമായി ഗൈഡുമാർ first author ആയിരിക്കണമെന്നുള്ള വിഷയം പുന:പരിശോധിക്കുന്നകാര്യം കമ്മിറ്റി രൂപീകരിച്ച് പരിഗണിക്കുന്നതാണെന്ന് സിന്റിക്കേറ്റ് മെമ്പർ ഡോ. വിൽസൺ വി.എ. പറഞ്ഞു.

Q.No. 13

Sri. SAJU P.J

05/11/2019, 21/11/2019 എന്നീ തീയ്യതികളിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലും വിദ്യാഭ്യാസ ധനകാര്യ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിലും ബഹു: വിസി, സിന്റിക്കേറ്റംഗങ്ങൾ , ഫിനാൻസ് ഓഫീസർ, രജിസ്ട്രാർ എന്നിവരുമായി നടത്തിയ ചർച്ചയെ തുടർന്ന് തസ്തിക നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തുടർ നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടോ? ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ?

**ഉത്തരം** - Sri. A. Nisanth: അധിക തസ്തികകൾ അനുവദിക്കുന്നതുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥന 17/01/2020 ലെ സർവ്വകലാശാല കത്ത് മുഖേന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്

2.12 ഡോ. ആർ.കെ. ബിജുവിന്റെ ഉപചോദ്യത്തിനുത്തരമായി തസ്തിക നിർമ്മാണത്തിനായി സിന്റിക്കേറ്റ് മെമ്പർമാരുടെ നേതൃത്വത്തിൽ സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തുന്നുണ്ടെന്നും സിന്റിക്കേറ്റ് മെമ്പർ ശ്രീ. എ. നിശാന്ത് പറഞ്ഞു.

Q.No. 14

Dr. SHANOJ M.P

സർവ്വകലാശാല അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ് എപ്പോഴാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്?

**ഉത്തരം** - Sri. A. Nisanth: Lock down കാരണമാണ് അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ് നീണ്ടുപോയതെന്നും വൈകാതെ നടപടികൾ പൂർത്തീകരിച്ച് തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കുമെന്നും സിന്റിക്കേറ്റ് മെമ്പർ ശ്രീ. എ. നിശാന്ത് പറഞ്ഞു.

Q.No. 15

Sri. MOHAMMED SALIH K.M

കണ്ണൂർ സർവ്വകലാശാലയുടെ വിവിധ കോഴ്സ്കളിലുള്ള അറബിക്ക് വിഷയത്തിന്റെ പരീക്ഷാ ചോദ്യപേപ്പറിൽ നിരന്തരമായി അക്ഷരതെറ്റുകൾ സംഭവിക്കാറുണ്ട്. ഇത് സർവ്വകലാശാലയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? നിരന്തരമായി അറബിക്ക് ചോദ്യ പേപ്പറിൽ ഈ തെറ്റുകൾ സംഭവിക്കുന്നത് എന്ത്കൊണ്ട്?

**ഉത്തരം** - Dr. V.P.P. Mustafa: ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചോദ്യപേപ്പർ പ്രിന്റ് ചെയ്യുന്ന വേളയിൽ സംഭവിക്കുന്ന അച്ചടിപ്പിശകാണ് ഇത്. പിശക് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ടൈപ്പ് ചെയ്ത ചോദ്യപേപ്പർ തന്നെ സമർപ്പിക്കണമെന്ന് ചോദ്യകർത്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

Q.No. 16

Sri. SAJU P.J

2020–2021 കണ്ണൂർ സർവ്വകലാശാലയുടെ സിൽവർ ജൂബിലി വർഷമാണ്. ഇതുമായി ബന്ധപ്പെട്ട് അക്കാദമിക - അക്കാദമികേതര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി പ്രത്യേക പദ്ധതിയെന്തെങ്കിലും നടപ്പിലാക്കാൻ

സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അത്തരം പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ?

**ഉത്തരം** - Sri. A. Nisanth: 10.03.2020 ലെ സിൻഡിക്കേറ്റ് ഇതുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ പരിഗണിക്കുകയും ഇനം നമ്പർ 2020.142 പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സിൻഡിക്കേറ്റ് മെമ്പർ ഡോ. വി.പി.പി. മുസ്തഫ കൺവ്വീനറായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

2.13 തുടർപ്രവർത്തനങ്ങൾക്ക് വേണ്ടി 25 കോടി നീക്കിവെച്ചിട്ടുണ്ട്.

Q.No. 17

Sri. M.P.A RAHIM

കോളേജുകൾ തുടങ്ങുന്ന സമയത്ത് യൂനിവേഴ്സിറ്റി സെക്യൂരിറ്റിയായി വാങ്ങുന്ന ഫിനാൻഷ്യൽ ഗ്യാരന്റി 3 ലക്ഷം രൂപ യൂനിവേഴ്സിറ്റിക്കോ കോളേജ് അധികൃതർക്കോ യാതൊരു ഉപകാരവുമില്ല. ഇത് ഉപകാരപ്രദമാകുന്ന രീതിയിൽ മാറ്റുന്നതിനെ കുറിച്ച് യൂനിവേഴ്സിറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ.?

**ഉത്തരം** - Sri. A. Nisanth: അഫിലിയേറ്റഡ് കോളേജുകൾ സമർപ്പിക്കുന്ന ഫിനാൻഷ്യൽ ഗ്യാരണ്ടി ഫിനാൻസ് ഓഫീസറുടെ പേരിൽ കൈമാറ്റം ചെയ്യുന്നതിലേക്ക്, ബന്ധപ്പെട്ട, സ്റ്റാറ്റ്യൂട്ടുകൾ കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് V-ാംഅദ്ധ്യായം സ്റ്റാറ്റ്യൂട്ട് 24 ഭേദഗതി ചെയ്യാനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

Q.No. 18

Sri. RAMSHA C.P

പാരലൽ വിദ്യാർത്ഥികളുടെ പരീക്ഷാ ഫീസ് കുത്തനെ വർധിപ്പിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത് പുന:പരിശോധന നടത്താൻ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** - Prof. P. Mahesh Kumar: കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റഡ് കോളേജുകൾ വഴിയും, വിദൂര വിദ്യാഭ്യാസം വഴിയും മാത്രമെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. പ്രൈവറ്റ് രജിസ്ട്രേഷൻ നിലവിലില്ല.

Q.No. 19

Dr. SWARUPA. R

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ സിണ്ടിക്കേറ്റ് പുതുതായി അനുവദിച്ചിട്ടുള്ള കോഴ്സുകൾ അടുത്ത അധ്യയന വർഷം തന്നെ ആരംഭിക്കുമോ? ഈ കോഴ്സുകൾക്ക് ഗവൺമെന്റ് അംഗീകാരം ഉടൻ തന്നെ ലഭിക്കുമോ?

**ഉത്തരം** - Dr. K. Ajayakumar: കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2020-21 അധ്യയന വർഷത്തേക്ക് സിൻഡിക്കേറ്റ് ശിപാർശ ചെയ്ത കോഴ്സുകൾ സർക്കാരിന്റെ അനുമതിക്കായി 12.11.2019 ന് അയച്ചിട്ടുണ്ട്. 'ടി' കോഴ്സുകൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടില്ല. സർക്കാർ അനുമതി ലഭ്യമായാൽ സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതാണ്.

Q.No. 20

## Dr. SURESH KUMAR K.S

പുതിയ സിന്റിക്കേറ്റ് അധികാരമേറ്റശേഷം അഡ്മിഷൻ, അക്കാദമിക്, പരീക്ഷ, ഗവേഷണ രംഗങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിൽ വരുത്താൻ സാധിച്ചിട്ടുള്ളത്?

**ഉത്തരം** - Dr. T.P. Ashraf: 2018 ൽ PG Department / Colleges പ്രവേശനത്തിന് ഓൺലൈൻ സംവിധാനം നിലവിൽവന്നു. (2015 ൽ UG പ്രവേശനത്തിന് ഓൺലൈൻ സംവിധാനം നിലവിൽ വന്നിരുന്നു.) 2020 മുതൽ ബി.എഡ് പ്രവേശനവും ഓൺലൈൻ രീതിയിലാക്കാൻ തീരുമാനിച്ചിരുന്നു.
നിലവിലെ സിൻഡിക്കേറ്റ് അധികാരത്തിൽ എത്തിയശേഷം അക്കാദമിക/പരീക്ഷാ കലണ്ടർ തയ്യാറാക്കി അതിൻ പ്രകാരം (2018-19 അധ്യായന വർഷം മുതൽ) പരീക്ഷകൾ നടത്തുകയും, പരീക്ഷാ ഫലങ്ങൾ യഥാസമയം പ്രഖ്യാപിക്കുകയും ചെയ്തുവരുന്നുണ്ട്. പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നീ കാര്യങ്ങളിൽ മേൽനോട്ടം വഹിക്കാനായി സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെ പരീക്ഷാ മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉപരിപഠനത്തിനും, ജോലി ആവശ്യാർഥവും സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭ്യമാക്കുന്നതിലേക്ക് ഫാസ്റ്റ് ട്രാക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.
പുതിയ സിൻഡിക്കേറ്റ് അധികാരമേറ്റ ശേഷം 2018 ൽ ഗവേഷണത്തിന് പ്രാധാന്യം നൽകികൊണ്ട് റിസർച്ച് ഡയറക്ടറേറ്റ് രൂപീകരിച്ചു. പുതിയ സിന്റിക്കേറ്റ് അധികാരമേറ്റശേഷമാണ് പി എച്ച് ഡി ഗവേഷണ പ്രബന്ധങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സർവ്വകലാശാല ഒരു Anti plagiarism policy നടപ്പിലാക്കിയത് ഇതിൻ പ്രകാരം ഗവേഷണ പ്രബന്ധങ്ങൾ TURNITIN Software ഉപയോഗിച്ച് പരിശോധനക്കു വിധേയമാക്കിയതിനുശേഷം മാത്രമേ സമർപ്പിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് പ്രബന്ധത്തിൽ ഉൾപ്പെടുത്തുന്നതും നിർബന്ധമാക്കിയിട്ടുണ്ട്.

2.14 ശ്രീ. സുഹൈൽ മുഹമ്മദ് ഖാലിദ്, ശ്രീ. വിജയകുമാർ വി എന്നിവരുടെ ഉപചോദ്യങ്ങൾക്കുത്തരമായി സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും സിന്റിക്കേറ്റ് മെമ്പർ ഡോ. ടി.പി. അഷ്റഫ് പറഞ്ഞു.

Q.No. 21

Smt. SISIRA T.K

സർവ്വകലാശാല യൂണിയൻ ഫണ്ടിലേക്ക് കോളേജുകൾ നൽകുന്ന ഫണ്ട് കിട്ടാൻ ബാക്കിയുണ്ടോ? കുടിശ്ശിക എത്ര? ഉണ്ടെങ്കിൽ ഏതൊക്കെ കോളേജുകളാണ് തരാൻ ബാക്കിയുള്ളത്?

**ഉത്തരം** - Dr. P. Omana: യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് ഡി.സി.ബി.യോടൊപ്പം തയ്യാറാക്കി നൽകിയ കോളേജുകളുടെ വിവരങ്ങൾ പരിശോധിച്ച് കൊണ്ടിരിക്കുകയാണ്. കോളേജ് പ്രിൻസിപ്പൽമാർക്ക് ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

Q.No. 22

Smt. APARNA S N

പരീക്ഷകൾ കൃത്യമായി നടക്കാത്തതും റിസൽട്ട് കൃത്യമായി പ്രസിദ്ധീകരിക്കാത്തതും സർട്ടിഫിക്കറ്റ് കൃത്യമായി വിതരണം ചെയ്യാത്തതുമായ സാഹചര്യം മുൻകാലങ്ങളിലുണ്ടായിട്ടുണ്ട്. ഇത് വിദ്യാർത്ഥികളുടെ ഭാവി പഠനങ്ങളേയും മറ്റും കൃത്യമായി ബാധിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാൻ നിലവിലെ സിന്റിക്കേറ്റ് അധികാരത്തിലേറിയ ശേഷം എന്ത് നടപടിയാണ് സ്വീകരിച്ചത്?

**ഉത്തരം** - Dr. K. Ajayakumar: നിലവിലെ സിൻഡിക്കേറ്റ് അധികാരത്തിൽ എത്തിയശേഷം അക്കാദമിക/ പരീക്ഷാ കലണ്ടർ തയ്യാറാക്കി അതിൻ പ്രകാരം (2018-19 അധ്യായന വർഷം മുതൽ) പരീക്ഷകൾ നടത്തുകയും, പരീക്ഷാ ഫലങ്ങൾ യഥാസമയം പ്രഖ്യാപിക്കുകയും ചെയ്തുവരുന്നുണ്ട്. പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നീ കാര്യങ്ങളിൽ മേൽനോട്ടം വഹിക്കാനായി സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെ പരീക്ഷാ മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉപരിപഠനത്തിനും, ജോലി ആവശ്യാർഥവും സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭ്യമാക്കുന്നതിലേക്ക് ഫാസ്റ്റ് ട്രാക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

Q.No. 23

Sri. RAKESH M.B

കണ്ണൂർ യൂണിവേഴ്സിറ്റി പി എച്ച് ഡി റഗുലേഷൻ 2018 പ്രകാരം ഫുൾടൈം- പാർട്ട്ടൈം ഗവേഷണം എന്ന് വേർതിരിച്ച് പരാമർശിക്കുന്നില്ല. എങ്കിലും ഫലത്തിൽ യൂണിവേഴ്സിറ്റി ഫുൾടൈം- പാർട്ട് ടൈം സമ്പ്രദായം തുടർന്നു വരുന്നുണ്ട്. നിലവിൽ പാർട്ട് ടൈം ഗവേഷണം ചെയ്യാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്.?

**ഉത്തരം** - Dr. Sreejith. K: RD/DIRECTOR(RD)/4889/2019 dtd 11.02.2020 സർവ്വകലാശാല ഉത്തരവ് പ്രകാരം പി എച്ച് ഡി റെഗുലേഷൻ 2018 ൽ Clause 14.2 " Part-time

Ph.D will be allowed provided all the conditions mentioned in the extant Ph.D. Regulations are met"ഉൾപ്പെടുത്തികൊണ്ടു പി എച്ച് ഡി റെഗുലേഷൻ ഭേദഗതി ചെയ്തിട്ടുണ്ട്. ഇനം നമ്പർ 2020.196 പ്രകാരം പി എച്ച് ഡി റഗുലേഷൻ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി അപ്പക്സ് റിസർച്ച് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ട്.

Q.No. 24

Smt. SONA P

സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രൈവറ്റ് കോളേജ് മാനേജ്മെന്റ് ഗവേണിംഗ് ബോഡിയിൽ അധ്യാപക പ്രതിനിധികൾ ഉണ്ടായിരിക്കണമെന്നുണ്ട്. നിലവിൽ ഈ വ്യവസ്ഥ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ?

**ഉത്തരം** - Sri. A. Nisanth: ഇതു സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാലയിൽ ലഭ്യമല്ല. കൂടുതൽ വിവരങ്ങൾ കോളേജുകളിൽ നിന്ന് ശേഖരിക്കുന്നതാണ്.

2.15 The chair declared the completion of the question hour and informed the house that the remaining questions and answers would be treated as presented.

Q.No. 25

Dr. MANJULA K.V

ബിരുദ ബിരുദാനന്തര തലത്തിൽ ചോദ്യപേപ്പർ സ്ക്രൂട്ടിനി നടത്തുന്നുണ്ടോ? അങ്ങനെ നടത്താത്തത് ചോദ്യപേപ്പറിന്റെ ഗുണനിലവാരത്തെ സാരമായി ബാധിക്കുന്നില്ലേ?

**ഉത്തരം** - ഉണ്ട്.

Q.No. 26

Dr.PREMACHANDRAN KEEZHOTH

സെനറ്റ് മീറ്റിംഗിൽ ചോദ്യങ്ങൾ ക്രമീകരിക്കുന്നതിന് വല്ല മാനദണ്ഡവും നിലവിലുണ്ടോ? ഉണ്ടെങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് മുൻഗണനാക്രമം നിശ്ചയിക്കുന്നത്?

**ഉത്തരം** - ഉണ്ട്. കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ VI സ്റ്റാറ്റ്യൂട്ട് 26 പ്രകാരം സെനറ്റിലേക്കുള്ള ചോദ്യങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നത് നറുക്കെടുപ്പിലൂടെയാണ്.

Q.No. 27

Sri. A.A JALEEL

2008 മുതൽ നോൺഗ്രേഡിംഗ് രീതി ഡിഗ്രി പരീക്ഷ എഴുതിയവർ പലകാരണങ്ങളാൽ കോഴ്സ് പൂർത്തികരിക്കാൻ കഴിയാത്ത ധാരാളം പേരുണ്ട്. വിദൂര വിദ്യാഭ്യാസരീതിയിൽ പരീക്ഷ എഴുതിയവരാണ് ഭൂരിപക്ഷം പേരും. തോറ്റ വിഷയങ്ങൾ മാത്രം ഒറ്റത്തവണ എഴുതി കോഴ്സ് പൂർത്തിയാക്കാനുള്ള അവസരം നൽകാൻ സാധിക്കുമോ?

**<u>ഉത്തരം</u>** – വിദ്യാർത്ഥികളുടെ അപേക്ഷ പ്രകാരം പരീക്ഷകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Q.No. 28

Sri. MOHAMMED SALIH K.M

സമയബന്ധിതമായി വിദൂര വിദ്യാഭ്യാസ ബിരുദ ബിരുദാനന്തര പരീക്ഷകൾ നടത്തുന്നതിനും ഫലങ്ങൾ പ്രസിദ്ധീകരിക്കുവാനും സർവ്വകലാശാലക്ക് സാധിക്കാറില്ല. മേൽ പറഞ്ഞ പ്രശ്നം വിദ്യാർത്ഥികൾക്ക് പ്രയാസം സൃഷ്ടിക്കുന്നതിനാൽ അത് പരിഹരിക്കുന്നതിന് അടിയന്തരമായ എന്തെങ്കിലും നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടോ.?

**<u>ഉത്തരം</u>** – വിദൂര വിദ്യാഭ്യാസ വിഭാഗം ബിരുദ പരീക്ഷകളുടെ ഫലം യഥാസമയം പ്രഖ്യാപിക്കാറുണ്ട്. വിദൂര വിദ്യാഭ്യാസ വിഭാഗം ബിരുദാനന്തര ബിരുദ പരീക്ഷകളുടെ മൂല്യനിർണയം അഫിലിയേറ്റഡ് കോളേജുകളിലെ പ്രവർത്തി ദിവസങ്ങളെ ബാധിക്കുന്നത് കൊണ്ടും അധ്യാപകരുടെ ലഭ്യത കുറവ് കൊണ്ടും കേന്ദ്രീകൃതമായ രീതിയിൽ പലപ്പോഴും നടത്താൻ സാധിക്കാത്തതിനാൽ കൃത്യസമയത്ത് ഫലപ്രഖ്യാപനം നടത്താൻ കഴിയുന്നില്ല. ഇത് പരിശോധിച്ച് സമയബന്ധിതമായി ഫലം പ്രഖ്യാപിക്കാനുള്ള നടപടികൾ എടുത്ത് വരികയാണ്.

Q.No. 29

Sri. HADEEB FARHAN. P.V

വിദ്യാർത്ഥികളുടെ Revaluation റിസൾട്ട് സർവ്വകലാശാല നിയമ പ്രകാരം 45 ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കണം എന്നിരിക്കെ പലപ്പൊഴും അനിയന്ത്രിതമായി വൈകുന്നതായി കാണുന്നു. ഇത് ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ?

**ഉത്തരം** – പുനർമൂല്യനിർണയ ഫലങ്ങൾ പുനർമൂല്യനിർണയവുമായി ബന്ധപ്പെട്ട റഗുലേഷൻ പ്രകാരം അപേക്ഷ ലഭിച്ചു 105 ദിവസത്തിനുള്ളിലാണ് പ്രസിദ്ധീകരി ക്കേണ്ടത്. ഈ സമയത്തിനുള്ളിൽ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിക്കുന്ന തിലേക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ഇത് സാധ്യമാവാൻ പുനർമൂ ല്യനിർണയ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. പുനർമൂല്യനിർണയ ക്യാമ്പുകൾ നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ അധ്യാപകർക്ക് ഉത്തരക്കടലാസ് ഹോം വാല്യേഷന് നൽകും. ഈ സാഹചര്യത്തിൽ പുനർമൂല്യനിർണയം കഴിഞ്ഞ് മാർക്കുകൾ അധ്യാപകരിൽ നിന്ന് ലഭിക്കാൻ താമസമുണ്ടാവുന്നതും, ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതും പുനർമൂല്യനിർണയഫലം സമയത്ത് പ്രഖ്യാപിക്കാൻ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

Q.No. 30

Sri. SAJU P.J

സർവ്വകലാശാല ജീവനക്കാരുടെ സേവന പുസ്തകം ഓരോ സാമ്പത്തിക വർഷ ത്തിലും പരിശോധന നടത്തി KSAD certify ചെയ്യാറുണ്ട്. അടുത്ത കാലത്തായി ഈ സേവനപുസ്തകം സർവ്വീസിൽ നിന്നു പിരിഞ്ഞുപോയ ജീവനക്കാരുടെ സേവനത്തിന്റെ അവസാന വർഷങ്ങളിൽ വീണ്ടും പരിശോധന നടത്തിയതായി കാണുന്നു. ഇത് പിരിഞ്ഞു പോയ ജീവനക്കാർക്ക് വളരെയധികം കഷ്ടപ്പാട് ഉണ്ടാക്കുന്നു. യൂണിവേഴ്സിറ്റി ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി KSAD യുമായി ബന്ധപ്പെട്ട് എടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി യാണ് സർവ്വകലാശാല സ്വീകരിക്കാൻ പോകുന്നത്?

**ഉത്തരം** – സേവന പുസ്തകത്തിലെ സൂക്ഷ്മ പരിശോധന കഴിഞ്ഞ് സാക്ഷ്യപ്പെ ടുത്തുന്ന വിവരങ്ങളുടെ ആവർത്തിച്ചുള്ള പരിശോധന ഒഴിവാക്കണമെന്ന് ആവ ശ്യപ്പെട്ട് 21/01/2020 തീയ്യതിയിൽ KSAD ലേക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ KSAD ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ അറിയിച്ചിട്ടില്ല.

Q.No. 31

Sri. ALBIN MATHEW

കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതും തുകയും വിവിധ കോളേജുകളിൽ വിവിധ തരത്തിലാണ്. സർക്കാർ കോളേജുകളിൽ തുച്ഛ മായ ഫണ്ടാണ് നിലവിൽ ലഭ്യമാകുന്നത്. അഡ്മിഷൻ സമയത്ത് വിദ്യാർത്ഥിക ളിൽ നിന്നും യൂണിയൻ പ്രവർത്തനങ്ങൾക്കായി ഈടാക്കുന്ന തുകയിൽ ഏകീക രണമില്ലാത്തതുമൂലം കോളേജ് കൗൺസിൽ തീരുമാനപ്രകാരം വളരെ തുച്ഛമായ ഫണ്ടാണ് നൽകുന്നത്. യൂണിയൻ പ്രവർത്തനങ്ങൾക്കായി വാങ്ങേണ്ടുന്ന തുക നിശ്ചയിച്ചു നൽകിയിട്ടുണ്ടോ? യൂണിയൻ ഫണ്ടും, പ്രവർത്തനവും വർദ്ധിപ്പിക്കു ന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** – കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്കായി വാങ്ങേണ്ടുന്ന തുകയെ സംബന്ധിക്കുന്ന കാര്യങ്ങൾ സർവ്വകലാശാല നിശ്ചയിച്ച് നൽകുന്നില്ല. കോളേജ് യൂണിയൻ ഫണ്ടും പ്രവർത്തനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർവ്വ കലാശാല സ്വീകരിച്ചിട്ടില്ല.

Q.No. 32

Smt. APARNA S N

സർവ്വകലാശാലയിലേക്ക് വിവിധ ആവശ്യങ്ങളുമായി വരുന്ന വിദ്യാരത്ഥികൾ അപേക്ഷ ഫോറങ്ങളും മറ്റ് സ്റ്റാമ്പുകളും ഒക്കെ വാങ്ങുന്നത് പുറത്തെ സ്റ്റോറിൽ നിന്നാണ്. നേരത്തെ ആ സ്റ്റോർ എല്ലാം തന്നെ വില അധികമായി സാധനങ്ങൾ വിൽക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ആ വിഷയം പരിഗണിച്ചു കൊണ്ട് അത് സഹകരണ സ്റ്റോർ ആക്കി മാറ്റും എന്ന് പറയുകയുണ്ടായി. എന്താണ് നിലവിൽ അതിന്റെ സ്ഥിതി?

**ഉത്തരം** – 24/09/2019 തീയ്യതിയിലെ കോ-ഓപ്പറേറ്റീവ് പ്രസ്സിന്റെ കത്ത് പ്രകാരം ഫോറങ്ങളും മറ്റു സ്റ്റേഷനറികളും വിൽക്കുന്നതിനായി മുറി ആവശ്യപ്പെട്ടിരുന്നു. മേൽ കത്ത് സിണ്ടിക്കേറ്റിന് മുൻപാകെ സമർപ്പിക്കുകയും 20/01/2020 ലെ സിൻഡിക്കേറ്റ് തീരുമാന നമ്പർ 2020.005 പ്രകാരം സ്റ്റുഡന്റ്സ് അമിനിറ്റിസെന്റ റിന്റെ നിർമ്മാണം പൂർത്തിയായതിനു ശേഷം കോ-ഓപ്പറേറ്റീവ് പ്രസ്സിന്റെ അപേക്ഷ പരിഗണിക്കാമെന്ന് സിൻഡിക്കേറ്റ് തീരുമാനിക്കുകയും ചെയ്തു.

Q.No. 33

Sri. SATHEESAN P.K

കണ്ണൂർ സർവ്വകലാശാല വിദ്യാർത്ഥികൾക്ക് ഫീസ് വർദ്ധനവ് വരുത്തുമ്പോൾ വിദ്യാർത്ഥി സംഘടന പ്രതിനിധികളുമായി ചർച്ച നടത്താറുണ്ടോ? ഏകപക്ഷീയ മായിട്ടാണോ ഫീസ് വർദ്ധന നടപ്പിലാക്കുന്നത്? ഫീസ് വർദ്ധിക്കുമ്പോൾ അധ്യ യന വർഷം തുടങ്ങുന്ന സമയത്ത് തന്നെ വർദ്ധനവ് പ്രാബല്യത്തിൽ കൊണ്ടുവര ണം. ഇടയ്ക്ക് വച്ച് ഫീസ് വർദ്ധിക്കുമ്പോൾ വിദ്യാർത്ഥികളും ജീവനക്കാരും പ്രയാസം നേരിടേണ്ടി വരുന്നുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.

**ഉത്തരം** – സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ പ്രോഗ്രാമുകളുടെ ഫീസുകളിൽ ഗവൺമെന്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. ഇപ്രകാരം ഗവൺമെന്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതാകയാൽ വിദ്യാർത്ഥി സംഘടന പ്രതിനിധികളുമായി ചർച്ച നട ത്തുന്ന പതിവില്ല. അധ്യയന വർഷം ആരംഭിക്കുമ്പോൾ തന്നെ ഫീസ് വർദ്ധനവ് നടപ്പിൽ വരുത്താറുണ്ട്.

Q.No. 34

## Dr.R.K. BIJU

കണ്ണൂർ സർവ്വകലാശാല മാനന്തവാടി ക്യാമ്പസ്സിൽ സൂവോളജി വിഷയത്തിൽ റിസർച്ച് ഗൈഡ് ആയ ഡോ. ലീന പി ടി കണ്ണൂർ എസ്. എൻ കോളേജിലേക്ക് സെന്റർ ചേഞ്ചിന് അപേക്ഷിച്ചിരുന്നു. എന്ത് കാരണം മൂലമാണ് അവരുടെ സെന്റർ ചേഞ്ച് നിരസിച്ചത്? പിന്നീട് വീണ്ടും ഇതെ വ്യക്തിയോട് സെന്റർ ചേഞ്ചിനു അപേക്ഷിക്കുവാൻ സർവ്വകലാശാല നിർദ്ദേശിച്ചത് എന്തിന്റെ അടി സ്ഥാനത്തിൽ ആണ്? രണ്ടാമത് അപേക്ഷിച്ചിട്ടും സെന്റർ ചേഞ്ച് അനുവദിക്കാതി രുന്നത് എന്തുകൊണ്ട്? 2016 ഡിസംബർ മുതൽ എത്ര റിസർച്ച് ഗൈഡ് മാർക്ക് സർവ്വകലാശാല സെന്റർ ചേഞ്ച് അനുവദിച്ചിട്ടുണ്ട്?

**<u>ഉത്തരം</u>** – സിൻഡിക്കേറ്റ് തീരുമാന പ്രകാരമാണ് (ഇനം നമ്പർ 2016.444 തീയ്യതി 01.11.2016 ഡോ. ലീന പി ടി യുടെ ആദ്യത്തെ സെന്റർ ചേഞ്ച് അപേക്ഷ നിരസിച്ച ത്. ഡോ. ലീന പി ടി തന്നെ വീണ്ടും അപേക്ഷിക്കുകയായിരുന്നു.രണ്ടാമത് തന്ന അപേക്ഷപഴയ NOC വെച്ച് ആയതിനാൽ അപേക്ഷയിൽ തുടർ നടപടി എടു ക്കാൻ പുതിയ NOC യും Consent letter ഉം വേണമെന്ന് മാത്രമാണ് യൂണിവേ ഴ്സിറ്റി ആവശ്യപ്പെട്ടിട്ടുള്ളത്. ഈ അപേക്ഷ സിൻഡിക്കേറ്റ് ആണ് നിരസിച്ചത്. (സിൻഡിക്കേറ്റ് മിനുട്സ് ഇനം നമ്പർ 2019.734 തീയ്യതി 05/12/2019) 2 റിസർച്ച് ഗൈഡുമാർക്ക് സർവ്വകലാശാല സെന്റർ ചേഞ്ച് അനുവദിച്ചിട്ടുണ്ട്.

Q.No. 35

<u>Sri. RAKESH M.B</u>

ശാസ്ത്ര വിഷയങ്ങളിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾ മിക്കവാറും മറ്റ് സർവ്വകലാശാലകളിൽ ലാബ് വർക്ക് ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സർവ്വകലാശാല എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? സൊഫിസ്റ്റിക്കേറ്റഡ് ഇൻസട്രുമെന്റേഷൻ സെന്റർ പോലുള്ള എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ടോ?

**<u>ഉത്തരം</u>** – റൂസ ഫണ്ടിൽ ഉൾപ്പെടുത്തി ''സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ'' സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. ആയതിലേക്ക് തുക വകയിരുത്തുവാൻ ശ്രമം നടന്നു വരുന്നു.

Q.No. 36

Sri. M.P.A RAHIM

അഫിലിയേഷൻ കൃത്യ സമയത്ത് യൂനിവേഴ്സിറ്റി നർകാത്തത് മൂലം വിദ്യാർത്ഥി കളുടെ ഒരുപാട് ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നു. ഇത് സമയബന്ധിതമാക്കു ന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ.?

**ഉത്തരം** – കോളേജുകൾക്ക് താത്കാലിക തുടർ അഫിലിയേഷൻ അനുവദി ക്കുന്നത്.

1. പ്രസ്തുത അധ്യയന വർഷത്തെ താത്കാലിക തുടർ അഫിലിയേഷൻ ഫീസ്, അഡ്മിനിസ്ട്രേഷൻ ഫീസ് എന്നിവ ഒടുക്കുക.
2. സ്വാശ്രയ കോളേജുകളിലെ കോഴ്സുകൾക്ക്/സ്വാശ്രയ കോഴ്സുകൾക്ക് പ്രസ്തുത അധ്യയന വർഷത്തെ സ്റ്റാഫ് പ്രൊഫൈൽ അംഗീകരിക്കുക.
3. സ്വാശ്രയ കോളേജുകളിലെ കോഴ്സുകൾക്ക്/സ്വാശ്രയ കോഴ്സുകൾക്ക് കേരള സർക്കാരിൽ നിന്നുള്ള പ്രസ്തുത അധ്യയന വർഷത്തെ പുതുക്കിയ ഗവ.NOC ഹാജരാക്കുക.

എന്നിവ പാലിക്കുന്നതിനു ശേഷമാണ്. ഈ നിബന്ധനകൾ പാലിച്ച കോളേജുക ളുടെ താതകാലിക തുടർ അഫിലിയേഷൻ ഉത്തരവ് കൃത്യമായി നൽകുന്നുമുണ്ട്. എന്നിരുന്നാലും മേൽ പ്രതിപാദിച്ച 2 ഉം 3 ഉം വ്യവസ്ഥകൾ പാലിക്കാത്ത കോളേ ജുകൾക്കും വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടി ബാങ്കിലും മറ്റും ഹാജരാക്കുന്നതിലേക്കായി കോളേജ് അധികൃതർ അപേക്ഷി ക്കുന്ന മുറക്ക് അഫിലിയേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കാറുണ്ട്.

Q.No. 37

Dr. JOBY K JOSE

2019-20 അക്കാദമിക് വർഷം സെമിനാർ, Workshop എന്നിവ നടത്തുന്നതി നായി ഏതൊക്കെ പഠന വകുപ്പുകൾക്ക് സർവ്വകലാശാല ധനസഹായം നൽകിയി ട്ടുണ്ട്? 2019-20 അക്കാദമിക് വർഷം സെമിനാർ, Workshop എന്നിവ നടത്തുന്ന തിനായി ഏതൊക്കെ സർവ്വകലാശാല പഠന വകുപ്പുകൾ proposals നൽകിയി ട്ടുണ്ട്? ഇത് പരിശോധിക്കാൻ സർവ്വകലാശാല എന്തു പരിപാടിയാണ് സ്വീകരിച്ചി ട്ടുള്ളത്?

**ഉത്തരം** - 2019-20 അക്കാദമിക് വർഷം 18 പഠന വകുപ്പുകളാണ് ദേശീയ സെമി നാർ നടത്തിപ്പിനായി proposals നൽകിയിട്ടുള്ളത്. പ്രസ്തുത പ്രപ്പോസലുകൾ വിശദമായ പരിശോധനക്കായി ബഹു. വൈസ് ചാൻസിലർ ആവശ്യപ്പെട്ടതു പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന് ഇതു വരെയും അനുമതി ലഭിച്ചിട്ടില്ല. അതിനാൽ നിലവിൽ പഠന വകുപ്പുകൾക്ക് ധനസഹായം നൽകിയിട്ടില്ല.

Q.No 38

Sri. SUHAIL MUHAMMED KHALID

സർവ്വകലാശാല റെഗുലേഷൻ പ്രകാരമോ കോടതി ഉത്തരവ് പ്രകാരമോ പുനർമൂല്യനിർണയ ഫലങ്ങൾ എത്ര ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കുവാനാണ് നിഷ്കർഷിച്ചിരിക്കുന്നത്? പ്രസ്തുത ദിവസത്തിനുള്ളിൽ ഫലങ്ങൾ നിലവിൽ പ്രസിദ്ധീകരിക്കുന്നുണ്ടോ?

**ഉത്തരം** – സർവ്വകലാശാല റഗുലേഷൻ പ്രകാരമാണ് പുനർമൂല്യനിർണയഫലം (അപേക്ഷ ലഭിച്ചു 105 ദിവസത്തിനുള്ളിലാണ്) പ്രസിദ്ധീകരിക്കുന്നത്. ബഹു: കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം 45 ദിവസത്തിനുള്ളിൽ ഫലം പ്രഖ്യാപിക്കേണ്ടതിലേക്കായി പുനർമൂല്യനിർണയം ക്യാമ്പ് നടത്താറുണ്ട്.

Q.No. 39

Sri. VIJAYAKUMAR V

2019 നവംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി ബി എ പരീക്ഷയിൽ- Banking theory law and practice, Organisational Behaviaer (5B14)എന്നീ പരീക്ഷകളുടെ ചോദ്യപ്പേറിൽ ഗുരുതരമായ പിഴവ് കണ്ടെത്തുകയും ഇതിർ ഒരു പരീക്ഷ റദ്ധുചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇത്തരം ചോദ്യകർത്താക്കൾക്കെതിരെ സർവ്വകലാശാല എന്തു നടപടിയാണ് എടുത്തിരിക്കുന്നത്? ഒരു പരിക്ഷ റദ്ധുചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണ് ?

**ഉത്തരം** – ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ തെറ്റ് വരുത്തുകയും സർവ്വകലാശാല നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്ത ചോദ്യകർത്താക്കളെ, ചോദ്യപേപ്പർ തയ്യാറാക്കുന്ന പാനലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പരീക്ഷാ ഹാളിൽ വിതരണം ചെയ്ത ചോദ്യക്കടലാസിൽ ഗുരുതരമായ പിശക് പ്രഥമദൃഷ്ടിയിൽ കണ്ടെത്തിയാലോ, ബന്ധപ്പെട്ട പരീക്ഷാ ബോർഡ് ചെയർമാന്റെ ശിപാർശ പ്രകാരവുമോ ആണ് ഏതെങ്കിലും പരീക്ഷ റദ്ദ് ചെയ്യുന്ന തീരുമാനം സർവ്വകലാശാല കൈക്കൊള്ളുന്നത്.

Q.No. 40

Dr. SHANOJ M.P

സർവ്വകലാശാല ആക്ട്/സ്റ്റാറ്റ്യൂട്ട് പ്രകാരം സർവ്വകലാശാലയിൽ സിലബസ് തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും അധികാരപ്പെട്ട ബോഡി ഏതാണ്?

**ഉത്തരം** – അഫിലിയേറ്റഡ് കോളേജുകളുടെയും വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെയും സിലബസുകൾ അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ട ബോർഡ് ഓഫ്

സ്റ്റഡീസ് തയ്യാറാക്കുകയും, അവ അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തോടുകൂടി, യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കുകയും ചെയ്യുന്നു.
യൂണിവേഴ്സിറ്റി പഠന വകുപ്പുകളുടെ സിലബസുകൾ, അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വകുപ്പുകൾ തയ്യാറാക്കുകയും, അവ ഡിപ്പാർട്ട്മെന്റ് കൗൺസിലിന്റെ അംഗീകാരത്തോടുകൂടി, യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കുകയും ചെയ്യുന്നു.

Q.No. 41

Smt. SONA P

കോളേജ് അധ്യാപകരുടെ സമയബന്ധിത പ്രമോഷൻ സംബന്ധിച്ച രേഖകൾ കോളേജ് IQAC യുടെ പരിശോധനയ്ക്ക് വിധേയമാവണം എന്ന് UGC നിർദ്ദേശമുണ്ട്. നിലവിൽ എല്ലാ കോളേജിലും ഇത്തരം പരിശോധനകൾ നടക്കുന്നുണ്ടോ?

**ഉത്തരം** – കോളേജിലെ IQAC യുടെ പരിശോധനക്ക് ശേഷമാണ് PBAS സർവ്വകലാശാലയിൽ സമർപ്പിക്കുന്നത്.

Q.No. 42

Sri. SHANAVAS S M

യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള self financing കോളേജുകളിൽ ഓരോ വർഷവും അദ്ധ്യാപകർ മാറി വരുന്നത് പല കോളേജുകളിലും കണ്ടുവരുന്നുണ്ട്. കോളേജിന്റെ അച്ചടക്കത്തെയും വിദ്യാർത്ഥികളുടെ പഠന നിലവാരത്തെയും സാരമായി ബാധിക്കുന്ന ഈ വിഷയം പരിഹരിക്കുന്നതിന് യൂണിവേഴ്സിറ്റി തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** – സർവ്വകലാശാലയ്ക്കു കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതും പിരിച്ചുവിടുന്നതും അതാത് കോളേജ് മാനേജ്മെന്റുകളാണ്. മാനേജ്മെന്റുകൾ നിയമിച്ച് സർവ്വകലാശാല മുൻപാകെ സമർപ്പിക്കുന്ന അദ്ധ്യാപകരുടെ സ്റ്റാഫ് പ്രൊഫൈൽ പരിശോധനയും അംഗീകാരവുമാണ് സർവ്വകലാശാല ചെയ്തു വരുന്നത്. സ്വാശ്രയ കോളേജിൽ അദ്ധ്യാപകരുടെ നിയമനം മാനേജ്മെന്റുകളാണ് നിർവ്വഹിക്കുന്നത് എന്നിരിക്കെ ഓരോ വർഷവും അദ്ധ്യാപകർ മാറി വരുന്ന വിഷയത്തിൽ സർവ്വകലാശാലയ്ക്ക് നിലവിൽ നടപടി സ്വീകരിക്കുവാൻ പരിമിതിയുണ്ട്. യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതകൾ അദ്ധ്യാപക നിയമനങ്ങളിൽ പാലിക്കണമെന്ന കർശന നിർദ്ദേശം സർവ്വകലാശാല നൽകിയിട്ടുണ്ട്.

Q.No. 43

Sri. SATHEESAN P.K

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ നേരത്തെ തുടങ്ങിയ ചില കോഴ്സുകൾക്ക് ഇപ്പോഴും താൽക്കാലിക അഫിലിയേഷൻ ആണുള്ളത്. പെർമനന്റ് അഫിലിയേഷനു വേണ്ടി ഭീമമായ തുക വർഷാവർഷം അടച്ചുവരുന്നുണ്ട്. എന്നാൽ എന്തുകൊണ്ടാണ് പെർമനന്റ് അഫിലിയേഷൻ നൽകാത്തത്? ഈ വർഷമെങ്കിലും പെർമനന്റ് അഫിലിയേഷൻ നൽകുമോ?

**ഉത്തരം** – കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിലെ സ്റ്റെബിലൈസ് ചെയ്ത കോഴ്സുകൾക്ക്, അപേക്ഷ ലഭിക്കുന്ന മുറക്ക് പെർമനന്റ് അഫിലിയേഷൻ അനുവദിക്കുന്നതിനാവശ്യമായ അക്കാദമിക ഭൗതിക സാഹചര്യങ്ങൾ പരിശോധന കമ്മിറ്റി പരിശോധിക്കുന്നു. പ്രസ്തുത റിപ്പോർട്ട് സിണ്ടിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറക്ക് ഫീസീടാക്കി പെർമനന്റ് അഫിലിയേഷൻ അനുവദിക്കുന്നുണ്ട്. സെൽഫ് ഫിനാൻസിങ് കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകുന്ന വിഷയം പഠിക്കുന്നതിന് വേണ്ടി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇതുവരെയും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

Q.No. 44

Dr. ISMAIL OLAYIKKARA

ഹെഡ് ഓഫ് ദ ഡിപ്പാർട്ട്മെന്റ് നിയമനത്തിന് കോളേജുകളിൽ റൊട്ടേഷൻ വ്യവസ്ഥ നിലവിലുണ്ടോ? ഇത് സംബന്ധിച്ച എന്തെങ്കിലും നീക്കങ്ങൾ സർവ്വകലാശാല നടത്തുന്നുണ്ടോ?

**ഉത്തരം** – റൊട്ടേഷൻ വ്യവസ്ഥ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത വിഷയത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി സ്റ്റാഫ് ഇൻ അഫിലിയേറ്റഡ് കോളേജസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായി അറിയിക്കുന്നു.

Q.No. 45

Smt. ASMINA ASHRAF P.K

ബി.ടെക്കിന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് എത്ര വർഷം വരെ സപ്ലിമെന്ററി പരീക്ഷകൾ എഴുതി പാസ്സാവാൻ നിയമപരമായി അവകാശമുണ്ട്?

**ഉത്തരം** – നിലവിലുള്ള റഗുലേഷൻ പ്രകാരം പ്രവേശനം നേടി 7 വർഷത്തിനുള്ളിൽ ബി.ടെക്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്. മേൽ വ്യവ

സ്ഥയിൽ ഇളവ് വരുത്തി റി-രജിസ്ട്രേഷൻ അനുവദിച്ച് സപ്ലിമെന്ററി പരീക്ഷകൾ നടത്തി വരുന്നുണ്ട്.

Q.No. 46

Dr. JOHNY JOSE

സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ RTO നിർദ്ദേശപ്രകാരം ബസ് ഓണേഴ്സ് അസോസിയേഷൻ മുഖാന്തിരമാണ് നൽകുന്നത്. ഇത് വിദ്യാർത്ഥികൾക്ക് ഒരുപാട് പ്രശ്നം സൃഷ്ടിക്കപ്പെടുന്നു. യൂണിവേഴ്സിറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** – സ്വാശ്രയ കോളേജ് വിദ്ധ്യാർത്ഥികൾക്ക് ബസ്സ് കൺസെഷൻ താമസം കൂടാതെ ലഭ്യമാക്കുന്നതിനായി ആർ. ടി. ഓ, ജില്ലാ കളക്ടർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്.

Q.No. 47

Dr. JOHNY JOSE

ഹയർ സെക്കണ്ടറി കൗൺസിൽ മുഖാന്തിരം സ്കോളർഷിപ്പ് ഗവൺമെന്റ്/എയിഡഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്കാണ് ലഭിക്കുന്നത്. സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** – സ്വാശ്രയ കോളേജ് വിദ്യാർത്ഥികളിൽ നിന്ന് സ്കോളർഷിപ്പ് സംബന്ധിച്ച അപേക്ഷകൾ സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല.

Q.No. 48

Sri. VIJAYAKUMAR V

സർവ്വകലാശാലകൾക്ക് കീഴിലുള്ള കോളേജുകളിൽ എൻ എസ് എസ് സപ്തദിന ക്യാമ്പുമായി ബന്ധപ്പെട്ട ഓരോ വർഷങ്ങളിലും സർക്കുലർ പുറപ്പെടുവിക്കാറുണ്ടോ? ക്യാമ്പ സുകളിൽ ''ക്യാമ്പ്ഫയർ'' പോലുള്ള പ്രോഗ്രാമുകൾക്ക് എന്തെങ്കിലും നിയന്ത്രണങ്ങൾ സർവ്വകലാശാലയിൽ നിന്നും ഏർപ്പെടുത്തിയിട്ടുണ്ടോ.?

**ഉത്തരം** – എൻ.എസ്.എസ്. ക്യാമ്പുകൾ നടത്തുന്നത് കോളേജുകളാണ്. എൻ.എസ്.എസ്. മാന്വൽ അനുസരിച്ചാണ് എൻ.എസ്.എസ്. യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. സ്പെഷ്യൽ ക്യാമ്പുകൾ നടത്തുന്നതിന് പ്രത്യേകം സർക്കുലറുകളൊന്നും നൽകാറില്ല. ക്യാമ്പ്ഫയർ പോലുള്ള പ്രോഗ്രാമുകളെക്കുറിച്ച് എൻ.എസ്.എസ്. മാന്വലിൽ പ്രത്യേക പരാമർശങ്ങളൊന്നും തന്നെയില്ല.

Q.No. 49

Sri. M.P.A RAHIM

യൂനിവേഴ്സിറ്റി അധികൃതർ വിളിച്ചു ചേർക്കുന്ന പല യോഗങ്ങളിലേയും തീരുമാനങ്ങൾ യൂനിവേഴ്സിറ്റി സ്റ്റാറ്റ്യുട്ട്, ആക്റ്റ് നിയമങ്ങൾക്ക് വിരുദ്ധമാണ് ഇത് നടപ്പിലാക്കാൻ കോളേജുകൾ ബാധ്യസ്ഥരാണോ.?

**ഉത്തരം** – സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ആക്ട് നിയമങ്ങൾക്ക് അതീതമായി കാലാകാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പിലാക്കാൻ സർവ്വകലാശാല ബാധ്യസ്ഥമാണ്. ആക്ടിനോ സ്റ്റാറ്റ്യൂട്ടിനോ ഗവ./യു.ജി.സി നിർദ്ദേശങ്ങൾക്കോ വിരുദ്ധമായ തീരുമാനങ്ങൾ നടപ്പിലാക്കാൻ കോളേജുകൾക്ക് നിർദ്ദേശം നൽകാറില്ല.

Q.No. 50

Dr. SWARUPA. R

റീവാലുവേഷനിലൂടെ മാർക്ക് അധികമായി ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ Revaluation application fee തിരികെ നൽകാറുണ്ടോ? ഇല്ലെങ്കിൽ ഭാവിയിൽ അതിനുള്ള നടപടി യൂണിവേഴ്സിറ്റി സ്വീകരിക്കുമോ?

**ഉത്തരം** – കണ്ണൂർ സർവ്വകലാശാല റീവാല്വേഷൻ റഗുലേഷൻ പ്രകാരം പുനർമൂല്യനിർണയത്തിന് ഒടുക്കിയ ഫീസ് പുനർമൂല്യനിർണയത്തിൽ അധിക മാർക്ക് ലഭിക്കുന്ന അപേക്ഷകന് തിരിച്ചുനൽകേണ്ടതില്ല. സർവ്വകലാശാല ഓർഡിനൻസ് പ്രകാരം പുനർമൂല്യനിർണയ ഫീസ്, പുനർമൂല്യനിർണയത്തിൽ മാറ്റം വരുന്ന പക്ഷം അപേക്ഷകന് തിരിച്ച് നൽകേണ്ടതാണെങ്കിലും ഓർഡിനൻസിൽ ഇതിനെക്കുറിച്ച് കൂടുതൽ വ്യക്തമായ വിശദാംശങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ സർവ്വകലാശാല റഗുലേഷൻ അനുവർത്തിക്കാനാണ് സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നത്.

Q.No. 51

Sri. ALBIN MATHEW

കോളേജുകളിലെ ഉന്നതാധികാര സമിതിയായ കോളേജ് കൗൺസിലിൽ വിദ്യാർത്ഥി പ്രാതിനിധ്യം നിലവിൽ ഏതെങ്കിലും സ്ഥാപനങ്ങളിലുണ്ടോ? മറ്റ് മേഖലകളിലെ പ്രാതിനിധ്യം ഉറപ്പ് വരുത്തുമ്പോൾ വിദ്യാർത്ഥി പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടതല്ലേ? നടപ്പാക്കുന്നതിന്റെ നിയമതടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദീകരിക്കുക.

**ഉത്തരം** – കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം (Chapter V, Clause 20) കോളേജ് കൗൺസിലിൽ അദ്ധ്യാപകർക്ക് മാത്രമേ പ്രാതിനിധ്യം അനുവദിക്കുന്നുള്ളൂ. വിദ്യാർത്ഥി പ്രാതിനിധ്യം സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അനുവദിക്കുന്നില്ല.

Q.No. 52

Smt. SONA P

ഡോ. പി.കെ. രാജൻ സ്മാരക ബെസ്റ്റ് ടീച്ചർ അവാർഡിന് കണ്ണൂർ എസ്.എൻ കോളേജ് അസോസിയേറ്റ് പ്രൊഫസർ ആയിരുന്ന ഡോ. കെ. സുധ അർഹയായിട്ടുണ്ട്. എന്നാൽ ഈ അവാർഡ് ഇനിയും നൽകിയിട്ടുള്ളതായി കാണുന്നില്ല. പുരസ്കാരദാന പരിപാടി ഇനിയും സംഘടിപ്പിക്കാത്തതിന് കാരണം എന്താണ്?

**ഉത്തരം** – അധ്യാപകർക്കായുള്ള ഡോ. പി.കെ. രാജൻ സ്മാരക എക്സെലൻസ് അവാർഡ് നൽകുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റി, ഡോ. സുധ. കെ, (എസ്. എൻ. കോളേജ് – സംസ്ഥാനതലം), ഡോ. അംബികസുദൻ മാങ്ങാട് (എൻ. എ. എസ്. കോളേജ് – സർവ്വകലാശാലതലം) എന്നിവർക്ക് ഡോ. പി. കെ. രാജൻ സ്മാരക എക്സെലൻസ് അവാർഡു നൽകുവാൻ തീരുമാനിക്കുകയുണ്ടായി. 08/03/2012 ലെ സിൻഡിക്കേറ്റ് തീരുമാനം നമ്പർ 2012.163 പ്രകാരം ഇത് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് അവാർഡ് ദാന ചടങ്ങ് സംഘടിപ്പിക്കുന്നതിനായി ഡവലപ്പ്മെന്റ് ഓഫീസർ, ഡി.എസ്.എസ് എന്നിവരെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത അവാർഡ് ദാന ചടങ്ങിലേക്ക് അന്നത്തെ വിദ്യാഭ്യാസമന്ത്രിയെ ക്ഷണിക്കുവാൻ ഉത്തരവ് ആവുകയും തുടർന്ന് വിദ്യാഭ്യാസമന്ത്രിയുടെ ഓഫീസിലേക്ക് അദ്ദേഹത്തിനെ ചടങ്ങിലേക്ക് പങ്കെടുക്കുവാൻ സൗകര്യ പ്രദമായ തീയ്യതി ആവശ്യപ്പെട്ടുകൊണ്ട് കത്തുകൾ അയക്കുകയുണ്ടായി. എന്നാൽ വിദ്യാഭ്യാസമന്ത്രിയുടെ ഓഫീസിൽ നിന്നും മറുപടി ലഭിച്ചിരുന്നില്ല. പിന്നീട് ചില സാങ്കേതിക കാരണങ്ങളാൽ തുടർ നടപടികളെടുക്കാൻ സാധിച്ചിട്ടില്ല.

Q.No. 53

Dr. JOBY K JOSE

കണ്ണൂർ സർവ്വകലാശാല പഠന വകുപ്പുകളിൽ ജോലി ചെയ്യുന്ന എത്ര അധ്യാപകർ CAS പ്രമോഷനു വേണ്ടി നിലവിൽ അപേക്ഷിച്ചിട്ടുണ്ട് (2018 ജനുവരി മുതൽ)? എത്ര അധ്യാപകരുടെ CAS പ്രമോഷനുകൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്? എത്ര അധ്യാപകരുടെ CAS പ്രമോഷൻ നൽകാൻ ബാക്കിയുണ്ട്? എന്തു കാരണം കൊണ്ടാണ് ഇവർക്ക് പ്രമോഷൻ നൽകാത്തത്?

**ഉത്തരം** – 2018 ജനുവരി മുതൽ സർവ്വകലാശാലയുടെ പഠന വിഭാഗങ്ങളിൽ നിന്ന് 23 അധ്യാപകർ CAS പ്രൊമോഷന് വേണ്ടി അപേക്ഷിച്ചിട്ടുണ്ട്. അതിൽ 10 അധ്യാപകരുടെ CAS പ്രൊമോഷനുകൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിക്കുന്ന 13 അധ്യാപകരുടെ പ്രൊമോഷൻ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കയാണ്.

Q.No. 54

## Dr.R.K. BIJU

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജിലെ അദ്ധ്യാപകർ പ്രൊമോഷന് അപേക്ഷിക്കേണ്ടത് യുജിസിയുടെ ഏത് റെഗുലേഷൻ പ്രകാരം ആണ്? യുജിസി 2018 റെഗുലേഷൻ പ്രകാരം അപേക്ഷിക്കേണ്ടതിന് സർവ്വകലാശാല template തയ്യാറാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ എപ്പൊഴേക്കു തയ്യാറാക്കും? നിലവിൽ യുജിസി 2018 റെഗുലേഷൻ പ്രകാരം എത്ര അദ്ധ്യാപകർ പ്രൊമോഷന് അപേക്ഷിച്ചിട്ടുണ്ട്? യുജിസി 2018 റെഗുലേഷൻ പ്രകാരം അല്ലാതെ പ്രൊമോഷന് അപേക്ഷിച്ചവരിൽ എത്ര പേർക്ക് പ്രൊമോഷൻ നൽകുവാൻ ബാക്കിയുണ്ട്?

**<u>ഉത്തരം</u>** – സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ അധ്യാപകർ അവരുടെ പ്രമോഷൻ തീയ്യതിക്കനുസരിച്ചാണ് യു ജി സി റെഗുലേഷൻ 2010/2018 സ്വീകരിക്കുന്നത്. യു ജി സി 2018 റെഗുലേഷൻ പ്രകാരം അപേക്ഷിക്കുന്നതിന് സർവ്വകലാശാല template തയ്യാറാക്കിയിട്ടില്ല. Template തയ്യാറാക്കുന്നതിലേക്കായി സർവ്വകലാശാല നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയാണ്. യു ജി സി 2018 റെഗുലേഷൻ പ്രകാരം 2 അധ്യാപകർ പ്രമോഷനായി അപേക്ഷിച്ചിട്ടുണ്ട്. 8 അധ്യാപകരുടെ പ്രമോഷൻ യു ജി സി റെഗുലേഷൻസ് 2010 പ്രകാരം പരിഗണിക്കേണ്ടതുണ്ട്. പ്രസ്തുത പ്രപ്പോസലുകൾ API Committee യുടെ മുൻപാകെ സമർപ്പിക്കുന്നതിനു വേണ്ട നടപടികൾ പൂർത്തിയാക്കി വരികയാണ്.

Q.No. 55

## Sri. MIDHUN BABU

കണ്ണൂർ സർവ്വകലാശാല മാനന്തവാടി ക്യാമ്പസിലെ വർഷങ്ങളായുള്ള പ്രശ്നമാണ് ജലക്ഷാമം. ഇതേ വിഷയത്തിൽ നിരവധി സമരങ്ങളും സംഘടിപ്പിച്ചിരുന്നു. വെള്ളത്തിന്റെ പഴയ കുടിശ്ശികയും, കിണർ നിർമ്മാണം ഉൾപ്പെടെയുള്ളവ പരിഹരിക്കണമെന്ന് ബഹു: വിസി വാക്കാൽ ഉറപ്പ് നൽകിയിരുന്നു. അതിന് ശേഷം ഇത് പരിഹരിക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**<u>ഉത്തരം</u>** – കണ്ണൂർ സർവ്വകലാശാല മാനന്തവാടി ക്യാമ്പസ്സിൽ കിണർ കുഴിക്കുന്നതിന് CPWD സമർപ്പിച്ച എസ്റ്റിമേറ്റ് 27.02.2020 ലെ ബിൽഡിങ് കമ്മിറ്റി മീറ്റിംഗ് അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ വെള്ളം വാങ്ങിയതിന്റെ കുടിശ്ശിക ഒന്നും തന്നെ ഇല്ല.

Q.No. 56

Dr. SHANOJ M.P

വീഡിയോ കോൺഫറൻസിനുള്ള സംവിധാനം എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ? അവ ഉപയോഗിച്ചുള്ള ആശയ വിനിമയം നടക്കുന്നുണ്ടോ?

**ഉത്തരം** – സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും വീഡിയോ കോൺഫറൻസിങ് സംവിധാനം ഏർപ്പെടുത്താൻ സർവ്വകലാശാല തീരുമാനിക്കുകയും അതാത് കോളേജുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 6 കോളേജുകളിൽ പ്രസ്തുത സംവിധാനം തയ്യാറായിട്ടുണ്ട്. കൂടാതെ 5 ഗവൺമെന്റ് കോളേജുകളിൽ നേരത്തെ ഈ സംവിധാനം നിലവിലുണ്ട്. നിലവിൽ ഇവ ഉപയോഗിച്ച് സർവ്വകലാശാലാ തലത്തിൽ ആശയവിനിമയം നടത്താവുന്നതാണ്. ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

Q.No. 57

Smt. SISIRA T.K

കണ്ണൂർ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ നൂതന സാങ്കേതിക വിദ്യകളെയെല്ലാം ഉപയോഗപ്പെടുത്തി 'പേപ്പർ ലസ്സ് സർവ്വകലാശാല'യാക്കി മാറ്റുന്നതിനു വേണ്ടി ഏതെങ്കിലും രീതിയിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെയാണ്?

**ഉത്തരം** – ഇ-ഗവേണൻസ് സംവിധാനവുമായി ബന്ധപ്പെട്ട് കെൽട്രോൺനിർമ്മിച്ച ഡിജിറ്റൽ ഡോക്യുമെന്റ് ഫയൽ ഫ്ളോ സംവിധാനം (DDFS) കണ്ണൂർ സർവ്വകലാശാലയിൽ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ തുല്യതാ സർട്ടിഫിക്കറ്റ്, മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, കോളേജ് ട്രാൻസ്ഫർ, റീ അഡ്മിഷൻ, കൺഡൊനേഷൻ, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ എന്നിവയുടെ സേവനം ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ട്.

Q.No. 58

Dr.PREMACHANDRAN KEEZHOTH

സർവ്വകലാശാല ലൈബ്രറി പഠന ബോർഡിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട ഡോ. അബ്ദുൾ മജീദ് (ലൈബ്രറി & ഇൻഫർമേഷൻ സെന്റർ വിഭാഗം, ഫറൂഖ് കോളേജ്) പി എസ് സി പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നേരിട്ട വ്യക്തിയാണെന്ന കാര്യം സർവ്വകലാശാലയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കയതിന് ശേഷമാണോ ഇത്തരം ഒരു

ഉന്നത ബോഡിയിലേക്ക് അദ്ദേഹത്തെ നോമിനേറ്റ് ചെയ്യാൻ ചാൻസിലറോട് ശുപാർശ ചെയ്തത്?

**ഉത്തരം** – അദ്ദേഹത്തിനെതിരെ ഇത്തരമൊരു പരാതി ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

Q.No. 59

Dr.PREMACHANDRAN KEEZHOTH

സർക്കാർ ഫണ്ട് ഉപയോഗിച്ച് സർവ്വകലാശാല നിർമ്മിച്ച കെട്ടിടത്തിനുള്ളിൽ (സ്റ്റുഡന്റ് ഫെസിലിറ്റി സെന്റർ, താവക്കര ക്യാമ്പസ്) CPIM നിയന്ത്രണത്തിലുള്ള സഹകരണ പ്രസ്സിന് ബിസിനസ്സ് നടത്തുന്നതിന് വേണ്ടി മുറി അനുവദിക്കാനുള്ള സിന്റിക്കേറ്റ് തീരുമാനം ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഏടുത്തിട്ടുള്ളത്? സമാന സ്വഭാവമുള്ള മറ്റ് സഹകരണ സംഘങ്ങൾ അപേക്ഷിച്ചാൽ ബിസിനസ്സ് ആവശ്യത്തിന് മുറി അനുവദിച്ച് നൽകുമോ?

**ഉത്തരം** – താവക്കര ക്യമ്പസ്സിൽ നിർമ്മിച്ച സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിൽ സ്റ്റേഷനറി ആരംഭിക്കാൻ കണ്ണൂർ ജില്ലാ പ്രിന്റിങ് ആൻഡ് പബ്ലിഷിംഗ് കോ-ഓപ്പറേറ്റീവ് പ്രസ്സ് സമർപ്പിച്ച അപേക്ഷയ്ക്ക് 20/01/2020 ലെ സിൻഡിക്കേറ്റ് തീരുമാന നമ്പർ 2020.005 പ്രകാരം സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിന്റെ നിർമ്മാണം പൂർത്തിയായതിനു ശേഷം കോ-ഓപ്പറേറ്റീവ് പ്രസ്സിന്റെ അപേക്ഷ പരിഗണിക്കാമെന്ന് സിൻഡിക്കേറ്റ് തീരുമാനിക്കുകയും ചെയ്തു.

Q.No. 60

Smt. ASMINA ASHRAF P.K

UGC വിവിധആവശ്യങ്ങൾക്കായി വിദ്യാർത്ഥികളോട് ആവശ്യപ്പെടുന്ന റാങ്ക് സർട്ടിഫക്കറ്റ് സർവ്വകലാശാല നൽകാറുണ്ടോ? (Rank Certificate) ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് നൽകാത്തത്?

**ഉത്തരം** – യു ജി സി ആവശ്യങ്ങൾക്കായി വിദ്യാർത്ഥികൾ റാങ്ക് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾപൊസിഷൻ സർട്ടിഫിക്കറ്റാണ് നൽകി വരുന്നത്. നിലവിലുള്ള യു.ജി/പി.ജി റെഗുലേഷനുകൾ പ്രകാരം പൊസിഷൻ സർട്ടിഫിക്കറ്റ് നൽകാനേ വ്യവസ്ഥയുള്ളൂ. കണ്ണൂർ സർവ്വകലാശാല റാങ്ക് സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല എന്നും, OGPA യുടെ അടിസ്ഥാനത്തിൽ പൊസിഷൻ സർട്ടിഫിക്കറ്റാണ് അനുവദിക്കുന്നതെന്നും ടി ആവശ്യത്തിന് നൽകുന്ന സർട്ടിഫിക്കറ്റിൽ വ്യക്തമാക്കുന്നുണ്ട്.

Q.No. 61

Adv. P. APPUKUTTAN

വലിയ തുക ചെലവഴിച്ച് നിർമ്മിച്ച കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ലൈബ്രറി കെട്ടിടം ഉപയോഗ ശൂന്യമായി കിടക്കുകയാണല്ലോ. ഇത് ഉപയോഗപ്രദമാക്കാൻ വല്ല നടപടിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം** - കണ്ണൂർ യൂണിവേഴ്സിറ്റി ലൈബ്രറി കെട്ടിടത്തിൽ ലൈബ്രറി പ്രവർത്തനം, റിസർച്ച് ഡയറക്ടറേറ്റ് വകുപ്പ്, ലൈബ്രറി സയൻസ് വകുപ്പ് എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്.

Q.No. 62

Sri. SATHEESAN P.K

കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്ത് വരുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മറ്റുള്ളവർക്കും അത്യാവശ്യം വിശ്രമിക്കുവാൻ വിശ്രമകേന്ദ്രം നിലവിൽ ഉണ്ടോ? ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** - കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്ത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മറ്റുള്ളവർക്കും അത്യാവശ്യം വിശ്രമിക്കാനുള്ള സൗകര്യം നിലവിൽ ഇല്ല. സ്റ്റുഡന്റ് അമിനിറ്റി സെന്റർ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

Q.No. 63

Sri. RAMSHA C.P

വിദേശ സർവ്വകലാശാലകളിലൊക്കെ പഠനവും തൊഴിലും ഒരുമിച്ച് ചെയ്യുന്ന സംവിധാനവും പദ്ധതിയുമുണ്ട്. നമ്മുടെ സർവ്വകലാശാലയിൽ ഈ മാതൃക നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം** - ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

Q.No. 64

Sri. SUHAIL MUHAMMED KHALID

Online students Grievances Reddressel portal and University Anti- Ragging cell സർവ്വകലാശാലയിൽ രൂപീകരിച്ചിട്ടുണ്ടോ? ഇതിന് ആവശ്യമായ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എപ്പോൾ നിയമിക്കും?

**ഉത്തരം** - ഓൺലൈൻ സ്റ്റുഡന്റ്സ് ഗ്രീവൻസ് റിഡ്രസ്സൽ പോർട്ടൽ സർവ്വകലാശാല ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. നോഡൽ ഓഫീസറായി ഡയറ

ക്ടർ ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസിനെ നിയമിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി ആന്റി റാഗിങ്ങ് സെൽ സർവ്വകലാശാലയിൽ നിലവിൽ രൂപീകരിച്ചിട്ടില്ല.

Q.No. 65

Adv. P. APPUKUTTAN

ലൈബ്രറി സയൻസുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രധാനമായും ചർച്ച ചെയ്യുന്നതിന് വിദഗ്ധരെയും പബ്ലിക്ക് ലൈബ്രറികളുടെ പ്രവർത്തകരെയും പങ്കെടുപ്പിച്ചു കൊണ്ട് ഒരു ലൈബ്രറി കോൺഗ്രസ് സംഘടിപ്പിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ?

**ഉത്തരം** – 2020 മാർച്ച് 6, 7 തീയ്യതികളിൽ കണ്ണൂർ സർവ്വകലാശാലയിൽ വെച്ച് അക്കാദമിക് പബ്ലിക് ലൈബ്രറി കോൺഗ്രസ് സംഘടിപ്പിച്ചിരുന്നു. ഇത് കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ, കണ്ണൂർ സർവ്വകലാശാല സെൻട്രൽ ലൈബ്രറി, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആന്റ് ഇൻഫോർമേഷൻ സയൻസ്, കണ്ണൂർ യൂണിവേഴ്സിറ്റി എന്നിവ സംയുക്തമായാണ് നടത്തിയത്.

Q.No. 66

Dr. JOBY K JOSE

സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ശേഷം അധ്യാപകർ ഗവേഷണ വിദ്യാർത്ഥികളെ ഗൈഡ് ചെയ്യുന്നത് അനുവദിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചുകൊണ്ട് UGC നിലവിൽ ഉത്തരവ് ഇറക്കിയിട്ടുണ്ടോ? ഉണ്ട് എങ്കിൽ മേൽ പറഞ്ഞ ഉത്തരവ് കണ്ണൂർ സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ടോ? ഇപ്രകാരം എത്ര യൂണിവേഴ്സിറ്റി അധ്യാപകരുടെ കീഴിൽ research ചെയ്യുന്ന students ന്റെ Guideship change ചെയ്ത് ഉത്തരവ് ഇറക്കി? എത്ര അഫിലിയേറ്റഡ് കോളേജ് അധ്യാപകരുടെ കീഴിൽ research ചെയ്യുന്ന students ന്റെ Guideship change ചെയ്ത് ഉത്തരവ് ഇറക്കി? ഗൈഡ് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ശേഷം ഗവേഷണ പ്രബന്ധം സമർപ്പിക്കാൻ എത്ര ഗവേഷണ വിദ്യാർത്ഥികൾക്ക് അനുമതി നൽകി (2019 ജനുവരി മുതൽ)? എത്ര ഗവേഷക വിദ്യാർത്ഥികൾക്ക് അനുമതി നൽകിയിട്ടില്ല?

**ഉത്തരം** – ഉണ്ട്. UGC യുടെ നോട്ടിഫിക്കേഷൻ No. F.1-2/2009(EC/PS)V(I)VOL.II dtd 05.05.2016, Clause 6.2 “Only a full time regular teacher of the concerned Univerasity/ Insttitution Deemed to be a University/ College can act as a supervisor” ഇപ്രകാരം പ്രതിപാദിക്കുന്നുണ്ട്. 11.02.2020 തീയ്യതിയിലെ സർവ്വകലാശാല ഉത്തരവ് RD/ DIRECTOR (RD)/ 4889/ 2019 പ്രകാരം Ph.D റെഗുലേഷൻ 2018 ലെ Clause 6.9 “The recognition given to a researcher as Supervisor shall be valid till his/her retirement” എന്ന് ഭേദഗതിവരുത്തിയിട്ടുണ്ട്. ഇപ്രകാരം യൂണിവേഴ്സിറ്റി അധ്യാപ

കരുടെ കീഴിൽ റിസർച്ച് ചെയ്യുന്ന students ന്റെ ഗൈഡുമാരുടെ guideship ചേഞ്ച് ചെയ്തു സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപകരുടെ കീഴിൽ റിസർച്ച് ചെയ്യുന്ന 6 പേരുടെ ഗൈഡ് ചേഞ്ച് ചെയ്ത് ഉത്തരവ് ഇറക്കിയിട്ടുണ്ട്. റിട്ടയർ ചെയ്ത റിസേർച് ഗൈഡിന് കീഴിലുള്ള ആകെ 39 റിസേർച്ച് സ്കോളേഴ്സ് ഗവേഷണ പ്രബന്ധം സമർപ്പിച്ചിട്ടുണ്ട്. (2019 ജനുവരി മുതൽ). റിട്ടയർ ചെയ്ത റിസർച് ഗൈഡിന് കീഴിലുള്ള ഒരു റിസർച് സ്കോളറിനും ഗവേഷണ പ്രബന്ധം സമർപ്പിക്കാൻ അനുമതി നൽകാതിരുന്നിട്ടില്ല.

Q.No. 67

Smt. ASMINA ASHRAF P.K

സർവ്വകലാശാല വിദ്യാർത്ഥി യൂണിയന് വർഷത്തിൽ എത്ര രൂപയാണ് നിലവിൽ ഫണ്ട് അനുവദിക്കുന്നത്? മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പ്രകാരം ഏതെല്ലാം ഇനങ്ങൾക്കാണ് ഫണ്ട് നൽകാറുള്ളത്?

**ഉത്തരം** – അതാത് സാമ്പത്തിക വർഷത്തെ സർവ്വകലാശാല ബഡ്ജറ്റിൽ സർവ്വകലാശാല യൂണിയൻ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുകയ്ക്കനുസരിച്ച് വ്യത്യാസം വരുന്നു. ഈ സാമ്പത്തിക വർഷം യൂണിയൻ പ്രവർത്തനങ്ങൾക്കായി 22,50,000/-രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. അതാത് വർഷത്തെ സർവ്വകലാശാല യൂണിയൻ മുൻകൂട്ടി സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് സർവ്വകലാശാല കലോത്സവം, സെമിനാറുകൾ, ക്യാമ്പുകൾ തുടങ്ങി പ്രധാനപ്പെട്ട ഇനങ്ങൾ ഉൾപ്പെടുത്തികൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. യൂണിയൻ ചെയർപേഴ്സൺ/സെക്രട്ടറി ആവശ്യപ്പെടുന്നത് അനുസരിച്ച് സിൻഡിക്കേറ്റ് യോഗം ചേർന്നാണ് ഫണ്ട് അനുവദിക്കുന്നത്.

Q.No. 68

Sri K.V. UNNIKRISHNAN

കണ്ണൂർ സർവ്വകലാശാലയുടെ ആക്റ്റിലോ, സ്റ്റാറ്റ്യൂട്ടിലോ നിർവ്വചിക്കാത്ത ഒരു കാര്യമാണ് സെനറ്റിന്റെ അനൗപചാരിക യോഗമെന്നത്. യോഗം ആരംഭിച്ച ഉടനെ ബഹുമാനപ്പെട്ട വൈസ് ചാൻസിലർ പറഞ്ഞത്, മാങ്ങാട്ടുപറമ്പിലുള്ള സെനറ്റ് ഹാളിന്റെ അറ്റകുറ്റപണികൾ നടന്നു വരികയാണെന്നും ആയത് പൂർത്തിയായ ഉടനെ ഔപചാരികമായ യോഗം വിളിച്ചു ചേർക്കും എന്നുമാണ്. മാസങ്ങൾ കഴിഞ്ഞു. സർവ്വകലാശാല സെനറ്റിന്റെ ആദ്യ യോഗം 2020 ജനുവരി 30 ന് ആണ് ചേർന്നത്. ഇത് സർവ്വകലാശാലയുടെ രണ്ടാമത്തെയും ഏറ്റവും പ്രാധാന്യമേറിയതുമായ വാർഷിക യോഗമാണ്. വാർഷിക റിപ്പോർട്ട്, വാർഷിക വരവു ചെലവു കണക്കെടുപ്പ്, ഓഡിറ്റ് റിപ്പോർട്ട്, സാമ്പത്തിക എസ്റ്റിമേറ്റ്,തുടങ്ങിയ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാനുള്ള ഒരു സർവ്വകലാശാലയുടെ ഏറ്റവും പ്രധാനപ്പെട്ട മീറ്റിങ്ങാണിത്. സാധാരണ യോഗങ്ങൾക്കോ സെമിനാറുകൾക്കോ മാത്രം അനു

യോജ്യമായ ഈ ഹാളിൽ ഇത്രയും പ്രധാനപ്പെട്ട ഒരു സെനറ്റ് യോഗം ചേരാനാവശ്യമായ ശബ്ദസംവിധാനങ്ങളോ ഇരിപ്പിടങ്ങളോ ക്രമീകരിച്ചിട്ടില്ല. എന്തുകൊണ്ടാണ് ഇത്രയും പ്രധാനപ്പെട്ട ഈ യോഗത്തിന്, അതിനർഹിച്ച മഹത്വം കൽപ്പിക്കാതെ നിയമാനുസൃതമായി തെരഞ്ഞെടുക്കപ്പെട്ട സെനറ്റിനോട് ഈ അവഗണന എന്നു വ്യക്തമാക്കാൻ ഞാൻ ആവശ്യപ്പെടുന്നു.

<u>**ഉത്തരം**</u> - സെനറ്റ് ഹാളിന്റെ പുനർനിർമ്മാണം പൂർത്തിയാകാൻ കാത്തിരുന്നാൽ സെനറ്റ് യോഗം അനിശ്ചിതമായി നീണ്ടുപോകുമെന്നതിനാലാണ് യോഗം താവക്കര ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ ചേർന്നത്. മാങ്ങാട്ടുപറമ്പ് സെനറ്റ് ഹാളിന്റെ അറ്റകുറ്റ പണികൾ അക്രെഡിറ്റെഡ് ഏജൻസിയായ HITES യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവർത്തിയുടെ പുനർടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നതായി HITES അറിയിച്ചിട്ടുണ്ട്.

Q.No. 69

<u>Sri. RAHUL A.P</u>

പാരലൽ കോളേജ് വിദ്യാർത്ഥികൾക്കും മറ്റ് വിദ്യാർത്ഥികൾക്ക് സംഘടിപ്പിക്കുന്നത് പോലെ കായിക മത്സരവും കലോത്സവവും സംഘടിപ്പിക്കേണ്ടതല്ലേ. ഇത്തരത്തിൽ പാരലൽ വിദ്യാർത്ഥികൾക്ക് വേണ്ടി മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് യൂണിവേഴ്സിറ്റി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?.ഇല്ലെങ്കിൽ ഭാവിയിൽ സ്വീകരിക്കുമോ.

<u>**ഉത്തരം**</u> - 2014-2015 വർഷം മുതൽ വിദ്യാർഥികൾക്ക് വേണ്ടി കലാകായിക മേളകൾ നടത്തിയിരുന്നു. എന്നാൽ 2018 മുതലാണ് ഇവ നടത്താതിരുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും കേരള ഓപ്പൺ സർവ്വകലാശാലയുടെ രൂപീകരണവും കണക്കിലെടുത്ത് കലാകായിക മേളകൾ സർവ്വകലാശാല നടത്തേണ്ടതില്ലെന്ന് 03.02.2019 ലെ സിന്റിക്കേറ്റ് ഇനം. 2019.208 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

Q.No. 70

<u>Sri. RAHUL A.P</u>

തലശ്ശേരി ക്യാമ്പസിൽ LLB വിഭാഗത്തിൽ ഏറ്റവും അത്യാവശ്യഘടകമാണ് സെമിനാർ ഹാൾ. ഇത് സിന്റിക്കേറ്റിന്റേയും യൂണിവേഴ്സിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തിയതാണ്. ലീഗൽ സ്റ്റഡീസിന് സെമിനാർ ഹാൾ അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ, സീകരിച്ചെങ്കിൽ എന്തൊക്കെ?

<u>**ഉത്തരം**</u> - തലശ്ശേരി ക്യാമ്പസ്സിലെ ലീഗൽ സ്റ്റഡീസിന്റെ വെർട്ടിക്കൽ എക്സ്റ്റൻഷനു വേണ്ടിയുള്ള ചെലവ് 3,56,73,735/- രൂപ 2020-21 സാമ്പത്തിക

വർഷത്തെ അഡീഷണൽ ഫണ്ടായി പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി പരിഗണിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Q.No. 71

Adv. P. APPUKUTTAN

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്നതും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ പബ്ലിക് ലൈബ്രറികളിലെ അംഗങ്ങൾക്ക് കൂടി ഉപയോഗപ്പെടുന്ന നിലയിൽ യൂണിവേഴ്സിറ്റി ലൈബ്രറി ഡിജിറ്റലൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം** – കണ്ണൂർ യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറിയിൽ അംഗത്വം എടുത്തിട്ടുള്ളവർക്ക് ഉപയോഗയോഗ്യമായ രീതിയിൽ യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറി ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. 1,79,040 ഇ.ബുക്കുകളും 25000 ഓളം ഇ.ജേർണലുകളും ലൈബ്രറി 24x7 യൂസർനെയിം, പാസ് വേഡ് വ്യവസ്ഥയിൽ പുറത്തും ലഭ്യമാണ്.
ലൈബ്രറിയിലെ മുഴുവൻ ശേഖരങ്ങളുടെയും (പുസ്തകങ്ങൾ, ജേർണലുകൾ, മാഗസിനുകൾ) വിവര സൂചിക "libopac.kannuruniversity.ac.in" എന്ന ലിങ്കിൽ ലഭ്യമാണ്.
കണ്ണൂർ സർവ്വകലാശാല സെൻട്രൽ ലൈബ്രറിയിൽ, ബിരുദമുള്ള ആർക്കും അംഗത്വം എടുക്കാവുന്നതാണ്. ബന്ധപ്പെട്ട അപേക്ഷഫോറം ലൈബ്രറി വെബ്സൈറ്റിൽ "www.hgcl.kannuruniversity.ac.in" നിന്നും ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

Q.No. 72

Sri. ALBIN MATHEW

കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് 2008-ൽ സർവ്വകലാശാല സെന്റർ ആരംഭിക്കുന്നതിനു വേണ്ടി 8-ഏക്കർ സ്ഥലം ഏറ്റെടുത്തിരുന്നു. എന്നാൽ പിന്നീട് പൂർത്തികരിക്കുവാനാവശ്യമായ പ്രവർത്തനമോ, തീരുമാനങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യാഥാർത്ഥ്യമാക്കുന്നതിന്റെ തടസ്സങ്ങൾ നിലവിലുണ്ടോ? അടിയന്തിരമായി പൂർത്തികരിക്കുവാൻ നടപടികൾ കൈക്കൊള്ളുമോ?

**ഉത്തരം** – കാസർകോട് ജില്ലയിലെ മഞ്ചേശ്വരത്ത് 2008 ൽ ഏറ്റെടുത്ത സ്ഥലത്ത് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. അക്കാഡമിക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുന്നു.

Q.No. 73

Dr. M. SINI

സർവ്വകലാശാലയിലെ എത്ര വകുപ്പുകളിൽ (ഡിപ്പാർട്ട്മെന്റ്) നിലവിൽ സ്ഥിരം ഓഫീസ് അസ്സിസ്റ്റന്റുമാരുണ്ട്.? എല്ലാ പഠനവകുപ്പുകളിലും സ്ഥിരം ഓഫീസ് അസ്സിസ്റ്റന്റുമാരില്ലെങ്കിൽ സ്ഥിരം അസിസ്റ്റന്റുമാരെ നിയമിക്കാൻ സർവ്വകലാശാല എന്തു നടപടിയാണ് എടുത്തിട്ടുള്ളത്.?

**ഉത്തരം** - ഒരു പഠന വകുപ്പിൽ ഒരു അസിസ്റ്റന്റ് എന്ന മാനദണ്ഡത്തിൽ സ്ഥിരം അടിസ്ഥാനത്തിലുള്ള 25 അസിസ്റ്റന്റുമാർ പഠന വകുപ്പുകളിൽ നിയമിക്കപ്പെട്ടിട്ടു ണ്ട്. അസിസ്റ്റന്റ് വിഭാഗത്തിൽ സ്ഥിരം അടിസ്ഥാനത്തിലുള്ള തസ്തിക കൾക്കൊപ്പം താൽക്കാലിക അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ തസ്തികകളും പഠന വകുപ്പുകളിൽ അനുവദിച്ചിട്ടുണ്ട്. പഠന വകുപ്പുകളിൽ താൽക്കാലിക അടി സ്ഥാനത്തിൽ ഏർപ്പെടുത്തിയ തസ്തികകൾക്ക് പകരം സ്ഥിരം അടിസ്ഥാനത്തി ലുള്ള തസ്തികകൾ പുനർ വിന്യസിക്കുന്നതിലെ പ്രായോഗികത പരിശോധിക്കു ന്നതാണ്.

Q.No. 74

Sri. RAHUL A.P

കാസർകോഡ് ജില്ലയിൽ അനുദിക്കപ്പെട്ട ത്രിവത്സര LLB കോഴ്സിന്റെ നടപടിക്ര മങ്ങൾ വിശദീകരിക്കണം. പാലയാട് ക്യാമ്പസിൽ മുമ്പുണ്ടായിരുന്ന ത്രിവത്സര LLB നീക്കം ചെയ്യാൻ ഉണ്ടായ കാരണങ്ങൾ എന്തെല്ലാം. ഇത് പുനസ്ഥാപിക്കാൻ എന്തെങ്കിലും നടപടി യൂണിവേഴ്സിറ്റി സ്വീകരിച്ചോ?

**ഉത്തരം** - കണ്ണൂർ സർവ്വകലാശാല തലശ്ശേരി ക്യാമ്പസ്സിൽ പ്രവർത്തിച്ചു വരുന്ന സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ എക്സ്റ്റൻഷൻ സെന്റർ ആയി കാസർഗോഡ് 3 Year LLB കോഴ്സ് cost sharing basis ൽ ആരംഭിക്കുന്നതിന് 18.05.2016 ൽ ചേർന്ന സിൻഡിക്കേറ്റ് തീരുമാനിച്ചത് പ്രകാരം സിൻഡിക്കേറ്റ് സബ് കമ്മിറ്റി കാസർഗോഡ് കോ-ഓപ്പറേറ്റീവ് എഡ്യുക്കേഷണൽ സൊസൈറ്റി 2 വർഷത്തേക്ക് സൗജന്യമായി അനുവദിച്ച് കെട്ടിടം പരിശോധിക്കുകയും, കാസർഗോഡ് നഗര ത്തിലോ പരിസര പ്രദേശത്തോ ലോ കോളേജ് ആരംഭിക്കുന്നത് വിജയപ്രദമാകി ല്ലെന്നും കാഞ്ഞങ്ങാട് ലോ കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണ മെന്നും ശിപാർശ ചെയ്തു. കാഞ്ഞങ്ങാട് ലോ കോളേജ് അനുവദിക്കപ്പെടുകയാ ണെങ്കിൽ ഭൗതിക സാഹചര്യം ഒരുക്കി കോളേജ് പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടുന്ന നടപടി സ്വീകരിക്കുമെന്ന് കാഞ്ഞങ്ങാട് നഗരസഭ ചെയർമാൻ രേഖാ മൂലം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭ നിർദ്ദേശിച്ച സ്ഥലം സിൻഡി ക്കേറ്റ് സബ് കമ്മിറ്റി പരിശോധിക്കുകയും, പരിശോധന റിപ്പോർട്ട് 12.03.2018 ന് ചേർന്ന സിൻഡിക്കേറ്റ് അംഗീകരിക്കുകയും ചെയ്തു. (ഇനം നമ്പർ 2018.118)

തുടർന്ന് സർവ്വകലാശാല 'ടി' കോളേജ് ആരംഭിക്കുന്നതിന് സർക്കാരിന്റെയും ബാർ കൗൺസിലിന്റെയും അനുമതിക്കായി എഴുതിയിട്ടുണ്ട്. കേരള സർക്കാർ 'ടി' കോളേജ് ആരംഭിക്കുന്നതിന് സർക്കാരിനോ സർവ്വകലാശാലയ്ക്കോ സാമ്പത്തിക ബാധ്യത ഉണ്ടാകുമോ എന്നന്വേഷിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല മറുപടി നൽകിയിട്ടുണ്ട്.
പാലയാട് നടത്തിയിരുന്ന ത്രിവത്സര എൽ.എൽ.ബി കോഴ്സ് നിർത്തലാക്കിയതിന്റെ കാരണങ്ങൾ ആരാഞ്ഞ് നിയമപഠന വകുപ്പദ്ധ്യക്ഷയുടെ റിമാർക്സ് തേടിയിട്ടുണ്ട്. അത് ലഭ്യമാകുന്ന ഉടൻ മറുപടി നൽകുന്നതാണ്.

Q.No. 75

Dr. ISMAIL OLAYIKKARA

യൂണിവേഴ്സിറ്റിക്ക് പുതിയ പ്രവേശന കവാടം സ്ഥാപിക്കുന്ന പ്രവർത്തനം എത്രത്തോളം പുരോഗമിച്ചിട്ടുണ്ട്?

**ഉത്തരം** – പ്രവേശന കവാടത്തിന്റെ ജോലി M/s ULCCS Ltd നെ ഏൽപ്പിക്കാനും അതിന്റെ രൂപകൽപ്പന ചെയ്തു സമർപ്പിക്കാനും വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം M/s ULCCS Ltd നു കത്തയച്ചിട്ടുണ്ട്.

Q.No. 76

Dr. ISMAIL OLAYIKKARA

പുതിയ പഠന വകുപ്പുകൾ യൂണിവേഴ്സിറ്റിയിൽ ആരംഭിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോ? ഏതൊക്കെ പഠന വകുപ്പുകളാണ് പുതുതായി ആരംഭിക്കുന്നത്?

**ഉത്തരം** – കണ്ണൂർ സർവ്വകലാശാല നിലവിലുള്ള സിൻഡിക്കേറ്റിന്റെ വിവിധ മീറ്റിംഗുകളിലായി Dept. of Botany, Dept. of Public Administration, Dept. of Atmosphere Science, Dept. of Gandhian Studies എന്നീ ഡിപ്പാർട്ടുമെന്റുകൾ സർവ്വകലാശാലയിൽ ആരംഭിക്കുന്നതിനെ കുറിച്ച് പഠിക്കുന്നതിനും വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി സിൻഡിക്കേറ്റ് മെമ്പർമാർ ഉൾപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

II. Business brought forward by the Members of the Syndicate and the Vice-Chancellor.

2.16 Dr. R.K. Biju, Smt . Sona. P എന്നിവർ സമർപ്പിച്ച രണ്ട് അടിയന്തര പ്രമേയങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ശ്രീ. ആർ.കെ. ബിജു സമർപ്പിച്ച പ്രമേയം സർവ്വകലാശാലയുടെ അധികാര പരിധിയിൽ വരാത്തതിനാൽ തള്ളുന്നുവെന്നും ചെയർ പറഞ്ഞു.

2.17 ശ്രീമതി. സോന. പി. യുടെ അടിയന്തിര പ്രമേയം അവസാനത്തെ അജണ്ടയായി ചർച്ചചെയ്യാമെന്നും ചെയർ അഭിപ്രായപ്പെട്ടു.

i. Consider and pass resolution on the Annual Accounts for the year 2017-18 and Audit Report.

2.18 നിലവിലുള്ള സ്റ്റാറ്റ്യൂട്ടിനും ഓർഡിനൻസിനും വിരുദ്ധമായാണ് സിൻഡിക്കേറ്റ് തീരുമാനങ്ങളെടുക്കുന്നതെന്നും അവ നടപ്പിലാക്കുന്നതെന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. കൂടാതെ ഇ-ഗ്രാന്റ്സ് മുഖേന ലഭിക്കേണ്ട പരീക്ഷാഫീ വിഹിതത്തിലെ ലക്ഷക്കണക്കിന് രൂപയുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല, പദ്ധതി ഗ്രാന്റ് വിനിയോഗത്തിലെ വീഴ്ച കാരണം സർവ്വകലാശാലക്ക് 39.02 കോടി നഷ്ടപ്പെട്ടു, ഇ-ഗവേണൻസ്ഗ്രാന്റ് 73% തുക ചെലവഴിക്കാതെ തിരിച്ചടച്ചു, സ്റ്റുഡന്റ് അമിനിറ്റി സെന്റർ നിർമ്മാണത്തിന് സർക്കാർ ഉത്തരവ് മറികടന്ന് 10% ലാഭം അനുവദിച്ചു, സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിക്കാതെ മാങ്ങാട്ട് പറമ്പ് ക്യാമ്പസ് സിന്തറ്റിക്ക്ട്രാക്കിന് പണം നല്കി തുടങ്ങി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾക്ക് എന്തൊക്കെ പരിഹാരങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് ചെയർ മറുപടി നൽകണമെന്നും ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു.

2.19 MBA, MCA പോലുള്ള കോഴ്സുകളിൽ NRI സീറ്റിലേക്ക് അഡ്മിഷൻ നടത്തുമ്പോൾ ലഭിക്കുന്ന വരുമാനം Annual Account ൽ രേഖപ്പെടുത്തി കാണുന്നില്ല എന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത് അഭിപ്രായപ്പെട്ടു.

2.20 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവു പരാമർശങ്ങളെ പ്രസ്തുത ഓഡ്റ്റ് റിപ്പോർട്ടിലുള്ളൂവെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. എ. നിശാന്ത് അഭിപ്രായപ്പെട്ടു.

2.21 എല്ലാ വകുപ്പുകളോടും, സർക്കാർ സംവിധാനങ്ങളോടും നടത്തിയ വിശദമായ ചർച്ചകൾക്ക് ശേഷമാണ് ബജറ്റ് തയ്യാറാക്കിയതെന്നും ബജറ്റുമായി ബന്ധപ്പെട്ടുകൊണ്ടും, സർക്കാറിൽ നിന്നു ലഭിച്ച ഗ്രാന്റുമായി ബന്ധപ്പെട്ടുകൊണ്ടും, അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളാൽ ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടും വളരെ കൃത്യതയാണ് ഈ സിന്റിക്കേറ്റിന്റെ കാലത്ത് പുലർത്തിയതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

2.22 ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സർക്കാരിന്റെ തന്നെ എല്ലാ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന സഹകരണ മേഖലയിലുള്ള വിശ്വസനീയമായ ഒരു ഏജൻസിയാണ്. സർക്കാരിന്റെ അനുമതിയോടെ തന്നെയാണ് സ്റ്റുഡന്റ് അമിനിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തി സൊസൈറ്റിയെ ഏൽപ്പിച്ചതെന്നും ശ്രീ. എ. നിശാന്ത് അഭിപ്രായപ്പെട്ടു. ഓഡിറ്റിൽ പരാമർശിച്ച കാര്യങ്ങൾക്ക് കൃത്യമായ മറുപടി സിന്റിക്കേറ്റിന് നല്കാനാവുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

2.23 MBA Department ലാണ് NRI സീറ്റിൽ അഡ്മിഷനു ഫീസ് വാങ്ങുന്നതെന്നും Annual Accounts ൽ Fee from Students of teaching department എന്ന ശീർഷ

കത്തിലാണ് പ്രസ്തുത വരുമാനം കാണിച്ചിട്ടുള്ളതെന്നും സിന്റിക്കേറ്റ് മെമ്പർ ഡോ. ടി.പി. അഷ്റഫ് പറഞ്ഞു.

2.24 ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വസ്തുനിഷ്ഠമായ പരാമർശങ്ങൾക്ക് കൃത്യമായ മറുപടി നൽകണമെന്നും ശ്രീ. സതീശൻ പി.കെ അഭിപ്രായപ്പെട്ടു.

2.25 ചർച്ചകൾക്കുശേഷം 2017-18 വർഷത്തെ വാർഷിക കണക്കും ഓഡിറ്റ് റിപ്പോർട്ടും സഭ വോട്ടിനിട്ട് പാസ്സാക്കി.

ii. Consider and pass resolution on the Annual Report 2019

2.26 സെനറ്റ് യോഗത്തിന് 10 ദിവസത്തിന് മുന്നേ വാർഷിക റിപ്പോർട്ട് അംഗങ്ങൾക്ക് ലഭ്യമാക്കണമെന്ന് സ്റ്റാറ്റ്യൂട്ടിൽ പരാമർശിച്ചിരിക്കെ അവ സെനറ്റ് അംഗങ്ങൾക്ക് ലഭ്യമാക്കിയത് 5 ദിവസങ്ങൾക്ക് മുന്നേയാണെന്നും അത് പൂർണ്ണമായി വായിച്ചു മനസ്സിലാക്കാൻ പറ്റാത്ത സാഹചര്യത്തിൽ അത് മറ്റൊരു മീറ്റിംഗിൽ ചർച്ച ചെയ്യണമെന്നും ഡോ. ആർ.കെ. ബിജു, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ശ്രീ. സുഹൈൽ മുഹമ്മദ് ഖാലിദ്, ശ്രീ സതീശൻ പി.കെ. എന്നിവർ അഭിപ്രായപ്പെട്ടു.

2.27 ചർച്ചയിൽ ശ്രീ. എ. നിശാന്ത്, ഡോ. വി.പി.പി മുസ്തഫ, ശ്രീ. സാജു. പി.ജെ, ശ്രീ. ഹദീബ് ഫർഹാൻ ശ്രീ. ഇസ്മായിൽ ഓലായിക്കര എന്നിവർ പങ്കെടുത്തു.

2.28 വാർഷിക റിപ്പോർട്ട് അംഗങ്ങൾക്ക് അയച്ചുകൊടുക്കുന്നതിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വൈസ് ചാൻസലർ സഭയിൽ വിശദീകരിച്ചു.

2.29 സർവ്വകലാശാല IQAC യുടെ പ്രവർത്തനം മോശമാണെന്നും, ഒരുപാട് ചെയറുകൾ സർവ്വകലാശാലയിൽ നിലവിലുണ്ടെങ്കിലും അവ കൃത്യമായി പ്രവർത്തിക്കുന്നില്ലെന്നും ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. കൂടാതെ സെൻട്രൽ ലൈബ്രറി വേണ്ട നിലവാരത്തിലെത്തിയിട്ടില്ല എന്നാണ് സന്ദർശകരുടെ കണക്കുകൾ സൂചിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

2.30 വാർഷിക റിപ്പോർട്ടിൽ ഉന്നയിക്കത്തക്ക ഗുരുതരമായ പ്രശ്നങ്ങളൊന്നുമില്ലെന്നും സിന്റിക്കേറ്റിന്റെ കഴിഞ്ഞ കാല പ്രവർത്തനങ്ങൾക്ക് മുഴുവനാളുകളുടേയും അംഗീകാരം നേടിയെടുക്കാൻകഴിഞ്ഞിട്ടുണ്ടെന്നും ശ്രീ. ആൽബിൻ മാത്യു അഭിപ്രായപ്പെട്ടു.

2.31 എ.കെ. ഗോപാലൻ ചെയറിന്റെ നേതൃത്വത്തിൽ മൂന്ന് സെമിനാറുകൾ നടത്തിയിട്ടുണ്ടെന്നും, വളരെ പ്രധാനപ്പെട്ട ഒരു പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും വൈസ് ചാൻസിലർ പറഞ്ഞു. കൂടാതെ ലൈബ്രറിയിൽ e-resource മുഖേനയാണ് വിവിധ ക്യാമ്പസ്സുകളിലെ വിദ്യാർത്ഥികൾ പുസ്തകങ്ങൾ വായിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

2.32 ചർച്ചകൾക്കുശേഷം വാർഷിക റിപ്പോർട്ട് സഭ പാസാക്കി.

3 Business brought forward by the members of the Senate.

Resolution No.1

Sri. RAKESH M.B moved the resolution.

സെമിനാർ, സിംപോസിയങ്ങൾ എന്നിവയ്ക്ക് രജിസ്റ്റർ ചെയ്യുമ്പോഴും, പ്രൊഫൈലുകൾ പൂരിപ്പിക്കുമ്പോഴും, ഓൺ ലൈൻ ജേർണലുകൾ സബ്സ്ക്രൈബ് ചെയ്യുമ്പോഴും ഇൻസ്റ്റിറ്റ്യൂഷൻ മെയിൽ ഐഡിയാണ് രേഖപ്പെടുത്തേണ്ടി വരുന്നത്. കണ്ണൂർ സർവ്വകലാശാലയിലെ ഗവേഷകർക്ക് അത്തരമൊരു മെയിൽ ഐഡി സർവ്വകലാശാല നൽകിയിട്ടില്ല. സർവ്വകലാശാലയിലെ മുഴുവൻ ഗവേഷകർക്കും യൂണിവേഴ്സിറ്റി ഡൊമൈനിൽ ഇൻസ്റ്റിറ്റ്യൂഷൻ മെയിൽ ഐഡി നിർമ്മിച്ച് നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.33 Dr. Sureshkumar. K.S പ്രമേയത്തെ പിന്താങ്ങി.

2.34 ഗവേഷകർക്കും യൂണിവേഴ്സിറ്റി ഡൊമൈനിൽ ഇൻസ്റ്റിറ്റ്യൂഷൻ മെയിൽ ഐഡി നല്കാനുള്ള ഉത്തരവു നല്കിയിട്ടുണ്ടെന്നും പെട്ടെന്ന് തന്നെ നടപ്പിലാക്കുന്നതാണെന്നും വൈസ് ചാൻസലർ പറഞ്ഞു.

2.35 പ്രമേയം സഭ പാസ്സാക്കി

Resolution No. 2

Dr. JOHNY JOSE moved the resolution.

ഏകജാലക സംവിധാനത്തിലെ പോരായ്മകൾ കാരണം ഒന്നാം വർഷ ക്ലാസ്സുകൾ കൃത്യമായി തുടങ്ങാൻ കഴിയുന്നില്ല. സമയബന്ധിതമായി പൂർത്തിയാക്കാത്തത് മൂലമാണ് ഇത് സംഭവിക്കുന്നത്. 90 ദിവസം അദ്ധ്യയന ദിവസം വേണമെന്നിരിക്കെ, പകുതി പോലും കിട്ടാത്തതിനാൽ പാഠ ഭാഗങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ ഏകീകരണ കലണ്ടർ ഉണ്ടാക്കി അഡ്മിഷൻ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.

2.36 Sri. K.V Unnikrishnan പ്രമേയത്തെ പിന്താങ്ങി.

2.37 അക്കാദമിക പരീക്ഷ കലണ്ടർ ഉപയോഗിച്ച് കൃത്യമായ പ്ലാനോടുകൂടിയാണ് അലോട്ട്മെന്റും അഡ്മിഷനും നടത്തുന്നതെന്നും അതിനാൽ ഈ പ്രമേയം തള്ളിക്കളയണമെന്നും ഡോ. ടി.പി. അഷ്റഫ് അഭിപ്രായപ്പെട്ടു. വിശദമായ ചർച്ചകൾക്കുശഷം ഏകീകൃത കലണ്ടർ തയ്യാറാക്കിയതോടെ ന്യൂനതകൾ ഒരു പരിധി വരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ ഈ പ്രമേയത്തിന് പ്രസക്തിയില്ലെന്നും സിന്റിക്കേറ്റ് മെമ്പർ ശ്രീ. എ. നിശാന്ത് അഭിപ്രായപ്പെട്ടു.

2.38 ചർച്ചകൾക്കുശേഷം പ്രമേയം വോട്ടിനിട്ടുതള്ളി.

Resolution No. 3

Smt. ASMINA ASHRAF moved the resolution.

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോഴ്സുകൾ പൂർത്തിയാക്കി ബിരുദം നേടുന്ന വിദ്യാർത്ഥികൾക്ക് അതാത് ക്യാമ്പസിൽ വെച്ചോ സർവ്വകലാശാലകളിൽ വെച്ചോ ബിരുദ ദാന ചടങ്ങുകൾ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്. ഭൂരി ഭാഗം ക്യാമ്പസുകളിലും പ്രസ്തുത പരിപാടികൾക്ക് പ്രോത്സാഹനം നൽകുന്നി ല്ല.ആവശ്യമായ നിർദ്ദേശങ്ങൾ ക്യാമ്പസുകൾക്ക് നൽകുവാനും ഉയർന്ന കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയിൽ തന്നെ ഇത്തരം ചടങ്ങുകൾ നിർബന്ധമായും നടത്തണമെന്നും ഈ പ്രമേയം ആവശ്യ പ്പെടുന്നു.

2.39 Sri. Suhail Mohammed Khalid പ്രമേയത്തെ പിന്താങ്ങി.

2.40 പ്രമേയം സഭ പാസ്സാക്കി.

Resolution No. 4

Smt. SONA . P moved the resolution.

യൂണിവേഴ്സിറ്റി/കോളേജ് ജീവനക്കാർക്ക് തൊഴിൽപരമായ കാര്യക്ഷമത വർദ്ധി പ്പിക്കാൻ സമയബന്ധിതമായി കപ്പാസിറ്റി ബിൽഡിംഗ് ഇനീഷ്യേറ്റീവ് കോഴ്സു കൾ സംഘടിപ്പിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.41 Sri. Shanoj M.P പ്രമേയത്തെ പിന്താങ്ങി.HRDC യുമായി ബന്ധപ്പെടുത്തി ഇത്തര ത്തിലുള്ള കോഴ്സുകൾ സംഘടിപ്പിക്കണമെന്ന് ഡോ. ആർ.കെ. ബിജു അഭിപ്രാ യപ്പെട്ടു.

2.42 പ്രമേയം സഭ പാസ്സാക്കി.

Resolution No. 5

Dr. JOHNY JOSE moved the resolution.

സംസ്ഥാനത്ത് 80% ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നത് സ്വാശ്രയ കോളേ ജുകളിലാണ്. SC/ST/OEC ഗ്രാന്റുകൾ 2008 ന് ശേഷം സ്വാശ്രയ കോളേജുകൾക്ക് കിട്ടുന്നില്ല. പാരലൽ കോളേജുകളിൽ പോലും SC/ST/OEC വിഭാഗത്തിന് അർഹത പ്പെട്ട ഗ്രാന്റ് ലഭിക്കുമെന്നിരിക്കെ സ്വാശ്രയ കോളേജുകളിൽ ഗ്രാന്റ് കിട്ടാത്ത അവ സ്ഥയാണുള്ളത്. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവ രുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് അവരോടുള്ള വിവേചനമായി കാണേ ണ്ടതാണ്. നിരന്തരമായി ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരു ന്നുവെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. സ്വാശ്രയ കോളേജുകളിലെ SC/ST/OEC വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യ ത്തിന് അർഹരാണെന്നതിനാൽ അവർക്ക് ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും നൽകാ

നുള്ള നടപടി സ്വീകരിക്കണമെന്ന് കേരള സർക്കാരിനോട് സർവ്വകലാശാല ശുപാർശ ചെയ്യണമെന്ന് സെനറ്റ് യോഗം ആവശ്യപ്പെടുന്നു.

2.43 Dr. Suresh Kumar.K.S പ്രമേയത്തെ പിന്താങ്ങി.

2.44 പ്രമേയം സഭ പാസ്സാക്കി.

Resolution No. 6

Sri. SUHAIL MUHAMMED KHALID moved the resolution.

പുനർമൂല്യനിർണയ ഫലത്തിൽ നേരത്തെ ലഭിച്ച മാർക്കിനേക്കാൾ നിശ്ചിത ശതമാനം വ്യത്യാസം വരികയാണെങ്കിൽ പുനർമൂല്യനിർണയത്തിന് വേണ്ടി നൽകിയ ഫീസ് വിദ്യാർത്ഥികൾക്ക് തിരിച്ചു നൽകണം. സർവ്വകലാശാലയുടെ മൂല്യനിർണയത്തിൽ വന്ന പിഴവാണ് പുനർമൂല്യനിർണയ ഫലങ്ങളിൽ വ്യത്യാസം സംഭവിക്കുന്നത്. വിദ്യാർത്ഥികൾക്ക് സമയ നഷ്ടത്തിനു പുറമെ സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നത് അനീതിയാണ്. ആയതിനാൽ അടിയന്തിരമായി പ്രസ്തുത റെഗുലേഷൻ ഭേദഗതി ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.45 പ്രമേയത്തെ ശ്രീമതി. അശ്മിന അഷ്റഫ് പിന്താങ്ങി.

2.46 പ്രമേയം അംഗീകരിക്കുകയുംപരീക്ഷാ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തു.

Resolution No. 7

Sri. MOHAMMED SALIH K.M

2013, 2014 വർഷങ്ങളിൽ B.Tech കോഴ്സിന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് നിയമ പ്രകാരം യഥാക്രമം 2020, 2021 വർഷം വരെ സപ്ലിമെന്ററി പരീക്ഷകൾ എഴുതുവാൻ അവകാശം ഉണ്ട്. സപ്ലിമെന്ററി പരീക്ഷകൾ ഒഴിവാക്കി സർവ്വകലാശാല മാരത്തോൺ പരീക്ഷ നടത്തുവാൻ ഉത്തരവ് ഇറക്കിയിരിക്കുകയാണ്. നിയമപരമായി സപ്ലിമെന്ററി പരീക്ഷകൾ എഴുതവാൻ അവകാശമുള്ള വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അവസരം തന്നെ സർവ്വകലാശാല അനുവദിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.47 പ്രമേയവതാരകൻ ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No.8

Sri. MIDHUN BABU

കണ്ണൂർ സർവ്വകലാശാല നടത്തുന്ന യു ജി, പി ജി എക്സാമുകൾക്ക് റീവാല്യുവേഷൻ കഴിയുന്ന സമയത്ത് ആദ്യമേ കിട്ടിയ മാർക്കിനേക്കാൾ വളരെ അധികം മാർക്കുകൂടുന്ന സ്ഥിതി നിലവിൽ കണ്ടുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ കുട്ടിക്ക് മറ്റു യൂണിവേഴ്സിറ്റികളിൽ നിന്ന് വ്യത്യസ്തമായി റീ ഫണ്ട് ചെയ്യുന്ന സ്ഥിതി ഇല്ല. കുട്ടികളുടെ ഭാവിയെപ്പോലും ഇത്തരത്തിൽ മൂല്യനിർണ്ണയം

ചെയ്യുന്ന അധ്യാപകരുടെ അനാസ്ഥമൂലം പ്രതിസന്ധിയിൽ ആകുന്ന വിഷയമാണിത്. ആയതിനാൽ എക്സാം വാലേഷനിൽ വരുന്ന ഇത്തരം അനാസ്ഥ പരിഹരിക്കണമെന്നും വലിയരിതിയിൽ മാർക്ക് കൂടുന്നവർക്ക് റീവാലുവേഷന് അടച്ച പണം തിരികെ നൽകുന്ന രീതി ഉണ്ടാക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു..

2.48 പ്രമേയവതാരകൻ ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 9

<u>Sri. SUHAIL MUHAMMED KHALID</u> moved the resolution.

UGC യുടെ വിവിധ സേവനങ്ങൾക്കായി വിദ്യാർത്ഥികളോട് ആവശ്യപ്പെടുന്ന റാങ്ക് (Rank) സർട്ടിഫിക്കറ്റിന് പകരം കണ്ണൂർ സർവ്വകലാശാല പൊസിഷൻ സർട്ടിഫിക്കറ്റാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്. ആയത് കൊണ്ട് UGC യുടെ വിവിധ സ്കോളർഷിപ്പ് വരെ വിദ്യാർത്ഥികൾക്ക് നഷ്ടമാവുകയാണ്. വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി UGC ആവശ്യപ്പെടുന്ന റാങ്ക് (Rank) സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് അനുവദിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.49 പ്രമേയത്തെ ശ്രീ. ഷാനവാസ് എസ്.എം പിന്താങ്ങി.

2.50 ഡോ. ആർ.കെ. ബിജു, ശ്രീ. എ. നിശാന്ത് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. പ്രമേയം അംഗീകരിക്കുകയും പരീക്ഷാ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തു.

Resolution No. 10

<u>Sri. MOHAMMED SALIH K.M</u>

കണ്ണൂർ സർവ്വകലാശാലയുടെ വിവിധ കോഴ്സുകളിലുള്ള അറബിക്ക് വിഷയത്തിന്റെ പരീക്ഷാ ചോദ്യപേപ്പറുകളിൽ നിരന്തരമായി അക്ഷര തെറ്റുകൾ സംഭവിക്കുന്നതു കാരണം വിദ്യാർത്ഥികൾ നിരവധി പ്രതിസന്ധികൾ നേരിടുന്നു. ചോദ്യപേപ്പർ പ്രിന്റ് ചെയ്യുന്ന ജീവനക്കാർക്കിടയിൽ പ്രസ്തുത വിഷയവുമായി ധാരണയില്ലാത്തതാണ് പ്രശ്നത്തിന് കാരണമെന്ന് മനസ്സിലക്കാൻ സാധിക്കുന്നു. ആയതിനാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സർവ്വകലാശാല അടിയന്തിരമായി കൈക്കൊള്ളണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.51 പ്രമേയവതാരകൻ ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No.11

<u>Smt. LATHA E.S</u> moved the resolution.

The number of copies of marklists taken at the various centralised valuation camps may be restricted to just one copy, which may be used for verification

for the Additional Examiner and the Chief Examiner. The same may be submitted to the Chairman. Soft copies of the marklist may be sent to the Chairman after the completion of each session of valuation.

2.52 പ്രമേയത്തെ ശ്രീ. വിജയകുമാർ. വി പിന്താങ്ങി.

2.53 ശ്രീ. എ. നിശാന്ത് ചർച്ചയിൽ പങ്കെടുത്തു.

2.54 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 12

Smt. ASMINA ASHRAF

വിദൂര വിദ്യാഭ്യാസം വഴിനടത്തുന്ന വിവിധ ബിരുദ ബിരുദാനന്തര കോഴ്സുകളുടെ പരീക്ഷകൾ സമയബന്ധിതമായി നടത്തുവാനും ഫലങ്ങൾ കാലതാമസമെടുക്കാതെ പ്രസിദ്ധീകരിക്കുവാനും റെഗുലർ കോഴ്സുകൾക്ക് നൽകുന്ന പ്രാധാന്യം തന്നെ വിദൂര കോഴ്സുകൾക്കും സർവ്വകലാശാല നൽകണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.55 പ്രമേയവതാരക ശ്രീമതി. അശ്മിന അഷ്റഫ് തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 13

Sri. RAHUL A.P moved the resolution.

LLB വിഭാഗത്തിലെ പരീക്ഷകൾ സമയ ബന്ധിതമായി നടത്തി തീർക്കുക. കേരളത്തിൽ തന്നെ ഏറ്റവുമാദ്യം LLB വിഭാഗത്തിൽ പ്രവേശന പരീക്ഷയും അഡ്മിഷനും നടന്നത് കണ്ണൂർ യൂണിവേഴ്സിറ്റിയിലാണ്. എന്നാൽ 2018 ൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ 2-ാം സെമസ്റ്റർ പരീക്ഷ മാത്രമാണ് ഇതുവരെ നടത്തിയത്. പരീക്ഷ നടത്തുന്നതിൽ വലിയ പോരായ്മയാണ് കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവുന്നത് കൃത്യമായ ഇടവേളയിൽ പരീക്ഷ നടത്തി തീർക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.56 ശ്രീ. ആൽബിൻ മാത്യു പ്രമേയത്തെ പിന്താങ്ങി.

2.57 ഡോ. കെ. അജയകുമാർ ചർച്ചയിൽ പങ്കെടുത്തു.

2.58 കാഞ്ഞങ്ങാട് ലീഗൽ സ്റ്റഡീസ് തുടങ്ങുന്ന കാര്യം പരിഗണിക്കണമെന്ന് ശ്രീ കെ. വിജയൻ അഭിപ്രായപ്പെട്ടു.

2.59 പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No. 14

Dr. M. P. SHANOJ moved the resolution.

യൂണിവേഴ്സിറ്റി അഡ്മിഷൻ, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ പൂർണമായും കൃത്യതയോടെ നടപ്പിലാക്കാൻ സമ്പൂർണ കംപ്യൂട്ടർ വൽക്കരണം നടപ്പിലാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.60 ശ്രീമതി. സോന. പി പ്രമേയത്തെ പിന്താങ്ങി.

2.61 പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No. 15

Dr. R.K. BIJU moved the resolution.

വിദൂര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് അടുത്ത വർഷം കോഴ്സുകൾ ആരംഭിക്കുന്നതിനു 3.26 NAAC ഗ്രേഡ് പോയിന്റ് ഇല്ലാത്ത സർവ്വകലാശാലകളോട് 2020 ജൂൺ ആകുമ്പോഴേക്കും 3.26 NAAC ഗ്രേഡ് പോയിന്റ് നേടുവാൻ യുജിസി ആവശ്യപ്പെട്ടിട്ടുണ്ട്. അതുപ്രകാരം നമ്മുടെ സർവ്വകലാശാലയും പ്രസ്തുത ഗ്രേഡ് നേടുവാനുള്ള നടപടികൾ കൈകൊള്ളണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.62 ശ്രീ. സുഹൈൽ മുഹമ്മദ് ഖാലിദ് പ്രമേയത്തെ പിന്തുണച്ചു.

2.63 പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No. 16

Sri. MOHAMMED SALIH K.M

ബിരുദ- ബിരുദാനന്തര കോഴ്സുകളുടെ പുനർമൂല്യനിർണയ ഫലങ്ങൾ കാലതാമസമെടുത്താണ് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്നത്. ഇത് വിദ്യാർത്ഥികൾക്ക് നിരവധി നഷ്ടങ്ങൾക്ക് കാരണമാവുന്നു. നിശ്ചിത സമയത്തിനുള്ളിൽ തന്നെ പ്രസ്തുത ഫലങ്ങൾ പ്രസിദ്ധീകരിക്കാനാവശ്യമായ നടപടികൾ സർവ്വകലാശാല കൈക്കൊള്ളണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.64 പ്രമേയവതാരകൻ ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 17

Sri. RAHUL A.P moved the resolution.

കണ്ണൂർ യുണിവേഴ്സിറ്റി തലശ്ശേരി ക്യാമ്പസിൽ LLB യിലെ ഓഫീസ് സ്റ്റാഫുകളെ സ്ഥിരപ്പെടുത്തുക. കണ്ണൂർ യൂണിവേഴ്സിറ്റിയിലെ തന്നെ ഏറ്റവുമധികം വിദ്യാർത്ഥികൾ പഠിക്കുന്ന വിഭാഗമാണ് തലശ്ശേരി ക്യാമ്പസിലെ നിയമ വിഭാഗം 360 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. എന്നാൽ ഇവിടുത്തെ ഓഫീസ് സ്റ്റാഫു

കൾ 7 മാസത്തിനിടയിൽ 5 അസിസ്റ്റന്റ് സ്റ്റാഫുകളാണ് മാറിവന്നത്. ഇത്തരത്തിൽ നിരന്തരമായുണ്ടാവുന്ന മാറ്റങ്ങൾ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്, ഇ ഗ്രാന്റ് തുടങ്ങിയ കാര്യങ്ങൾ സമയ ബന്ധിതമായി അവസാനിപ്പിക്കാൻ കഴിയുന്നില്ല. ഒരു സ്ഥിരം സ്റ്റാഫിനെ ഉടൻ നിയമിക്കുകയോ അല്ലെങ്കിൽ പരിചയ സമ്പത്തുള്ള ഒരാളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.65 ശ്രീ. രാകേഷ്. എം.ബി. പ്രമേയത്തെ പിന്താങ്ങി.

2.66 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 18

Sri. SAJU P J moved the resolution.

കണ്ണൂർ സർവ്വകലാശാലയുടെ താവക്കര ക്യാമ്പസിലുള്ള അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലാണ് പരീക്ഷാ വിഭാഗം പ്രവർത്തിച്ചു വരുന്നത്. ഫെബ്രുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ കടുത്ത ചൂട് സഹിച്ചുകൊണ്ടാണ് സമയ ബന്ധിതമായി പരീക്ഷാ ജോലികൾ ചെയ്തു തീർക്കാൻ ജീവനക്കാർ പാടുപെടുന്നത്. ഈ സാഹചര്യത്തിൽ രണ്ടാം നിലയ്ക്ക് മേലെ ഷീറ്റ് ഇട്ടുകൊണ്ട് ഈ ദുരവസ്ഥക്ക് പരിഹാരം ഉണ്ടാക്കണമെന്ന് ഈ പ്രമേയത്തിലൂടെ സർവ്വകലാശാല അധികാരികളോട് അഭ്യർത്ഥിക്കുന്നു.

2.67 ഡോ. സുരേഷ് കുമാർ. കെ.എസ്. പ്രമേയത്തെ പിന്താങ്ങി.

2.68 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 19

Sri. M P A RAHIM

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്വാശ്രയകോളേജുകളിൽ നിന്നും കോഴ്സ് അഫിലിയേഷൻ ഫീ, അഡ്മിനിസ്ട്രേഷൻ ഫീ എന്നീ ഇനങ്ങളിൽ ഭീമമായ സംഖ്യയാണ് ഈടാക്കുന്നത്. ഓരോ വർഷവും 5% വർദ്ധനവും നൽകിവരുന്നു. കേരളത്തിലെ ഇതര സർവ്വകലാശാലകളെ അപേക്ഷിച്ച് ഇത് വളരെ കൂടുതലാണ്. വിദ്യാർത്ഥി സംഘടനകൾ ഉൾപ്പെടെ ഫീ കുറയ്ക്കാനാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽ ഫീസുകൾ കുറയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സെനറ്റ് യോഗം സിണ്ടിക്കേറ്റിനോട് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.69 പ്രമേയവതാരകൻ ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 20

Dr. R.K. BIJU moved the resolution.

ഓട്ടോണമസ് ബോഡി ആയ സർവ്വകലാശാലയുടെ ആക്ട്, സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കടന്നു കയറ്റത്തിൽ നിന്നും പിന്മാറുവാൻ സർവ്വകലാശാല സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.70 ശ്രീ. ഹദീബ് ഫർഹാൻ പ്രമേയത്തെ പിന്താങ്ങി.

2.71 സർവ്വകലാശാലകളുടെ ഓട്ടോണമി കാത്തു സൂക്ഷിക്കണമെന്നതിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ലെന്നും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തിനിന്നുള്ള കടന്നു കയറ്റത്തെക്കുറിച്ച് പ്രമേയം ഒന്നും പറയുന്നില്ലെന്നും സംസ്ഥാന ഗവമെന്റിനെ കുറ്റപ്പെടുത്താൻ വേണ്ടി മാത്രമുള്ള പ്രമേയമാണിതെന്നും ശ്രീ.എ നിശാന്ത് അഭിപ്രായപ്പെട്ടു. ഉന്നത വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ മുഴുവനും സിലബസ്സിലും കരിക്കുലത്തിലും യു ജി സി യും മറ്റും നടത്തിയ മാറ്റങ്ങളാണെന്നും സംസ്ഥാന ഗവൺമെന്റ് തനിച്ച് ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ലെന്നും ഡോ: വി പി പി മുസ്തഫ അഭിപ്രായപ്പെട്ടു.ഡോ. ജോബി. കെ. ജോസ്, ശ്രീ. സാജു പി.ജെ, ശ്രീ. സതീശൻ പി.കെ, ഡോ. പ്രേമചന്ദ്രൻ കീഴോത്ത് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

2.72 സെനറ്റ് വോട്ടെടുപ്പിലൂടെ പ്രമേയം തള്ളിക്കളഞ്ഞു.

Resolution No. 21

Sri. T. PRABHAKARAN

ഉത്തരമലബാറിന്റെ ചരിത്രവും കാർഷിക പോരോട്ടങ്ങളും ട്രേഡ് യൂനിയൻ സമരങ്ങളും പഠിക്കാനും പ്രചരിപ്പിക്കാനം ഉതകുന്ന പഠന വകുപ്പുകളും ചെയറുകളും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.73 പ്രമേയവതാരകൻ ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 22

Sri. M P A RAHIM

ഏകജാലക സംവിധാനം കേരളത്തിലെ എല്ലാ യൂനിവേഴ്സിറ്റികളും നടപ്പിലാക്കിയിട്ടുണ്ട് എന്നാൽ വിവിധ യൂണിവേഴ്സിറ്റികളിൽ വ്യത്യസ്ത രൂപത്തിലാണ് നടപ്പിലാക്കുന്നത് ഇതുമൂലം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കാര്യത്തിൽ പല പ്രയാസങ്ങളും നേരിടുകയാണ്. കൂടാതെ ഏകജാലക സംവിധാനത്തിലെ പോരായ്മകൾ കാരണം അക്കാദമിക്ക് വർഷം വളരെ വൈകിയാണാരംഭിക്കുന്നത്. സെമസ്റ്റർ സിസ്റ്റം ആയതിനാൽ അഡ്മിഷൻ വൈകുന്നത് കാരണം സിലബസ്സ് പൂർത്തിയാക്കാനും കഴിയുന്നില്ല. 90 അദ്ധ്യയന ദിനം വേണമെന്ന നിബന്ധനയും

പൂർത്തിയാക്കാനും കഴിയുന്നില്ല. കൂടാതെ ഈ കാലതാമസം കാരണം പല വിദ്യാർത്ഥികളും അന്യസംസ്ഥാനങ്ങളെയാണ് അഡ്മിഷന് ആശ്രയിക്കുന്നത്. ആയതിനാൽ ഏകജാലക സംവിധാനം കുറ്റമറ്റതാക്കുന്നതിന്

1. Plus two റിസൽട്ട് വന്ന ഉടനെ തന്നെ വിദ്യാർത്ഥികളുടെ U G പ്രവേശനം ആരംഭിക്കുക.
2. ഗവൺമെന്റ്/എയിഡഡ് കോളേജുകളിൽ ആദ്യ 3 അലോട്ട്മെന്റ് പൂർത്തിയാക്കുക. സ്പ്പോട്ട് അഡ്മിഷൻ കഴിഞ്ഞതിന് ശേഷം സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ പ്രക്രീയ തുടങ്ങുക. പ്രസ്തുത അലോട്ട്മെന്റ് പ്രക്രീയ 1 മാസത്തിനകം പൂർത്തിയാക്കുക.
3. സ്പോട്ട് അഡ്മിഷൻ കഴിഞ്ഞ് ബാക്കിവരുന്ന സീറ്റുകൾക്കായി അതാത് കോളേജുകളിൽ അപേക്ഷിച്ചവരുടെ ലിസ്റ്റ് യൂണിവേഴ്സിറ്റി അതാത് കോളേജുകൾക്ക് നൽകുകയും ലിസ്റ്റിൽനിന്നു തന്നെ മുൻഗണനാ ക്രമത്തിൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുക തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കണമെന്ന് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.

2.74 പ്രമേയവതാരകൻ സത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 23

Sri. ALBIN MATHEW moved the resolution.

കലോത്സവങ്ങളിലെ ഗ്രേസ് മാർക്ക് പി.ജി. വിദ്യാർത്ഥികൾക്കും അനുവദിക്കുക. സർവ്വകലാശാല ഡിപ്പാർട്ട്മെന്റിലെ P.G വിദ്യാർത്ഥികൾക്ക് മറ്റ് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ഗ്രേസ് മാർക്ക് നൽകാത്തത് അംഗീകരിക്കാവുന്നതല്ല. കലോത്സവങ്ങളിലും, മറ്റ് പ്രവർത്തനത്തിലും പങ്കെടുത്ത് വിജയിക്കുന്ന സർവ്വകലാശാല ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾക്കും അർഹതപ്പെട്ട ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.75 ശ്രീ. രാകേഷ്. എം.ബി. പ്രമേയത്തെ പിന്താങ്ങി.

2.76 ഡോ. കെ. അജയകുമാർ ചർച്ചയിൽ പങ്കെടുത്തു.

2.77 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 24

Dr. PREMACHANDRAN KEEZHOTH

4 ൽ കൂടുതൽ സെനറ്റംഗങ്ങൾ സർവ്വകലാശാല ഭരണ വിഭാഗത്തിലേക്ക് ഒരുമിച്ച് പ്രവേശിക്കുവാൻ പാടില്ല എന്ന് 2019 ഫെബ്രുവരിയിൽ ബഹു: വൈസ് ചാൻസിലർ ഇറക്കിയ ഉത്തരവ് ഈ സഭയെ അപമാനിക്കുന്നതാണെന്നും, അത് ഉടൻ പിൻവലിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.78 പ്രമേയവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 25

Dr. SWARUPA. R moved the resolution.

The meeting of the Senate resolved to request the University to permit the self financing college teachers with a minimum experience of 3 years to do PhD on part time basis in the University.

2.79 ഡോ. ആർ.കെ. ബിജു പ്രമേയത്തെ പിന്താങ്ങി.

2.80 ഡോ. വിൽസൺ. വി.എ, ശ്രീ. രാകേഷ്. എം.ബി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. യു ജി സി യുടെ പുതിയ റഗുലേഷൻ പ്രകാരം പി എച്ച് ഡി യിൽ പാർട്ട് ടൈം- ഫുൾ ടൈം വ്യത്യാസമില്ലെന്ന വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. ഡോ: വി പി പി മുസ്തഫ ഇതേ അഭിപ്രായം രേഖപ്പെടുത്തി.

2.81 ചർച്ചയെ തുടർന്ന് സെനറ്റ് പ്രമേയം ഒഴിവാക്കി.

Resolution No. 26

Dr. JOHNY JOSE moved the resolution.

സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ RTO നിർദ്ദേശപ്രകാരം ബസ് ഓണേഴ്സ് അസോസിയേഷൻ മുഖാന്തിരമാണ് നൽകുന്നത്. ഇത് വിദ്യാർത്ഥികൾക്ക് ഒരുപാട് പ്രശ്നം സൃഷ്ടിക്കപ്പെടുന്നു. എയ്ഡഡ് കോളേജുകൾ പോലെ സ്വാശ്രയ കോളേജുകളിലെ പ്രിൻസിപ്പാൾ മുഖാന്തിരം ബസ് പാസ് നൽകുന്നതിനു വേണ്ടി സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയോട് ആവശ്യപ്പെടണമെന്ന് സിണ്ടിക്കേറ്റിനോട് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.

2.82 പ്രമേയത്തെ ശ്രീ. സുഹൈൽ മുഹമ്മദ് ഖാലിദ് പിന്താങ്ങി

2.83 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 27

Dr. M. P. SHANOJ moved the resolution.

യൂണിവേഴ്സിറ്റി ലൈബ്രറികൾ പൊതു സമൂഹത്തിന് കൂടി പ്രയോജനപ്പെടുന്ന തരത്തിൽ സമയക്രമത്തിൽ മാറ്റം വരുത്തണമെന്നും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ രണ്ടു ഷിഫ്റ്റുകളായി പ്രവർത്തിക്കാവുന്ന തരത്തിൽ സമയ ക്രമം പുനർ നിർണയിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടന്നു.

2.84 ശ്രീമതി. സോന പി പ്രമേയത്തെ പിന്താങ്ങി.

2.85 ഷിഫ്റ്റ് സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുമെന്ന് ചെയർ അഭി പ്രായപ്പെട്ടു.

2.86 പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No. 28

Sri. K.V. UNNIKRISHNAN moved the resolution.

കണ്ണൂർ സർവ്വകലാശാലയിലെ ഏതെങ്കിലും സ്വാശ്രയ കോളേജുകളിൽ അദ്ധ്യാപ കനായി ജോലിയിൽ പ്രവേശിക്കുകയും ടീച്ചർ പ്രൊഫൈൽ സർവ്വകലാശാല അംഗീകരിക്കുകയും ചെയ്യുക എന്നത് സർവ്വകലാശാലയിലെ സ്വാഭാവികമായ ഒരു നടപടിക്രമമാണ്. എന്നാൽ പലപ്പോഴും കൂടുതൽ വേതനം ലഭിക്കുമെന്ന കാരണത്താലോ അതല്ലെങ്കിൽ സൗകര്യപ്രദമായ കോളേജാണെന്ന കാരണത്താ ലോ, പ്രസ്തുത അദ്ധ്യാപകൻ അതെ സർവ്വകലാശാലയിലെ മറ്റേതെങ്കിലും സ്വാശ്രയ കോളേജിൽ അദ്ധ്യാപകനായോ പ്രിൻസിപ്പാളായോ നിയമിതനാവുക പതിവാണ്. കോഴിക്കോട് കോളേജിയറ്റ് എഡ്യുക്കേഷൻ ഡെപ്പ്യുട്ടി ഡയറക്ടറേ റ്റിൽ ഇപ്പോൾ ക്വാളിഫൈഡ് ടീച്ചേഴ്സ് രജിസ്റ്റർ ചെയ്യുന്ന മാതൃകയിൽ, സർവ്വക ലാശാല ഒരു ടീച്ചർ ഇൻഡക്സ് തുടങ്ങി അതിൽ ഒരിക്കൽ സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ച ടീച്ചർമാരുടെ ഡാറ്റ ഉൾപ്പെടുത്തിയാൽ അയാൾക്ക് മറ്റൊരു കോളേജിൽ അനായാസം ജോലി നേടാനാകും. സ്വാശ്രയ കോളേജ് പ്രിൻസി പ്പാൾമാരുടെയും ഉടമസ്ഥരുടെയും നിർബന്ധത്തിനു വഴങ്ങി മനസില്ലാ മന സ്സോടെ ജോലിയിൽ തുടരേണ്ട ആവശ്യമില്ല. ആയതിനാൽ ഒരിക്കൽ ഒരു ടീച്ച റുടെ പ്രൊഫൈൽ സർവ്വകലാശാല അംഗീകരിച്ചു കഴിഞ്ഞാൽ മറ്റൊരു കോളേ ജിൽ ചേരുന്ന പക്ഷം വീണ്ടും അയാളുടെ ടീച്ചർ പ്രൊഫൈൽ സർവ്വകലാശാല യിലേക്കയക്കുമ്പോൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനടക്കമുള്ള നടപടി ക്രമങ്ങൾ ഒഴിവാക്കി അയാളുടെ പ്രൊഫൈൽ അംഗീകരിക്കണമെന്ന് ഞാൻ ഈ പ്രമേയം മൂലം ആവശ്യപ്പെടുന്നു.

2.87 ശ്രീ. വിജയകുമാർ വി പ്രമേയത്തെ പിന്താങ്ങി.

2.88 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 29

Dr. PREMACHANDRAN KEEZHOTH moved the resolution.

സർക്കാരിന്റെ അനുമതിയില്ലാതെ കായിക വിഭാഗ പഠന വകുപ്പിൽ അദ്ധ്യാപക രെയും ഡയറക്ടറേയും നിയമിക്കുന്നതിന് പുറത്തിറക്കിയ നോട്ടിഫിക്കേഷൻ പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെ ടുന്നു.

2.89 ശ്രീ. വിജയകുമാർ വി പ്രമേയത്തെ പിന്താങ്ങി.

2.90 ഡോ. വി.പി.പി. മുസ്തഫ, ഡോ. ആർ.കെ. ബിജു, ശ്രീ. എ.നിശാന്ത്, ശ്രീ. കെ. വിജയൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

2.91 ചർച്ചകൾക്കുശേഷം സെനറ്റ് പ്രമേയം ഒഴിവാക്കി.

Resolution No. 30

Sri VIJAYAKUMAR V moved the resolution.

കണ്ണൂർ സർവ്വകലാശാലയുടെ വിദ്യാർത്ഥികളിൽ സംരംഭകത്വ ബോധം വളർത്തി യെടുക്കുന്നതിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും കാര്യമായ ഇടപെടൽ ഉണ്ടാകുന്നില്ല. വിദ്യാർത്ഥികളിൽ സംരംഭകത്വ ബോധവും അതിന്റെ പ്രാധാന്യ ത്തെക്കുറിച്ചും ഗൗരവതരമായ ചർച്ചകൾ നടക്കുന്ന സാഹചര്യത്തിൽ സർവ്വകലാ ശാല ഈ മേഖലയിൽ ഉണർന്നു പ്രവർത്തിക്കുകയും, ഇപ്പോൾ നിർജ്ജീവാവ സ്ഥയിലുള്ള Incubation Centre കൂടുതൽ കാര്യക്ഷമമാക്കുകയും വിദ്യാർത്ഥികളെ ഈ മേഖലയിൽ കഴിവുള്ളവരാക്കി മാറ്റണമെന്നും ഈ പ്രമേയത്തിലൂടെ ആഭ്യർത്ഥിക്കുന്നു.

2.92 ഡോ. പ്രേമചന്ദ്രൻ കീഴോത്ത് പ്രമേയത്തെ പിന്താങ്ങി.

2.93 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 31

Sri VIJAYAKUMAR V moved the resolution.

സർവ്വകലാശാല സെമസ്റ്റർ പരീക്ഷകൾ പല കോളേജുകളിലും വളരെ ലാഘവ ത്തോടെയാണ് നടക്കുന്നത്. ആവശ്യത്തിനുള്ള ക്യാമറകളോ External examiner (Additional Chiefs) ഇല്ലാതെയുള്ള പരീക്ഷാ നടത്തിപ്പുകൾ പൊതുജനങ്ങളിൽ സംശയത്തിന്റെ നിഴൽ ഉണ്ടാക്കുന്നതാണ്. ആയതിനാൽ പരീക്ഷാ നടത്തിപ്പു മായി ബന്ധപ്പെട്ട് കൂടുതൽ സുതാര്യത വരുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണ മെന്ന് പ്രമേയത്തിലൂടെ അഭ്യർത്ഥിക്കുന്നു.

2.94 ശ്രീമതി. ലത. ഇ.എസ് പ്രമേയത്തെ പിന്താങ്ങി

2.95 പരീക്ഷാ നടത്തിപ്പ് വളരെ ഗൗരവതരമായാണ് കാണുന്നതെന്നും VC യുടെ നിർദ്ദേശ പ്രകാരം എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും നിർബന്ധമായും ക്യാമറ സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതായും നിലവിൽ പരീക്ഷകൾ കൃത്യമായും നടക്കുന്നത് സ്ക്വാഡുകളുടെ പ്രവർത്തനം കൊണ്ടാണെന്നും സിന്റിക്കേറ്റ് അംഗം കൂടി ആയ ഡോ. കെ. അജയകുമാർ അറിയിച്ചു ഡോ. പ്രേമചന്ദ്രൻ കീഴോത്തും ചർച്ചയിൽ പങ്കെടുത്തു.

2.96 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 32

Dr. SURESH KUMAR. K.S moved the resolution.

SDE സംവിധാനം തുടർന്നുപോകുന്നതിന് UGC യിൽ തടസമുള്ള സാഹചര്യത്തിൽ ഉത്തര മലബാറിലെ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസരംഗത്തെ പഠനാവസരം നിഷേധിക്കപ്പെടാതിരിക്കാൻ പ്രൈവറ്റ് രജിസ്ട്രേഷൻ സംവിധാനം ആരംഭിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.97 ഡോ. വി.പി.പി. മുസ്തഫ പ്രമേയത്തെ പിന്താങ്ങി.

2.98 ഡോ. ആർ.കെ ബിജു ചർച്ചയിൽ പങ്കെടുത്തു.

2.99 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 33

Dr. M. SINI moved the resolution.

കണ്ണൂർ സർവ്വകലാശാലാ ക്യാമ്പസുകളിൽ കാലാവധി കഴിഞ്ഞ Internal Complaints Committee ഉടനടി പുനർരൂപീകരിക്കാനാവശ്യമായ നടപടികൾ സർവ്വകലാശാല സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.100 ഡോ. ജോബി കെ ജോസ് പ്രമേയത്തെ പിന്താങ്ങി.

2.101 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No.34

Sri VIJAYAKUMAR V moved the resolution.

സർവ്വകലാശാല പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിൽ നിശ്ചിത ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോഴുള്ള പുനർ മൂല്യനിർണ്ണയ റഗുലേഷൻ പ്രകാരം ഫീസ് തിരിച്ച് നൽകുന്നില്ല. മൂല്യ നിർണ്ണയത്തിൽ വരുന്ന ഗുരുതര പിഴവുകൾ മൂലം മാർക്ക് നഷ്ടപ്പെടുന്ന വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നതും പിന്നീട് അത് തിരിച്ച് നൽകാതിരിക്കുന്നതും വിദ്യാർത്ഥികളോട് ചെയ്യുന്ന അനീതിയാണ്. ഈ സാഹചര്യത്തിൽ കൂടുതൽ

മാർക്ക് ലഭിക്കുന്ന (നിശ്ചിത ശതമാനത്തിൽ) വിദ്യാർത്ഥികൾക്ക് അവരുടെ ഫീസ് തിരികെ ലഭിക്കുന്ന രീതിയിൽ പുനർ മൂല്യനിർണ്ണയ റഗുലേഷൻ ഭേദഗതി ചെയ്യണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.102 ശ്രീ സുഹൈൽ മുഹമ്മദ് ഖാലിദ് പ്രമേയത്തെ പിന്താങ്ങി.

2.103 ഡോ. കെ.അജയകുമാർ, ഡോ. സുരേഷ് കുമാർ കെ.എസ്, ഡോ. ആർ.കെ. ബിജു, പ്രൊഫ. പി. മഹേഷ് കുമാർ, ശ്രീ. ജയകൃഷ്ണൻ. ടി.വി, ശ്രീ. ഷാനവാസ് എസ്.എം, ഡോ. പ്രേമചന്ദ്രൻ കീഴോത്ത് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

2.104 പ്രമേയം സെനറ്റ് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു.

Resolution No. 35

Sri. SATHEESHAN. P.K moved the resolution.

കോളേജ് അനദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാരുടെ വേതനമാണ് ഇപ്പോൾ ലഭിച്ചുവരുന്നത്. യു.ജി.സി. യുടെ നിർദ്ദേശപ്രകാരം കോളേജ് ജീവനക്കാർ സപ്പോർട്ടിംഗ് സ്റ്റാഫ് ആയതിനാൽ യു.ജി.സി. നിരക്കിൽ വേതനം നൽകുകയോ അല്ലെങ്കിൽ യൂണിവേഴ്സിറ്റി ജീവനക്കാരുടേതിന് തുല്യമായ വേതനമോ നൽകാൻ വേണ്ട പരിഗണന ഉണ്ടാവണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.105 ഡോ. ആർ.കെ. ബിജു പ്രമേയത്തെ പിന്താങ്ങി.

2.106 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 36

Smt. SISIRA T.K moved the resolution.

കണ്ണൂർ സർവ്വകലാശാലയുടെ പഠന വകുപ്പുകളിലേയും കോളേജുകളിലേയും തെരഞ്ഞെടുത്ത വിദ്യാർത്ഥി പ്രതിനിധികളുടെ യൂണിയനുകൾക്കുള്ള ഫണ്ട് വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.107 ശ്രീ. രാഹുൽ എ.പി പ്രമേയത്തെ പിന്താങ്ങി.

2.108 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 37

Smt. ASMINA ASHRAF moved the resolution.

കണ്ണൂർ സർവ്വകലാശാലയുടെ എല്ലാ വിഭാഗങ്ങളിലും സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടത്തണമെന്നും, അതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുകയും സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.109 ശ്രീ. സുഹൈൽ മുഹമ്മദ് ഖാലിദ് പ്രമേയത്തെ പിന്താങ്ങി.

2.110 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 38

Dr. ISMAIL OLAYIKKARA moved the resolution.

സെനറ്റ് യോഗങ്ങളുടെ നടത്തിപ്പിനായി സ്ഥിരം വേദിയായി ഒരു സെനറ്റ് ഹാൾ സർവ്വകലാശാലയിൽ സജ്ജമാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.111 ശ്രീമതി. സോന പി പ്രമേയത്തെ പിന്താങ്ങി.

2.112 മാങ്ങാട്ട് പറമ്പ് ക്യാമ്പസ്സിൽ സെനറ്റ് ഹാളിന്റെ നവീകരണത്തിനുള്ള പ്രവർത്തി നടന്നുവരികയാണെന്നും VC യോഗത്തെ അറിയിച്ചു.

2.113 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 39

Sri. RAMSHA C.P moved the resolution.

കണ്ണൂർ സർവ്വകലാശാല യു ജി, പി ജി കോഴ്സുകളുടെ മിനിമം ഇന്റേർണൽ മാർക്ക് സിസ്റ്റം ഒഴിവാക്കണമെന്ന് പ്രമേയത്തിലുടെ ആവശ്യപ്പെടുന്നു.

2.114 ശ്രീ ആൽബിൻ മാത്യു പ്രമേയത്തെ പിന്താങ്ങി.

2.115 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 40

Smt. SONA . P moved the resolution.

സർവ്വകലാശാല വകുപ്പുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് പഠന സാഹചര്യം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ഇന്റേൺഷിപ്പ് പ്രോഗ്രാമുകളും സ്പോൺസേർഡ് പ്രൊജക്ടുകളും യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.116 ശ്രീ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

2.117 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 41

Sri. RAKESH M.B moved the resolution.

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലുള്ള ക്യാമ്പസുകളിൽ കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുമുള്ള ഗവേഷക വിദ്യാർത്ഥികളുണ്ട്. ഒരു സർവ്വകലാശാലയുടെ അക്കാദമിക നിലവാരം നിർണയിക്കുന്നതിൽ വലിയൊരു പങ്ക് സർവ്വകലാശാല

യിലെ ഗവേഷക പ്രവർത്തനങ്ങൾക്കുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഗവേഷണത്തെ സാരമായി ബാധിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിൽ ഗവേഷണ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന മുഴുവൻ ക്യാമ്പസുകളിലും ഗവേഷകർക്ക് താമസ സൗകര്യം ഒരുക്കിക്കൊടുക്കാൻ സർവ്വകലാശാല നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.118 ശ്രീ. സാജു പി.ജെ. പ്രമേയത്തെ പിന്താങ്ങി.

2.119 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 42

Sri. SAJU P J moved the resolution.

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച സർവ്വകലാശാല അസ്സിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുമ്പോൾ ഉദ്യോഗാർത്ഥികളുടെ കൈയിൽ നിന്ന് ഏതു സർവ്വകലാശാലയിലേക്കാണ് നിയമനം ആഗ്രഹിക്കുന്നതെന്ന സമ്മതപത്രം വാങ്ങി നിയമനം നടത്തണമെന്നും അതിനുവേണ്ടി പി എസ് സി യുടെ നിയമാവലി ഭേദഗതി ചെയ്യണമെന്നും, കണ്ണൂർ സർവ്വകലാശാലയിൽ നിന്നും പി എസ് സി യിലേക്ക് റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളിലേക്കും ഉടൻ പി എസ് സി നിയമനം നടത്തണമെന്നും, സർവ്വകലാശാലയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് ഒഴിവുകളിലേക്ക് സമാന യോഗ്യതയുള്ളവർക്ക് വേണ്ടി പി എസ് സി നടത്തുന്ന പരീക്ഷയിൽ ഉൾപ്പെടുത്തി ഉടൻ നിയമനം നൽകണമെന്നും ഈ പ്രമേയത്തിലൂടെ പി എസ് സി യോടും കേരള സർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

2.120 ശ്രീ. എ. നിശാന്ത് പ്രമേയത്തെ പിന്താങ്ങി.

2.121 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 43

Dr. ISMAIL OLAYIKKARA moved the resolution.

അക്കാദമിക് മേഖലയിലെ മികവുകൾ പരിഗണിച്ച് PG, UG തലത്തിൽ മികച്ച കോളേജുകൾക്ക് യൂണിവേഴ്സിറ്റി പുരസ്കാരങ്ങൾ ഏർപ്പെടുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.122 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

2.123 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 44

Dr. ISMAIL OLAYIKKARA moved the resolution.

കോളേജിലെ സമഗ്രമായ അക്കാദമിക്-അക്കാദമികേതര കാര്യങ്ങളിലും പ്രധാന പങ്കുള്ള IQAC കോ-ഓർഡിനേറ്ററെ കോളേജ് കൗൺസിൽ അംഗമായി ഉൾപ്പെടുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.124 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

2.125 ഡോ. ആർ.കെ ബിജു സംസാരിച്ചു.

2.126 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 45

Sri. SUHAIL MUHAMMED KHALID moved the resolution.

അതാത് വർഷത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെടുന്ന യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാരുടെ വോട്ടവകാശം വിനിയോഗിച്ചുകൊണ്ട് തന്നെ ആ വർഷത്തേക്കുള്ള യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പ് നടത്തണമെന്നും ഇതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സർവ്വകലാശാല കൈക്കൊള്ളണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.127 ഹദീബ് ഫർഹാൻ പ്രമേയത്തെ പിന്താങ്ങി.

2.128 പ്രമേയം സെനറ്റ് അംഗീകരിക്കുകയും വിഷയം വിദ്യാർത്ഥി സംഘടനകളുമായി ചർച്ച ചെയ്യാനും തീരുമാനിച്ചു.

Resolution No. 46

Sri. T. PRABHAKARAN

കേരള സർക്കാറിന്റെ തുടർ വിദ്യാഭ്യാസ പ്രവർനങ്ങൾക്ക് സഹായകമാക്കുന്ന നിലയിൽ അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ അക്കാദമിക്ക് - ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.129 പ്രമേയവതാരകൻ ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 47

Dr. M. SINI moved the resolution.

കണ്ണൂർ സർവ്വകലാശാല സംഘടിപ്പിക്കുന്ന എല്ലാ ഔദ്യോഗിക മീറ്റിംഗുകളും പരിപാടികളും അനുബന്ധിച്ചുള്ള വേദികളിൽ സ്ത്രീസാന്നിധ്യം ഉറപ്പുവരുത്തുന്ന രീതിയിൽ 'Gender protocol' നടപ്പിൽ വരുത്താനാവശ്യമായ നടപടികൾ സർവ്വകലാശാല കൈക്കൊള്ളണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.130 ഡോ. ജോബി കെ. ജോസ് പ്രമേയത്തെ പിന്താങ്ങി.

2.131 Gender protocol എന്ന വാക്ക് ഭേദഗതി ചെയ്ത് Gender representation എന്നാക്കി മാറ്റാൻ ചെയർ നിർദ്ദേശിച്ചു.

2.132 തുടർന്ന് ഭേദഗതി വരുത്തിയ പ്രമേയം സെനറ്റ് അംഗീകരിച്ചു.

## Resolution No. 48

Smt. SISIRA T.K moved the resolution.

കണ്ണൂർ സർവ്വകലാശാല യൂണിയന്റെ ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും കൂടുതൽ ഫണ്ട് ആവശ്യമായി വരുന്നതുമായ പരിപാടിയാണ് സർവ്വകലാശാല യൂണിയൻ കലോത്സവം. എന്നാൽ യൂണിയൻ കലോത്സവത്തിനായി പ്രത്യേകം ഫണ്ട് നമുക്ക് അനുവദിക്കുന്നില്ല. നിലവിൽ യൂണിയനനുവദിച്ച സ്റ്റുഡന്റ് വെൽഫെയർ ആന്റ് കൾച്ചറൽ ആക്ടിവിറ്റി ഫണ്ടിൽ നിന്നാണ് ഈ പൈസ കണ്ടെത്തുന്നത്. മറ്റു സർവ്വകലാശാലകളിലേല്ലാം തന്നെ കലോത്സവത്തിനായ പ്രത്യേക ഫണ്ട് മാറ്റിവയ്ക്കുന്നുണ്ട്. മാത്രമല്ല നമുക്ക് അനുവദിക്കപ്പെട്ട തുക വളരെ തുച്ഛമാണ് സർവ്വകലാശാലയ്ക്ക് കീഴിലെ 105 ഓളം ക്യാമ്പസുകളിൽ നിന്നായി ഏകദേശം നാലായിരത്തി ഇരുന്നൂറോളം കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് അഞ്ച് ദിവസങ്ങളിലായി നടത്തുന്ന കലോത്സവത്തിന് വലിയ രീതിയിലുള്ള സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന സ്ഥിതിയാണ്. ആയതിനാൽ ഈ പ്രശ്നങ്ങളെല്ലാം പരിഗണിച്ചു കൊണ്ട് സർവ്വകലാശാല യൂണിയൻ കലോത്സവത്തിന് പ്രത്യേകം ഫണ്ട് അനുവദിക്കണമെന്നും ഫണ്ട് വർദ്ധിപ്പിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.133 ശ്രീ. ആൽബിൻ മാത്യു പ്രമേയത്തെ പിന്താങ്ങി.

2.134 വിഷയം അടുത്ത സെനറ്റിന്റെ പരിഗണനക്ക് വിടാമെന്ന ചെയറിന്റെ നിർദ്ദേശത്തോടെ സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No. 49

Sri. RAHUL A.P moved the resolution.

പാരലൽ കോളേജ് വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയത്തിലേയും റിസൽട്ട് പ്രഖ്യാപിക്കുന്നതിലേയും പോരായ്മകൾ പരിഹരിക്കുക. കണ്ണൂർ യുണിവേഴ്സിറ്റിക്ക് കീഴിൽ വലിയ വിഭാഗം വിദ്യാർത്ഥികൾ ആശ്രയിക്കുന്ന മേഖലയാണ് പാരലൽ കോളേജ് മേഖല. എന്നാൽ പാരലൽ മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷ മൂല്യനിർണയത്തിലും റിസൽട്ട് പ്രഖ്യാപനത്തിലും വലിയ പ്രയാസങ്ങൾ നേരിടുന്നു. ഈ മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ റിസൽട്ട് വരുന്ന ഘട്ടത്തിൽ ഭൂരിഭാഗം വിദ്യാർത്ഥികളും പരാജയപ്പെടുന്ന സ്ഥിതിയാണ്. എന്നാൽ പുനർമൂല്യ നിർണയത്തിന് കൊടുത്താൽ D ഗ്രേഡ് കിട്ടിയ വിദ്യാർത്ഥികൾ A ഗ്രേഡ് B ഗ്രേഡും കിട്ടിയാണ് പാസാവുന്നത്. പാരലൽ കോളേജ് വിദ്യാർത്ഥികളുടെ റിസൽട്ട് പ്രഖ്യാപിക്കുന്നതിലും വലിയ കാല താമസമാണ് ഉണ്ടാവുന്നത്. റിസൽട്ട് പ്രഖ്യാപിക്കുന്നത് വൈകുന്നത് കാരണം ഉപരി പഠനത്തിൽ പാരലൽ

കോളേജ് മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പ്രയാസങ്ങൾ നേരിടുന്നു. ഇവർ നേരിടുന്ന മൂല്യനിർണയത്തിലെ അപാകതയും റിസൽട്ട് പ്രഖ്യാപിക്കുന്നതിലെ കാലതാമസവും ഉടൻ പരിഹരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.135 ശ്രീ. ആൽബിൻ മാത്യു പ്രമേയത്തെ പിന്താങ്ങി.

2.136 പാരലൽ കോളേജ് എന്നത് മാറ്റി വിദൂര വിദ്യാഭ്യാസം എന്നാക്കി മാറ്റണമെന്ന് ഡോ. വി.പി.പി മുസ്തഫ അഭിപ്രായപ്പെട്ടു.

2.137 മൂല്യനിർണയത്തിന്റെ കാര്യത്തിൽ പാരലൽ വിദ്യാർത്ഥികളോട് മാത്രമായി വിവേചനം കാട്ടുന്നില്ലെന്ന് ഡോ. സുരേഷ് കുമാർ കെ.എസ് അഭിപ്രായപ്പെട്ടു.

2.138 ശ്രീമതി സോന പി, 'D' ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് റീ വാല്യുവേഷനിൽ 'A' ഗ്രേഡും, 'B' ഗ്രേഡും കിട്ടുന്നു എന്നുള്ളത് സാമാന്യവത്കരിക്കരുതെന്ന് ആവശ്യപ്പെട്ടു.

2.139 ഡോ. ആർ. കെ ബിജു, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, അഡ്വ. പി. അപ്പുക്കുട്ടൻ തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു.

2.140 ശ്രീ. എ. നിശാന്ത് പ്രമേയത്തോട് ആശയപരമായി യോജിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടു.

2.141 പ്രമേയം Re-draft ചെയ്തതിനുശഷം പരിഗണിക്കാമെന്ന് സെനറ്റ് തീരുമാനിച്ചു.

## Resolution No. 50

<u>Sri. M P A RAHIM</u>

കണ്ണൂർ യൂനിവേഴ്സിറ്റിക്ക് കീഴിൽ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചു വരുന്നു. യൂനിവേഴ്സിറ്റിക്ക് കീഴിലുള്ള ആർട്സ് & സയൻസ്, പ്രൊഫഷണൽ മാനേജ്മെന്റ് ട്രെയിനിംഗ്, ഓറിയന്റൽ കോളേജുകൾ മഹാഭൂരിഭാഗവും സ്വാശ്രയ കോളേജ് മേഖലയിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങൾ ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളെക്കാളും അടിസ്ഥാന സൗകര്യം വികസനത്തിലും, കലാകായിക മേഖലയിലും പഠന നിലവാരത്തിലും സാമൂഹ്യ സേവന മേഖലയിലും മികച്ചു നിൽക്കുന്നു. സമ്പത്തികമായി യൂനിവേഴ്സിറ്റിക്ക് ഏറ്റവും കൂടുതൽ മുതൽക്കൂട്ട് ഉള്ളത് സ്വാശ്രയ സ്ഥാപനങ്ങളാണ്. പല സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളും NAAC Accredtation കിട്ടാൻ പോലും സാധ്യത ഉള്ള കോളേജുകളാണ്. 20 ഓളം സ്വാശ്രയ കോളേജുകൾ NAAC അക്രിഡിറ്റേഷനുമായി ബന്ധപ്പെട്ട പ്രവർത്തനം നടത്തി വരുന്നു. എന്നാൽ ഇതുവരെ പെർമനന്റ് അഫിലിയേഷൻ ഈ കോളേജുകൾക്കൊന്നും ലഭിച്ചിട്ടില്ലെന്നു മാത്രമല്ല അതിനുള്ള നടപടി പോലും നാളിതുവരെ നടന്നിട്ടില്ല.

2F 12B സ്വാശ്രയ കോളേജുകൾക്ക് ലഭിക്കുന്നതിന് പെർമനന്റ് അഫിലിയേഷൻ നിർബന്ധമാണ്. UGC യുടെ എല്ലാ നിബന്ധനകളും സ്വാശ്രയ കോളോജുകൾക്കും ബധകമാകുന്നുണ്ട്. പക്ഷെ UGC നിബന്ധനപ്രകാരം പെർമനന്റ് അഫിലിയേഷൻ മാത്രം നൽകുന്നില്ല. കേരളത്തിന് പുറത്തുള്ള സ്വാശ്രയ സ്ഥാപനങ്ങൾക്കെല്ലാം

പെർമനന്റ് അഫിലിയേഷൻ നൽകി വരുന്നു. ഇതുമൂലം RUSA സഹായം ഉൾപ്പെടെ എല്ലാം ലഭിക്കുന്നുണ്ട്. ആയതിനാൽ UGC നിബന്ധനകൾക്ക് വിധേയ മായി അർഹതയുള്ള കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും യൂണിവേഴ്സിറ്റി കമ്മീഷനെ നിയമി ക്കണമെന്നും സിൻഡിക്കേറ്റിനോട് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.

2.142 പ്രമേയവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 51

Dr. MANJULA K.V moved the resolution.

കണ്ണൂർ സർവ്വകലാശാല അക്കാദമിക് സ്റ്റാഫ് കോളേജിൽ റിഫ്രഷർ, ഓറിയന്റേ ഷൻ, ഷോർട്ട് ടേം കോഴ്സുകൾ, SDE ക്ലാസുകൾ തുടർച്ചയായി നടക്കുന്ന സാഹ ചര്യത്തിൽ 5,6 നിലകളിലായി ഒരു ടോയ്ലറ്റ് മാത്രമാണ് സ്ത്രീകൾക്കുള്ളത്. അത് ഒട്ടും തന്നെ Ladies friendly ഉം അല്ല. ഇതിന് ഒരു പരിഹാരമുണ്ടാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.143 ശ്രീ. ജയകൃഷ്ണൻ ടി.വി പ്രമേയത്തെ പിന്താങ്ങി.

2.144 ശ്രീ. കെ വി ഉണ്ണികൃഷ്ണൻ ചർച്ചയിൽ പങ്കെടുത്തു.

2.145 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 52

Sri. SATHEESHAN. P.K moved the resolution.

കണ്ണൂർ സർവ്വകലാശാല സിണ്ടിക്കേറ്റ് നോമിനേറ്റഡ് സംവിധാനം ഒഴിവാക്കി ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തി സിണ്ടിക്കേറ്റിന്റെ ഭരണസംവി ധാനം കൊണ്ടുവരണമെന്ന് പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

2.146 ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

2.147 ഇതു നടപ്പാവണമെങ്കിൽ നിയമ നിർമ്മാണം നടത്തണമെന്ന് ഡോ. വി.പി.പി. മുസ്തഫ അഭിപ്രായപ്പെട്ടു.

2.148 ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ആർ. കെ ബിജു, ശ്രീ. വിജയകുമാർ വി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

2.149 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 53

Dr. PREMACHANDRAN KEEZHOTH moved the resolution.

20.01.2020 ന് ചേർന്ന സിന്റിക്കേറ്റ് യോഗ തീരുമാനത്തിലെ ഐറ്റം നം. 2020.004 പ്രകാരം സർക്കാർ ഫണ്ടുപയോഗിച്ച് സർവ്വകലാശാലയിൽ നിർമ്മിക്കുന്ന കെട്ടിട

ത്തിൽ CPIM ന്റെ നിയന്ത്രണത്തിലുള്ള കോ ഓപ്പറേറ്റീവ് പ്രസ്സിന് ബുക്ക് സ്റ്റാൾ, സ്റ്റേഷനറി എന്നിവ നടത്തുവാൻ മുറി അനുവദിക്കാനുള്ള തീരുമാനം സ്വജന പക്ഷപാതവും അഴിമതിയും ആയതിനാൽ പ്രസ്തുത തീരുമാനം റദ്ദു ചെയ്യണ മെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.150 ഡോ. ആർ .കെ ബിജു പ്രമേയത്തെ പിന്താങ്ങി.

2.151 സെനറ്റ് പ്രമേയം ഔദ്യോഗിക രേഖയാണെന്നും വസ്തുതാപരമായിരിക്കണ മെന്നും ഡോ. വി.പി.പി മുസ്തഫ അഭിപ്രായപ്പെട്ടു.

2.152 2020.004 പ്രകാരം സിൻഡിക്കേറ്റ് അത്തരം ഒരു തീരുമാനം എടുത്തിട്ടില്ല എന്നും CP(I)M നിയന്ത്രണത്തിലല്ല കോ-ഓപ്പ് പ്രസ് എന്നും സഹകാരികൾക്കിടയിൽ തെരഞ്ഞെടുപ്പ് നടത്തിയാണ് ഭരണ സമിതി രൂപീകരിക്കുന്നതെന്നും അറിയിച്ചു.

2.153 ചർച്ചയെതുടർന്ന് സെനറ്റ് പ്രമേയം ഒഴിവാക്കി.

## Resolution No. 54

Sri. RAKESH M.B moved the resolution.

സർവ്വകലാശാലയുടെ അക്കാദമികവും ബൗദ്ധികവും ആയ മേഖലകളിൽ ഏറെ സംഭാവനകൾ നൽകാൻ സാധിക്കുന്ന ഒരു വിഭാഗമാണ് ഗവേഷകർ. പല ക്യാമ്പ സുകളിലായി ചിതറിക്കിടക്കുന്ന ഗവേഷകരെ ഒരുമിച്ച് നിർത്തിക്കൊണ്ട് മുന്നോട്ട് പോകുന്നതിന് കണ്ണൂർ സർവ്വകലാശാലയിൽ ഒരു ഗവേഷക യൂണിയനെ ജനാധി പത്യരീതിയിൽ തിരഞ്ഞെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയ ത്തിലൂടെ ആവശ്യപ്പെടുന്നു.

2.154 ശ്രീ സാജു പി.ജെ. പ്രമേയത്തെ പിന്താങ്ങി

2.155 ഗവേഷക യൂണിയൻ വിദ്യാർത്ഥി യൂണിയന്റെ ഭാഗം തന്നെയാണെന്ന് ഡോ. വി.പിപി മുസ്തഫ അഭിപ്രായപ്പെട്ടു.

2.156 ലിങ്ദോ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് കോളേജുകളിൽ ഇലക്ഷൻ നടത്തു ന്നതെന്നും ഗവേഷക യൂണിയന്റെ ആവശ്യമില്ലെന്നും ഡോ. ആർ.കെ ബിജു അഭി പ്രായപ്പെട്ടു.

2.157 സെനറ്റ് പ്രമേയം പാസാക്കി.

## Resolution No. 55

Dr. SURESH KUMAR. K.S moved the resolution.

ഗസ്റ്റ് അദ്ധ്യാപകർക്ക് മൂല്യനിർണയ കാലയളവിൽ വേതനവും പരീക്ഷാ മൂല്യ നിർണയ വേതനവും നൽകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.158 ശ്രീ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി

2.159 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 56

Sri. ALBIN MATHEW moved the resolution.

P.G. വിദ്യാർത്ഥികളുടെ പരീക്ഷ നടത്തിപ്പിലെ ആശങ്കകൾ പരിഹരിക്കുക. M.B.A അടക്കമുള്ള P.G. മേഖലയിലെ പരീക്ഷകൾ തുടർച്ചയായി വരുന്നത് മൂലം ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പ് നടത്തുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കുന്നില്ല. ഒന്നും, മൂന്നും സെമസ്റ്റർ പരീക്ഷകൾ നിലവിൽ ദിവസങ്ങളുടെ ഇടവേളപോലുമില്ലാതെയാണ് നടത്തുന്നത്. ഇതുമൂലം റഗുലർ, സപ്ലിമെന്ററി പരീക്ഷകൾ ഇടവേളകളില്ലാതെ എഴുതുവാൻ വിദ്യാർത്ഥികൾ നിർബന്ധിതരാകുന്നു. റഗുലർ പരീക്ഷകൾക്ക് ശേഷം സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതുന്നതിനാവശ്യമായ അവസരം അനുവദിച്ച് കൊടുക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.160 ശ്രീ. രാഹുൽ എ പി പ്രമേയത്തെ പിന്താങ്ങി.

2.161 അടുത്ത വർഷത്തെ പരീക്ഷാ കലണ്ടർ തയ്യാറാക്കുമ്പോൾ ഈ വിഷയം പരിഗണിക്കുന്നതാണെന്ന് ഡോ. കെ അജയകുമാർ അറിയിച്ചു.

2.162 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 57

Sri. K.V. UNNIKRISHNAN moved the resolution.

കേരളത്തിലെ കോളേജുകളിൽ സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയത് വിദഗ്ദമയ പഠനമോ വിശകലനമോ നടത്തിയാണോ എന്ന സംശയം നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. വിദേശങ്ങളിലെ പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും അനുകരിച്ചു നടത്തിയ ഈയൊരു സമ്പ്രദായം അവിടുത്തെ തന്നെ പല സർവ്വകലാശാലകളും അവസാനിപ്പിക്കുമ്പോഴാണ് നമ്മൾ ഇവിടെ നടപ്പിലാക്കിയത്. ഇന്ത്യയിലെ വിശേഷിച്ചും കേരളത്തിലെ രാഷ്ട്രീയ സാഹചര്യത്തിൽ ഇത് ഫലപ്രദമാണോ എന്ന സംശയം സ്വാഭാവികം. ഒരു അക്കാദമിക വർഷത്തിന്റെ ആദ്യപാദ സെമസ്റ്ററിൽ (ഓഡ് സെമസ്റ്ററിൽ) കോളേജ് - സർവ്വകലാശാല തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് എത്ര മാത്രം അധ്യയന ദിവസമാണ് നമുക്ക് നഷ്ടപ്പെടുന്നത്. രണ്ടാം പാദ സെമസ്റ്ററിൽ (ഈവൻ സെമസ്റ്ററിൽ) മൂല്യനിർണ്ണയ ക്യാമ്പ്, സർവ്വകലാശാല കലോത്സവം, സർവ്വകലാശാല കായിക മത്സരങ്ങൾ എന്നിവ കഴിഞ്ഞാൽ 90 ദിവസമെന്നത് ദിവാസ്വപ്നമായി മാത്രം അവശേഷിക്കുന്നു. വാർഷിക പാഠ്യപദ്ധതി സെമസ്റ്ററനുസരിച്ച് പരിഷ്കരിച്ചു എങ്കിലും മുമ്പ് ഒരു വർഷം പഠിപ്പിച്ചത് ഒരു സെമസ്റ്ററിൽ കുത്തിത്തിരുകിയ അവസ്ഥയാണ് പല വിഷയങ്ങളിലും. നാടകങ്ങൾ പാഠ്യപദ്ധതിയിൽ പൂർണ്ണമായും കൊല ചെയ്യപ്പെട്ടു എന്നു തന്നെ പറയാം. മുമ്പ് ഇംഗ്ലീഷ് പാഠ്യ പദ്ധതിയിൽ ഷേക്സ്പിയർ നാടകങ്ങൾ പൂർണ്ണമായും പഠിപ്പിച്ചിരുന്നെങ്കിൽ ഇന്നത് രണ്ടോ മൂന്നോ ആക്ടുകളായി (അദ്ധ്യായങ്ങളായി) ചുരുങ്ങി. മലയാളം, ഹിന്ദി തുടങ്ങിയ പാഠ്യപദ്ധതിയിലെ പല നാടകങ്ങളും പൂർണ്ണമായും പഠിപ്പിക്കാനാകുന്നില്ല. മറ്റ് മാനവിക വിഷയങ്ങളും,

ശാസ്ത്ര വിഷയങ്ങളും അപവാദങ്ങളല്ല. പുതിയ സമ്പ്രദായത്തിൽ നിന്നും പിന്തിരിഞ്ഞ് പോകുന്നത് നന്മയിലേക്കാണെങ്കിൽ അതിൽ ലജ്ജിക്കേണ്ട കാര്യമില്ല എന്നാണ് എന്റെ അഭിപ്രായം. ഒരു സർവ്വകലാശാലയിൽ മാത്രം ഇത് പിൻവലിക്കുക നടപ്പുള്ള കാര്യമല്ല എന്നറിയാം. എന്നാൽ കേരളത്തിൽ മുഴുവൻ ഒരേ രാഷ്ട്രീയ കാലാവസ്ഥ ആയതിനാൽ എന്നും പുതുമകൾ കൊണ്ടുവരുന്നതിൽ ചുക്കാൻ പിടിക്കാറുള്ള കണ്ണൂർ സർവ്വകലാശാല തന്നെ മുൻകൈ എടുത്ത് സെമസ്റ്റർ സമ്പ്രദായം അവസാനിപ്പിച്ച് കേരളത്തിനുതകുമാറ് പഴയ വാർഷിക സമ്പ്രദായം പുന:സ്ഥാപിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

2.163 ശ്രീ വിജയകുമാർ വി.പ്രമേയത്തെ പിന്താങ്ങി.

2.164 ചെയറിന്റെ നിർദ്ദേശത്തെ തുടർന്ന് പ്രമേയം സെനറ്റ് ഒഴിവാക്കി.

## Resolution No. 58

Dr. MANJULA K.V moved the resolution.

എം. എ മൂല്യനിർണ്ണയം ഇരട്ട മൂല്യനിർണ്ണയം നടത്താത്തത് വാലേഷന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഒരു വാലേഷൻ തുടരുകയാണെങ്കിൽ റീവാലേഷന്റെ കാര്യക്ഷമത ഉറപ്പ് വരുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.165 ശ്രീ. ജയകൃഷ്ണൻ വി പ്രമേയത്തെ പിന്താങ്ങി.

2.166 സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No. 59

Sri. K.V. UNNIKRISHNAN. moved the resolution.

ജീവിതത്തിന്റെ യൗവ്വന കാലം മുഴുവൻ സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും പഠിപ്പിച്ച്, കേരളത്തിലായതു കൊണ്ട് മാത്രം അതും കോളേജിൽ ആയതു കൊണ്ട് മാത്രം 56 വയസ്സിൽ അസോസിയേറ്റ് പ്രൊഫസറായി, വകുപ്പു തലവനായും പ്രിൻസിപ്പാൾമാരായും റിട്ടയർ ചെയ്യാൻ നിർബന്ധിതരായ നിരവധി അദ്ധ്യാപകരുണ്ട്. ഇവരോരോരുത്തരും അവരുടെ നിയമന കാലത്ത് അന്ന് നിഷ്ക്കർഷിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളവരും വിരമിക്കുന്നതു വരെ യു.ജി.സി. ശമ്പളം പറ്റിയിരുന്നവരുമായിരുന്നു. വിരമിച്ച ഉടനെ ഇവർ യു.ജി.സി. നിഷ്ക്കർഷിച്ച യോഗ്യത ഇല്ലാത്തവരും അനർഹരുമായി മാറുന്ന കാഴ്ചയാണ് കണ്ണൂർ സർവ്വകലാശാലയിൽ കാണാൻ കഴിയുന്നത്. സ്വാശ്രയ കോളേജുകളിൽ അദ്ധ്യാപകരായും പ്രിൻസിപ്പാൾമാരായും നിയമനം നടത്തുമ്പോൾ, ഇവരുടെ സുദീർഘമായ അനുഭവ സമ്പത്തിനും അക്കാദമികമായ പാണ്ഡിത്യത്തിനും പ്രാധാന്യം നൽകാതെ യു.ജി.സി. നിഷ്കർഷിച്ച യോഗ്യത ഇല്ലെന്ന കാരണം പറഞ്ഞ് അംഗീകാരം നിഷേധിക്കപ്പെടുന്നു. ഇവരിൽ പലരും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അതാതു കോളേജുകളിലും മറ്റു കോളേജുകളിലും ചീഫ് സൂപ്ര

ണ്ടുമാരായും അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായും സേവനമനുഷ്ടിച്ചവരാണ്. കണ്ണൂർ സർവ്വകലാശാലയിൽ മാത്രമല്ല, കേരളത്തിലെ ഇതര സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്മാരും എക്സാമിനേഷൻ ചെയർമാന്മാരും മെമ്പർമാരുമായി പല തവണ സേവനമനുഷ്ടിച്ചവരാണ് ഇവരിൽ പലരും. ഇവരിൽ ചിലർ ഫാക്കൽറ്റി മെമ്പർമാരായിരുന്നു. സർവ്വകലാശാലയിലെ ഇപ്പറഞ്ഞ പദവികളൊക്കെയും ലഭിക്കാൻ സർവ്വീസിലിരിക്കുമ്പോൾ യോഗ്യരായ ഇവർ വിരമിച്ച ഉടനെ അയോഗ്യരായി മാറുകയില്ലല്ലോ. സർവ്വകലാശാലയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന, ഇത്രയും അറിവും അനുഭവ സമ്പത്തുമുള്ള, സ്വാശ്രയ കോളേജ് പ്രിൻസിപ്പാൾമാരായി നിയമിക്കുമ്പോൾ ആ സ്ഥാപനത്തിന് കൂടി മുതൽക്കൂട്ടായി മാറുന്ന ഇവർക്ക്, മുൻ സർവ്വീസിന്റെ തുടർച്ചയായി കണക്കാക്കി പ്രഥമ പരിഗണനയും വെയിറ്റേജും നൽകി നിയമനാംഗീകാരം നൽകണമെന്ന് ഈ പ്രമേയം മൂലം ഞാൻ ആവശ്യപ്പെടുന്നു.

2.167 ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

2.168 ഡോ. വി.പി.പി. മുസ്തഫ, ശ്രീ. ഷാനവാസ്. എസ്.എം എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

2.169 സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No. 60

Sri. HADEEB FARHAN P.V moved the resolution.

2018–19 വർഷത്തെ കണ്ണൂർ സർവ്വകലാശാല യൂണിയൻ ചെയർപേഴ്സൺ 26.09.2019 ന് എം ഇ എസ് കോളേജിലെ പ്രിൻസിപ്പലിന് പ്രസ്തുത കോളേജിലെ വിദ്യാർത്ഥിക്ക് ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസത്തെ ഹാജർ നൽകണം എന്ന് രേഖപ്പെടുത്തി സർവ്വകലാശാല റെഗുലേഷന് വിരുദ്ധമായി നൽകിയ കത്ത് DSS കോ-ഓർഡിനേറ്റർക്ക് കത്ത് ലഭിക്കുന്നതിനും ഒരു ദിവസം മുൻപ് തന്നെ (25.09.2019) പരിഗണിക്കണം എന്ന് ഒപ്പിട്ട് നൽകിയത് നിയമ വിരുദ്ധവും തൽസ്ഥാനത്തിന് നിരക്കാത്തതുമാണ്. ആയതിനാൽ പ്രസ്തുത വിഷയത്തിൽ അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കണം എന്ന് പ്രമേയത്തിലൂടെ ആവിശ്യപ്പെടുന്നു.

2.170 ശ്രീ. സുഹൈൽ മുഹമ്മദ് ഖാലിദ് പ്രമേയത്തെ പിന്താങ്ങി.

2.171 ശ്രീ. എ. നിശാന്ത്, ഡോ. ആർ.കെ ബിജു, ശ്രീ. ഷാനവാസ് എസ്,എം, ശ്രീ. ആൽബിൻ മാത്യു എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

2.172 വിഷയം പഠിച്ചതിനു ശേഷം അടുത്ത സെനറ്റ് യോഗത്തിൽ പരിഗണിക്കാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

Resolution No. 61

Sri. RAMSHA C.P

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലെ അഫിലിയേറ്റഡ് കോളേജുകൾ സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകൾ എന്നിവിടങ്ങളിലെ യു ജി, പി ജി കോഴ്സുകളുടെ സീറ്റുകൾ വർദ്ധിപ്പിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.173 പ്രമേയവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 62

Dr. M. P. SHANOJ moved the resolution.

ഡിഗ്രി, പിജി, ബിഎഡ് വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി കോൺവൊക്കേഷൻ ചടങ്ങ് നടത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.174 ശ്രീ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

2.175 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 63

Sri. SAJU P J moved the resolution.

സർവ്വകലാശാല ജീവനക്കാർക്കും സർക്കാർ ഉദ്യോഗസ്ഥർക്കും ഭീമമായ തുക ആശുപത്രി ചെലവുകൾക്കായി വരുന്നുണ്ടെങ്കിലും മെഡിക്കൽ റീഇംബേഴ്സ്മെന്റ് വഴി നാമമാത്രമായ തുകമാത്രമാണ് തിരികെ ലഭിക്കുന്നത് ഈ സാഹചര്യത്തിൽ സർക്കാരിന്റെ പരിഗണനയിലുള്ള മെഡിസെപ്പ് പദ്ധതിയിൽ നിലവിലുള്ള എം പാനൽ ലിസ്റ്റിലെ മുഴുവൻ സർക്കാർ-സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി ഉടൻ നടപ്പിലാക്കണമെന്ന് ഈ പ്രമേയത്തിലുടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

2.176 ശ്രീ. രാകേഷ്. എം ബി പ്രമേയത്തെ പിന്താങ്ങി.

2.177 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 64

Sri. VIJAYAN K moved the resolution.

യൂണിവേഴ്സിറ്റിയുടെ കീഴിൽ ഉന്നത അക്കാദമിക്ക് നിലവാരം പുലർത്തുന്ന ആർട്സ് & സയൻസ് കോളേജുകളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങളിൽ എത്തിച്ചേരുന്ന കോളേജുകളേയും, അതുപോലെ വിവിധ വിഷയങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ / റാങ്ക് നേടുന്ന വിദ്യാർത്ഥികളെയും യൂണിവേഴ്സിറ്റി പ്രത്യേക ചടങ്ങു നടത്തി അനുമോദിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.178 ശ്രീ ജയകൃഷ്ണൻ ടി.വി പ്രമേയത്തെ പിന്താങ്ങി

2.179 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 65

Dr. SURESH KUMAR. K.S moved the resolution.

ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സെനറ്റ് ബോഡിയിൽ നിന്നും സിന്റിക്കേറ്റ് തെരഞ്ഞെടുപ്പടക്കം നടത്തുന്ന രീതിയിൽ ആക്ട് ഭേദഗതി വരുത്തണമെന്നും സെനറ്റിന്റെ അധികാരങ്ങൾ പുനർനിർണയിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.180 ശ്രീ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

2.181 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No. 66

Smt. SISIRA T.K

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലെ എയ്ഡഡ് കോളേജുകളിൽ പ്രവർത്തിച്ചു വരുന്ന മാനേജ്മെന്റ് ഗവേർണിങ്ങ് ബോഡിയിൽ വിദ്യാർത്ഥി പ്രതിനിധികളെ കൂടി ഉൾപ്പെടുത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.182 പ്രമേയവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No. 67

Dr. R.K. BIJU moved the resolution.

ഇന്റേണൽ മാർക്ക് സമർപ്പണം, APC സമർപ്പണം തുടങ്ങി പരീക്ഷാ സമ്പന്ധമായ വിഷയങ്ങളിൽ സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന പിഴവ് മൂലം അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും സർവ്വകലാശാല ചട്ടവിരുദ്ധമായി ഫൈൻ ഈടാക്കുന്നത് പിൻവലിക്കണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.183 ശ്രീ. കെ വി ഉണ്ണികൃഷ്ണൻ പ്രമേയത്തെ പിന്താങ്ങി.

2.184 ഡോ. കെ. അജയകുമാർ, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ശ്രീ. വിജയകുമാർ വി, ശ്രീ. കെ. വിജയൻ, ഡോ. വി.പി.പി മുസ്തഫ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

2.185 വിഷയത്തിൽ എന്തെങ്കിലും പരാതി ലഭിച്ചാൽ അത് പരിഗണിക്കാമെന്ന് VC അഭിപ്രായപ്പെട്ടു.

Resolution No.68

Sri. ALBIN MATHEW moved the resolution.

മഞ്ചേശ്വരം ഗോവിന്ദപൈ കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുക കാസർഗോഡ് ജില്ലയിലെ ഭൂരിപക്ഷ ക്യാമ്പസ്സുകളിലും ആവശ്യമായ കോഴ്സു കൾ ഇനിയും അനുവദിക്കപ്പെടാത്തത് ജില്ലയിലെ ഉന്നത വിദ്യാഭ്യാസമേഖല യിലെ മുന്നോട്ട്പോക്കിനു വെല്ലുവിളിയാണ്. 38 വർഷം മുമ്പ് അന്നത്തെ മുഖ്യ മന്ത്രി ഇ.കെ. നായനാർ സർക്കാർ മഞ്ചേശ്വരത്ത് അനുവദിച്ച ഗോവിന്ദപൈ കോളേജ് വടക്കൻ മേഖലയിലെ നിരവധി വിദ്യാർത്ഥികൾക്ക് ആശ്രയകേന്ദ്രമായി രുന്നു. എന്നാൽ പിന്നീട് കാലാനുസൃതമായ മാറ്റം നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. കോഴ്സുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അപര്യാപ്തത മൂലം സാധാരണക്കാരായ വിദ്യാർത്ഥികൾ ഭീമമായ ഫീസ് നൽകി അയൽ സംസ്ഥന ങ്ങളിൽ പഠിക്കുവാൻ നിർബന്ധിതമാകുന്നു. നിലവിൽ 4 യു.ജി. 2 പി.ജി കോഴ്സുകൾ മാത്രമാണിവിടെയുള്ളത്. 6 -ഓളം പുതിയ കോഴ്സുകൾ ആരംഭി ക്കുവാനാവശ്യമായ സൗകര്യങ്ങൾ ഉണ്ടായിരിക്കെ, അടിയന്തിരമായി പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.186 ശ്രീ. കെ വിജയൻ പ്രമേയത്തെ പിന്താങ്ങി

2.187 ശ്രീ. വിജയകുമാർ വി, അഡ്വ. വി. അപ്പുക്കുട്ടൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

2.188 സെനറ്റ് പ്രമേയം അംഗീകരിച്ചു.

Resolution No.69

Sri. SATHEESHAN. P.K moved the resolution.

കണ്ണൂർ സർവ്വകലാശാല സെനറ്റ് ഒരു ഉപദേശകസമിതി മാത്രമായിട്ടാണ് ഇപ്പോൾ നിലവിലുള്ളത്. ആയത് സ്റ്റാറ്റ്യൂട്ടറി ബോഡിയായി മറ്റ് സർവ്വകലാശാലകളിലേതു പോലെ സെനറ്റിന്റെ പൂർണ്ണ അധികാരം നൽകാൻ വേണ്ട നടപടികൾ കണ്ണൂർ സർവ്വകലാശാല സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.189 ശ്രീ. സുഹൈൽ മുഹമ്മദ് ഖാലിദ് പ്രമേയത്തെ പിന്താങ്ങി.

2.190 സെനറ്റ് പ്രമേയം അംഗീകരിച്ചു.

2.191 അടിയന്തിര പ്രമേയം

2.192 ശ്രീമതി സോന പി അടിയന്തിര പ്രമേയം അവതരിപ്പിച്ചു.

2.193 പ്രമേയത്തെ 20 പേർ പിന്താങ്ങി.

2.194 ഓൺ ലൈൻ ക്ലാസുകൾ പ്രാവർത്തികമായ സാഹചര്യത്തിൽ സാങ്കേതിക സൗക ര്യങ്ങൾ ലഭ്യമാവാതെ പാർശ്വവൽക്കൃതമായി പോവുന്ന വിദ്യാർത്ഥികളുടെ പ്ര ശ്നങ്ങൾ അക്കാദമിക രംഗത്തെ പ്രധാനപ്പെട്ട വിഷയമാണ്. ലോക് ഡൗൺ സാഹചര്യത്തെ അതിജീവിച്ചാലും വിദ്യാഭ്യാസ പ്രക്രിയ ഇക്കാലത്ത് സാങ്കേതിക

സൗകര്യങ്ങളെ ഏറെ ആശ്രയിക്കുന്നതിനാൽ വിദ്യാർത്ഥികളുടെ പ്രശ്നം ന്ലനിൽക്കും. അതിനാൽ അർഹരായ വിദ്യാർത്ഥികൾക്ക് സഹായം ചെയ്യാൻ ഉതകും വിധത്തിൽ ഒരു തുക അടുത്ത ബജറ്റിൽ മാറ്റിവെക്കണമെന്ന് പ്രമേയത്തിലൂടെ യൂണിവേഴ്സിറ്റിയോട് അഭ്യർത്ഥിക്കുന്നു.

2.195 സെനറ്റ് പ്രമേയം അംഗീകരിച്ചു.

2.196 സിൻഡിക്കേറ്റിനു വേണ്ടി ഡോ. വി.പി.പി മുസ്തഫ സെനറ്റ് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

2.197 യോഗം കൃത്യം 5 മണിക്ക് അവസാനിച്ചു.

Sd/-
Vice Chancellor